UNIVERSITY LIBRARY 14 MAY 1928 MADRAS

# ഗുരുനാഥൻ

പുസ്തകം 7 | 1103 കുംഭം | ലക്കം 7

## തുഞ്ചത്തു ഗുരുനാഥനും കേരളീയരും

(ആർ. ഈശ്വരപിള്ള ബി. എ.)

"ദിവ്യന്മാർ അനേകശതവർഷങ്ങളുടെ ഉപദേഷ്ടാക്കളാകുന്നു."

എഴുത്തച്ഛനിൽനിന്നും നമ്മെ വേർതിരിക്കുന്ന സാമാന്യമായ കാലദൈർഘ്യം അദ്ദേഹത്തിന്റെ യഥാർത്ഥഗുണങ്ങളെ യഥാവൽ ഗ്രഹിക്കുന്ന വിഷയത്തിൽ നമ്മെ ഏറക്കുറെ അപ്രാപ്തന്മാരാക്കിത്തീർക്കുന്നുണ്ടു്. എന്നല്ല, കാലഭേദംകൊണ്ടു് നവംനവങ്ങളായ വസ്തുക്കൾ നമ്മുടെ ദൃഷ്ടികളെ ആകർഷിച്ചുകൊണ്ടിരിക്കുന്നതിനാൽ "ആയാതമായാതമപേക്ഷണീയം- ഗതം ഗതം സർവ്വമുപേക്ഷണീയം" എന്ന മട്ടിൽ നാം കഴിഞ്ഞതൊക്കെയും വിസ്മരിച്ചുപോകുന്നതും അത്ര അസാധാരണമല്ല. എന്നിരുന്നാലും, അമാനുഷപ്രഭാവന്മാരായ പുരുഷന്മാരെയും, അനന്യസാധാരണങ്ങളായ ലോകസംഭവങ്ങളേയും, അവയ്ക്കുള്ള ദൂരാധിരൂഢമായ ശക്തിനിമിത്തം, നമുക്കു തീരെ വിസ്മരിക്കുവാൻ സാധിക്കയില്ല. ചരിത്രങ്ങളുടെ പ്രധാനകൃത്യവും ഗതാസുക്കളായ മഹാന്മാരുടേയും അസാധാരണസംഭവങ്ങളുടേയും സ്മരണകളെ മനുഷ്യരിൽ ഉദ്ദീപിപ്പിക്കുകയാണല്ലോ. എന്നാൽ, കേരളചരിത്രം ഇനിയും എഴുതേണ്ടതായിട്ടിരിക്കുന്നതിനാൽ, ചരിത്രവഴിക്കുള്ള സ്മരണോദ്ദീപനം നമുക്കു തല്ക്കാലം അസാദ്ധ്യമായിട്ടാണിരിക്കുന്നതു്. എന്നാൽ തുഞ്ചത്തു ഗുരുനാഥനെപ്പററി ഓർമ്മിക്കുന്നതിന് അദ്ദേഹം, സ്വഹസ്തകൃതമായ സ്മാരകംതന്നെ കേരളീയർക്കു നൽകീട്ടുണ്ടു്. പക്ഷേ, അവ കാലധൂളിപാതംകൊണ്ടു് ഏറക്കുറെ ഛന്നങ്ങളായിത്തീർന്നിട്ടില്ലയോ എന്നു് അല്പം സംശയം ഉണ്ടു്. കേരളീയരായ നാം അദ്ദേഹത്തിനോടു എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നു് ഇന്നു നാം ആരെങ്കിലും ചിന്തിക്കുന്നുണ്ടോ എന്തോ? മുൻപ്രസ്താവിച്ച കാലദൈർഘ്യത്തിനു പുറമെ ഇന്നത്തെ ലോകഗതിയുടെ അസാധാരണ തള്ളലും ഈ വിഷയത്തിൽ പ്രതികൂലശക്തിയായി വർത്തിക്കുന്നുണ്ടു്. ഇന്നത്തെ തിരക്കിൽ, നമുക്കു നില്ക്കാനും ചിന്തിക്കാനും സമയം ഇല്ലല്ലോ. എന്നാൽ അവസരം ലഭിക്കുമ്പോളെങ്കിലും ഒന്നു തിരിഞ്ഞുനോക്കാതിരിക്കുന്നതു്, കൃതഘ്നതയല്ലെങ്കിൽ അതിന്റെ ഒരു പ്രധാനചിഹ്നമാണെന്നു പറയാതെ കഴികയില്ല. ഒരു വിശിഷ്ടകവി എന്ന നിലയിൽ മാ

ത്രമല്ല ഇദ്ദേഹം നമ്മെ അനുഗ്രഹിച്ചിട്ടുള്ളതു്. ഒരു ഗുരുവര്യൻ—ഭാഷാഭിമാനി—സമുദായബന്ധു—മതോപദേഷ്ടാവു്—ഭക്തൻ—യോഗി എന്നു മററുപല നിലകളിലും അദ്ദേഹം നമുക്കു് വിസ്മരിക്കാൻ പാടില്ലാത്ത ഒരു ഉപകർത്താവായിരുന്നു. കവികളാണെങ്കിൽ നമുക്കിന്നും ഇല്ലാതില്ല. എന്നാൽ, ആ സ്ഥാനത്തോടുകൂടി മററുപല വിശിഷ്ടപദങ്ങളും അവലംബിച്ചു നമുക്കു സർവ്വതോമുഖമായ അഭ്യുദയത്തിനു, ഇദ്ദേഹത്തെപ്പോലെ യത്നിച്ചിട്ടുള്ളവർ എത്രപേരുണ്ടെന്നു് അന്വേഷിക്കേണ്ടിയിരിക്കുന്നു.

ഈ വന്ദ്യഗുരുവിനോടു യഥാർത്ഥത്തിൽ നമുക്കു വല്ല ഋണബന്ധത്തിനും കാര്യമുണ്ടോ എന്നു നോക്കേണ്ടതാവശ്യമാണു്. ഇദ്ദേഹം ഒരു സ്രഗ്വിയായ സമരവിജയിയോ, നിപുണനായ രാജ്യതന്ത്രജ്ഞനോ, പൂജ്യനായ മതപ്രവർത്തകനോ മററോ ആയിരുന്നുവോ എന്നു പലരും ചോദിക്കുമായിരിക്കും. ഇതിനുത്തരം വഴിയെ പറഞ്ഞുകൊള്ളാം. ഇത്തരക്കാരെയാണല്ലോ നാം ഇന്നു അർഹമായോ അനർഹമായോ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും സന്നദ്ധന്മാരായിരിക്കുന്നതു്. എന്നാൽ അധിത്യകയിൽനിന്നു മാത്രമല്ല നമുക്കു മനുഷ്യസേവനം ചെയ്യാൻ കഴിയുന്നതു്. ഉപത്യകയിൽനിന്നും, തുല്യഫലാവഹമായ സേവനം ചെയ്യാൻ നമുക്കു സാധിക്കുമെന്നുള്ളതിനു ലോകത്തിൽ പലദൃഷ്ടാന്തങ്ങളും ഉണ്ടു്. അവയിൽ ഒന്നു് ഈ ലേഖനത്തിനു വിഷയീഭൂതനായിരിക്കുന്ന പൂജ്യപുരുഷൻതന്നെയാണു്. ഇദ്ദേഹം എന്താണു് നമുക്കു ചെയ്തിട്ടുള്ളതെന്നും അദ്ദേഹത്തിന്റെ പ്രവൃത്തിയിൽനിന്നും നമുക്കു വല്ല ഫലവും സിദ്ധിച്ചിട്ടുണ്ടോ എന്നും സംക്ഷിപ്തമായി ഇവിടെ പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു.

ഇദ്ദേഹത്തിന്റെ ജനനകാലത്തു് കേരളീയരിൽ ഒരു വലിയ വിഭാഗത്തിന്റെ സ്ഥിതി എന്തായിരുന്നുവെന്നു് ഏറക്കുറെ ഊഹിക്കാവുന്നതാണു്. "അക്ഷരാനഭിജ്ഞതാമജ്ഞതാം മൂഢതാവു"മായിരുന്നു ഇവർക്കു പൂർവ്വാർജ്ജിതമായോ സ്വാർജ്ജിതമായോ കൈവശമുണ്ടായിരുന്നമാനസികസ്വത്തു് എന്നു വിചാരിക്കാൻ പല കാരണങ്ങളും ഉണ്ടു്. ഇതുകൊണ്ടു് അനന്യഗതികരായി ഒരു വിധം തൃപ്തിപ്പെട്ടാണു് അവർ ജീവിതം നയിച്ചുവന്നതു്. ഈ നിലയിൽനിന്നും ഉയരുന്നതിനു ഇവരുടെ ചുററും പ്രബലങ്ങളായ പല പ്രതിബന്ധങ്ങളും ഇല്ലാതിരുന്നില്ല. എന്നാൽ മനുഷ്യർക്കു സഹജമായ ഉൽക്കർഷേച്ഛ, എന്നിട്ടും ഇവരെ തീരെ ത്യജിച്ചിരുന്നില്ല. പക്ഷേ, അതിനു വ്യാപാരസൗകര്യം നന്നെ കുറഞ്ഞിരുന്നു. എന്നാൽ, ഇങ്ങനെയുള്ള അനാശാസ്യസ്ഥിതികൾ ദീർഘായുസ്സില്ലന്നുള്ള തത്വം ലോകചരിത്രം പലപ്പോഴും പ്രത്യക്ഷപ്പെടുത്തീട്ടുണ്ടു്. ഈപ്രകാരമുള്ള ഘട്ടങ്ങളിലാണു ദിവ്യജ്ഞാനികളുടെ സമയോചിതമായ പ്രാദുർഭാവം ഉണ്ടാവുക. അവർക്കു് ജനസാമാന്യം കാണുന്നതിലധികം ദൂരവും, അവരുടെ സ്ഥൂലദൃഷ്ടിക്കു് അദൃശ്യമായിട്ടുള്ളവ പലതും കാണ്മാൻ കഴിവുള്ളതുകൊണ്ടു് പരിതസ്ഥിതങ്ങളായ

ദോഷങ്ങളെ യഥാവൽ ഗ്രഹിക്കയും അവയെ പരിഹരിക്കാൻ യഥാശക്തി ശ്രമിക്കയും ചെയ്വാൻ സാധിക്കുന്നു. കേരളീയരുടെ ഈ ദുർദ്ദശാവിപാകത്തിങ്കലാണു് തുഞ്ചത്തു ഗുരുവര്യന്റെ അവതാരം. ബാല്യത്തിൽതന്നെ അദ്ദേഹം തന്റെ ദിവ്യത്വത്തെ സൂചിപ്പിക്കുന്നതായ ചില പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി പറഞ്ഞുവരുന്നുണ്ടു്. ഇതിന്റെ വാസ്തവത്തെപ്പററി ഇപ്പോൾ അന്വേഷിച്ചിട്ടാവശ്യമില്ല. എന്നാൽ, അദ്ദേഹം യൗവനദശയെ പ്രാപിച്ചതോടുകൂടി തന്റെ ചുററുമുള്ള സംഗതികളെ സശ്രദ്ധം അവലോകനം ചെയ്കയും കേരളീയരുടെ അപരിഷ്കൃതസ്ഥിതിയെ ഗ്രഹിച്ചു വിഷാദിക്കയുംചെയ്തുവെന്നുള്ളതിനു തർക്കമില്ല. ആദ്യമായി, അദ്ദേഹം ഒരു ചെറിയ വൃത്തത്തിൽ സ്വജനോദ്ധാരണപരിശ്രമം ആരംഭിച്ചു. തന്റെ ഉദ്ദേശ്യസാദ്ധ്യത്തിനു പ്രബലമായ പ്രതിബന്ധം നേരിട്ടേക്കാമെന്നു ശങ്കിച്ചു തന്റെ പ്രയത്നങ്ങൾ പ്രബലന്മാരുടെ ദൃഷ്ടിയെ ആകർഷിക്കാത്തവിധത്തിൽ ആരംഭിച്ചു. ഒരു കളരിയും ഏതാനും ബാലന്മാരുമായിരുന്നു തന്റെ മഹത്തായ ഉദ്ദേശ്യസിദ്ധിക്കു് അദ്ദേഹം അവലംബിച്ചു നിസ്സാരങ്ങളായ ഉപകരണങ്ങൾ.

"ക്രിയാസിദ്ധിഃ സത്വേഭവതി
മഹതാം നോപകരണേ"

എന്നുള്ളതു് അദ്ദേഹം മനസ്സിലാക്കിയിരുന്നതായി തോന്നുന്നു. ഈ ചെറിയ വൃത്തത്തിന്റെ പരിധിക്കുള്ളിൽ അദ്ദേഹം കൊളുത്തിയ വിജ്ഞാനദീപാർച്ചിസ്സ്, കാലക്രമേണ, കേരളം ആസകലം ജാജ്വല്യമാനമാക്കിത്തീർത്തുവെന്നു് ഇന്നു പറയേണമെന്നില്ലല്ലോ. എന്നാൽ ഇന്നു പലരും ചെയ്യുന്നതുപോലെ കേരളം ഒട്ടുക്കു് സഞ്ചരിച്ചും പ്രസംഗിച്ചും മററുമല്ല അദ്ദേഹം ഇതു സാധിച്ചതു്. പ്രസംഗത്തെക്കാൾ ഫലവത്തും ബലവത്തുമായ ഒരു വാചികോപകരണമാണു് അദ്ദേഹം സ്വീകരിച്ചതു്. അദ്ദേഹത്തിന്റെ പ്രധാന ഗുരുതന്നെ "വിദുഷാമഗ്രേസരനും" അനേകം അന്തേവാസികളോടുകൂടിയ ആളും ജ്യേഷ്ഠസഹോദരനുമായ രാമൻ എന്ന ആചാര്യനായിരുന്നുവെന്നു് അദ്ദേഹം ഭക്തിപൂർവ്വം പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇദ്ദേഹത്തിന്റെ നാമം "രാമാനുജൻ" എന്നുമായിരുന്നുവത്രെ. ജന്മനാഗുരുത്വം വഹിച്ചിരുന്ന ഇദ്ദേഹം, കർമ്മണാ ഗുരുസ്ഥാനംകൂടി വഹിക്കാൻ ഇടയായതു നമ്മുടെ എഴുത്തച്ഛനു് ഒരു വിശേഷ അനുഗ്രഹമായി ഭവിച്ചു. ദിവ്യജ്ഞാനത്തോടുകൂടിയ ജനനം, ഒരു വിശിഷ്ടനും ശിഷ്ടനുമായ ഗുരുവിങ്കൽനിന്നും ആ ജ്ഞാനത്തിനു സിദ്ധിച്ച ഉത്തേജനം ഇവ മനുഷ്യനു ലഭിക്കാവുന്ന അസാധാരണങ്ങളായ ആനുകൂല്യങ്ങളാണല്ലോ. ഇവരുടെ കളരികളിലാണു കേരളീയരുടെ അദ്ധ്യാത്മപരിഷ്കാരത്തിനു് ആദ്യമായി വിളക്കുവച്ചതു്. ഉദ്ദേശസിദ്ധിക്കായി അദ്ദേഹം ചരിച്ച ഉപായം എത്രയും കാര്യക്ഷമമായിട്ടുള്ളതായിരുന്നു. കേരളീയരുടെ വിദ്യാഭ്യാസമായിരുന്നു അ

ദ്ദേഹത്തിന്റെ പ്രഥമോദ്ദേശ്യം. ഈ വഴിക്കല്ലാതെ ഒരു സമുദായത്തെയോ ജനവിഭാഗത്തെയോ ഉയർത്താൻ സാധിക്കുന്നതല്ലല്ലോ. വിദ്യാഭ്യാസം ആന്തരചക്ഷുസ്സിന്റെ ഉന്മീലനമാണ്. ഇതു സാധിച്ചാൽ സമുദായോദ്ധാരണോപായങ്ങളായ സന്മാർഗ്ഗബോധം-അദ്ധ്യാത്മജ്ഞാനം മുതലായവ സുഗമങ്ങളായി ഭവിക്കുന്നതാണ്. അന്നു കേരളീയരിൽ കുടികൊണ്ടിരുന്ന "ദാസ്യമനോഭാവ"ത്തിന്റെ മോചനത്തിനും ഇതു് ഉപയുക്തമായിരുന്നു. മേൽപറഞ്ഞവയുടെ അഭാവമാണ് അന്നത്തെ കേരളീയർക്കു ദോഷഹേതുകമായി ഭവിച്ചിരുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസരീതി ഇന്നത്തെ വിധത്തിൽ ആയിരിക്കാൻ തരമില്ലായിരുന്നു. അതു ആ കാലസ്ഥിതിക്കു സാദ്ധ്യവുമല്ലായിരുന്നു. ഇന്നത്തെപ്പോലെ ഏറെക്കുറെ അന്തസ്സാരശൂന്യങ്ങളായ പാഠ്യപുസ്തകങ്ങൾ എഴുതിക്കൂട്ടുകയോ, വൈദേശികരീതിയിലുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കയോ ചെയ്യാൻ മനസ്സുണ്ടായിരുന്നാൽതന്നെ അന്നു മാർഗ്ഗമില്ലായിരുന്നു. അഗാധചിന്തയുടെ ഫലമായി അദ്ദേഹം വരിച്ച മാർഗ്ഗം അല്പം വ്യത്യാസപ്പെട്ടിരുന്നു. സമുദായങ്ങളും വ്യക്തികളും രാഷ്ട്രങ്ങളും ലോകത്തിൽ ഉയർന്ന നിലയിലോ താണ നിലയിലോ വർത്തിച്ചുകാണുന്നതു് ആദർശങ്ങളുടെ ഔൽകൃഷ്ട്യത്തെയോ നികൃഷ്ടതയെയോ ആശ്രയിച്ചാണെന്നുള്ള തത്വം അദ്ദേഹം ഗ്രഹിച്ചിരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രധാന കൃത്യം ഉത്തമാദർശങ്ങളെ ലോകചിത്തത്തിൽ വാപനം ചെയ്കയാണല്ലോ? അപ്രകാരമല്ലാത്ത വിദ്യാഭ്യാസം അഫലവൃക്ഷങ്ങളെപ്പോലെ പ്രയോജനശൂന്യമായി ഭവിക്കുന്നു. ദിവ്യചക്ഷുസ്സോടുകൂടിയ നമ്മുടെ ഗുരുവര്യന് ഇതു ഗ്രഹിക്കാൻ പ്രയാസമില്ലായിരുന്നു. അതുകൊണ്ടു മൂർത്തിമത്തുക്കളായ ആദർശങ്ങളെ ജനസമക്ഷം സമർപ്പിക്കണമെന്നായിരുന്നു അദ്ദേഹം തീർച്ചയാക്കിയതു്.

മലയാളഭാഷയുടെ അന്നത്തെ സ്ഥിതിയും വളരെ ശോച്യമായിരുന്നു. ഭാഷാമുഖേന വേണമല്ലോ ആദർശങ്ങളെയും ആശയങ്ങളെയും മനുഷ്യഹൃദയത്തിലേക്ക് അവതരിപ്പിക്കുവാൻ. അതുകൊണ്ടു് ആ വിഷയത്തിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിക്കേണ്ടതായിവന്നു. സാഹിത്യങ്ങളാണെങ്കിൽ കേവലം ശൂന്യമല്ലെങ്കിലും ഗണ്യമായി അധികം ഒന്നും ഉണ്ടായിരുന്നില്ല. പദങ്ങളാണെങ്കിൽ സംഖ്യയിലും തരത്തിലും പരിമിതവും ആശയപ്രകാശനത്തിന് ഏറ്റവും അപര്യാപ്തവുമായിരുന്നു. ഉള്ളവയ്ക്കു് അല്പം ശാണോല്ലേഖനവും ആവശ്യമായിരുന്നു. അജ്ഞന്മാർ കൈകാര്യം ചെയ്യുന്നതും സാഹിത്യസരണിയിലേക്കു ആകർഷിക്കപ്പെടാതെ സംഭാഷണത്തിനുമാത്രം ഉപയോഗപ്പെട്ടുവന്നതും ആയ പദങ്ങൾക്കു രൂപവൈകല്യം വരുന്നതു സഹജമാണല്ലോ. ഈവക ന്യൂനതകളെ പരിഹരിച്ചും ഭാഷയ്ക്കു് അല്പം ഗൗരവവും മനോഹാരിതവും നൽകേണ്ടതായും ഇരുന്നു. ഇതിലേക്ക് ഒരു ഇതരഭാഷയുടെ ആദാനം അത്യാവശ്യമായിരുന്നു. മലയാളഭാഷയോടു്

അല്പമെങ്കിലും സമ്പർക്കമുള്ളതായിട്ടുണ്ടായിരുന്നതു തമിഴു സംസ്കൃതം ഈ ഭാഷകളായിരുന്നു. തമിഴ് ഒരു പുഷ്ടിയുള്ള ഭാഷയായിരുന്നുവെങ്കിലും അതിനു സംസ്കൃതത്തെപ്പോലെ ഗൗരവമോ സാഹിത്യസമൃദ്ധിയോ അന്നുണ്ടായിരുന്നില്ല. അതും സംസ്കൃതത്തെ ആശ്രയിച്ചിരുന്നു. അതിനാൽ നമ്മുടെ ഗുരുവര്യന്റെ ശ്രദ്ധ സംസ്കൃതത്തിലേക്കാണ് പ്രധാനമായി ആകർഷിക്കപ്പെട്ടതു്. ഇദ്ദേഹം തനിക്കു നേരിട്ടിരുന്ന പ്രബലമായ പ്രതിബന്ധം കൂട്ടാക്കാതെ സംസ്കൃതത്തിൽ അസാമാന്യവൈദുഷ്യവും സമ്പാദിച്ചിട്ടുണ്ടായിരുന്നു. തമിൾദേശങ്ങളിൽ സഞ്ചരിച്ചു് അതിലെ സാഹിത്യങ്ങളെയും അവഗാഹനം ചെയ്തിരുന്നു. ഇതിന്റെ ഫലമായി മലയാളഭാഷയെ സംസ്കൃതത്തോടു ഘടിപ്പിക്കയാണ് ഉദ്ദേശ്യസിദ്ധിക്കുപയുക്തമായിട്ടുള്ള മാർഗ്ഗമെന്നു് അദ്ദേഹം തീർച്ചയാക്കി. അജ്ഞാനനിരാകരണവും ആദർസംഗ്രഹണവും ഭാഷമുഖേനയല്ലാതെ സാധിക്കാവുന്നതല്ലല്ലോ. അതുകൊണ്ടു ഭാഷയെ സംസ്കരിക്കയും ഉത്തമാദർശനിബിഡങ്ങളായ സംസ്കൃതഗ്രന്ഥങ്ങൾ ഭാഷപ്പെടുത്തുകയും ചെയ്യണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ഉൽകൃഷ്ടാദർശങ്ങൾക്കു പുറമെ സന്മാർഗ്ഗോപദേശങ്ങളും അദ്ധ്യാത്മതത്വങ്ങളും കൊണ്ടു സങ്കീർണ്ണങ്ങളായ അദ്ധ്യാത്മികസാഹിത്യത്രിതയത്തെ അദ്ദേഹം സരസമധുരമായ വിധത്തിൽ ഭാഷയിലേക്കു് അവതരിപ്പിച്ചു. വേദങ്ങളും ശാസ്ത്രങ്ങളും വേദാന്തസിദ്ധാന്തങ്ങളുമൊക്കെയും അദ്ദേഹം ഗ്രഹിച്ചിരുന്നുവെങ്കിലും അവ സാമാന്യബുദ്ധിക്കു ഗഹനങ്ങളാകകൊണ്ടും "വേദശാസ്ത്രങ്ങൾക്കധികാരമില്ല"നുള്ള ശങ്കകൊണ്ടും കഥകളും ഉപാഖ്യാനങ്ങളും സംക്ഷിപ്തചരിത്രങ്ങളും ആദർശങ്ങളും ദൃഷ്ടാന്തങ്ങളും ധാരാളം ഉള്ളവയും അവിടവിടെ അദ്ധ്യാത്മതത്വശകലങ്ങൾകൊണ്ടു പരിലസിതങ്ങളും തന്മൂലം ഉന്മേഷജനകങ്ങളും രസാവഹങ്ങളും ആസ്വാദ്യമധുരങ്ങളുമായ രാമായണം, ഭാരതം, ഭാഗവതം ആദിയായ ഉത്തമഗ്രന്ഥങ്ങളെയാണ് "ബോധഹീനന്മാക്കറിവാനായ്ക്കൊണ്ടു" അദ്ദേഹം ഭാഷയായി ചമച്ചതു്. പാരായണസൗകര്യത്തിനുവേണ്ടി ഗദ്യത്തോടെത്രയും അടുത്ത ഒരു രീതിയിലും എന്നാൽ പദ്യത്തിന്റെ നിയമങ്ങളെ അനുസരിച്ചും "കിളിപ്പാട്ടു" എന്നുള്ള ഒരു മട്ടിലാണ് അദ്ദേഹം ഇവയെ ഭാഷപ്പെടുത്തിയതു്. ഇവയാണു തുഞ്ചത്തു ഗുരുനാഥൻ കേരളീയർക്കുവേണ്ടി നിർമ്മിച്ച ആദ്യപാഠ്യപുസ്തകങ്ങൾ. അവ ബാലന്മാർ മുതൽ വൃദ്ധന്മാർവരെ സ്ത്രീപുരുഷഭേദം കൂടാതെ അദ്ധ്യയനം ചെയ്യത്തക്കവയുമായിരുന്നു. ആശാന്മാരും കളരികളും കരകൾതോറും ഉണ്ടായിരുന്നതുകൊണ്ടു സാമാന്യമായ ഒരു അക്ഷരജ്ഞാനം അന്നു ജനങ്ങൾക്കുണ്ടായിത്തുടങ്ങിയിരുന്നു. ഇന്നത്തെ മുദ്രണോപകരണങ്ങൾക്കു പകരം അന്നു താളിയോലയും നാരായവുമാണുണ്ടായിരുന്നതു്. അതുകൊണ്ടു ഗ്രന്ഥങ്ങൾ പകർത്തുന്നതിൻ അല്പം താമസം ഉണ്ടായിരുന്നുവെന്നു പറയാം. എങ്കിലും അതു അവയുടെ അത്യാദർശമായ ആകർഷണീ

യതുനിമിത്തം സകല കേരളഗൃഹങ്ങളിലും അചിരേണ പ്രവേശനം സമ്പാദിച്ചു. പകൎത്തുന്ന ചുമതല ആശാന്മാരാണു് പ്രായേണ വഹിച്ചുവന്നതു്. വായനക്കാരും മിക്കവാറും ഇവർതന്നെയായിരുന്നു. സന്ധ്യാസമയത്തു ഗൃഹങ്ങളുടെ പുരോഭാഗത്തു്, പതിവായി വയ്ക്കുന്ന വിളക്കിന്റെ ചുററും ചെറിയ ചെറിയ സഭകൾകൂടി ഭക്തിപൂൎവ്വം ഈ അദ്ധ്യാത്മഗാനം പാടിയും കേട്ടും രസിച്ചുവന്നു. വായിക്കുന്ന ആളോ അല്ലാത്തപക്ഷം മറെറാരാളോ അൎത്ഥം പറയുകയും ചെയ്തുവന്നു. അക്ഷരജ്ഞാനമില്ലാത്തവരും ഇതിൽ ഭാഗഭാക്കുകളായിരുന്നു. എഴുത്തച്ഛന്റെ കിളിപ്പാട്ടിനുള്ള ഒരു വിശേഷം അതു് കഥാസന്ദൎഭത്തിനനുരൂപമായ വികാരത്തെ ജനിപ്പിക്കുന്ന ഏതു രാഗത്തിലും, കൎണ്ണാനന്ദകരമായ വിധത്തിൽ ഗാനം ചെയ്വാൻ സാധിക്കുമെന്നുള്ളതാണു്. ഈ സംഗതി സ്വതേയുള്ള അതിന്റെ ആകൎഷണീയതയെ ദ്വിഗുണീഭവിപ്പിച്ചു. കവിതയുടെ മാധുൎയ്യംവഴിക്കും കഥയുടെ മാഹാത്മ്യംവഴിക്കും ഈ കൃതികളിൽ സംഗ്രഹിക്കപ്പെട്ടിട്ടുള്ള ആദൎശങ്ങളും സന്മാൎഗ്ഗോപദേശങ്ങളും അദ്ധ്യാത്മതത്വങ്ങളും കേരളീയരുടെ ഉള്ളിലേക്കു ആവാഹിക്കപ്പെട്ടു. ഇപ്രകാരമാണു് ഏറക്കുറെ അജ്ഞന്മാരായിരുന്ന കേരളീയൎക്കു ജ്ഞാനോന്മുഖമായ ഒരു പ്രബോധനം ലഭിച്ചതു്. പ്രസുപ്തങ്ങളായികിടന്നിരുന്ന ആകാംക്ഷകൾ, നിൎവ്വഹണമാൎഗ്ഗം ഇല്ലാതിരുന്ന ഉൽക്കൎഷേച്ഛകൾ, അസ്ഫുടമായിരുന്ന സന്മാൎഗ്ഗബോധം, അവ്യക്തമായിരുന്ന മതബോധം, ഇവയൊക്കെയും ഇതോടുകൂടിത്തന്നെ ഉണൎന്നു് അതാതിന്റെ വഴിക്കു വികസിക്കുവാൻ തുടങ്ങി. കേരളീയരുടെ അജ്ഞാനനിശയുടെ അവസാനവും അവരുടെ അഭ്യുദയത്തിന്റെ അഹൎമ്മുഖവും ഈ ഘട്ടത്തിലാണു് ഉണ്ടായതു്. എഴുത്തച്ഛന്റെ അനന്യസദൃശമായ അദ്ധ്യാത്മഗാനമാണു കേരളീയരുടെ മാനസികവും ആത്മീയവുമായ സംസ്കാരത്തിനു നിദാനമായി ഭവിച്ചതെന്നു പറയുന്നതിൽ അതിശയോക്തി ഉണ്ടെന്നു തോന്നുന്നില്ല. യഥാൎത്ഥസാഹിത്യം രണ്ടു വിധത്തിൽ മനുഷ്യനെ സഹായിക്കുന്നു. അതു മനുഷ്യരുടെ ജ്ഞാനത്തിന്റെ പരിധിയെ വിസ്താരപ്പെടുത്തുന്നതിനും പുറമെ അസംസ്കൃതങ്ങളും തന്മൂലം ഉന്മാൎഗ്ഗോന്മുഖങ്ങളുമായി വൎത്തിക്കുന്ന വികാരവിചാരങ്ങളേയും ആദൎശങ്ങളേയും മററും സംസ്കരിച്ചു നേൎവഴിക്കു നയിക്കുന്നതിനും ഉപയോഗപ്പെടുന്നു. തുഞ്ചത്തു ഗുരുനാഥന്റെ സാഹിത്യത്തിനു അതിന്റെ കവിതാചാതുൎയ്യം, നവീനത്വം, അദ്ധ്യാത്മസ്വഭാവം ഇവകൊണ്ടു കേരളീയരുടെമേൽ ഒരനന്യസാമാന്യമായ പ്രേരണാശക്തിയുണ്ടായിരുന്നതിനാൽ അവർ സന്മാൎഗ്ഗത്തിലേക്കു് അനായാസേന ആകൎഷിക്കപ്പെട്ടു എന്നുള്ളതിനു സംശയം ഇല്ല. അദ്ദേഹത്തിന്റെ രാമായണം മുതലായ ഗ്രന്ഥങ്ങൾ സകല കേരളീയരുടേയും ഗൃഹാന്തൎഭാഗത്തിൽ എന്നപോലെ ഹൃദയാന്തൎഭാഗത്തിലും സ്ഥാനം പിടിച്ചു. ബാലന്മാൎക്കു സങ്കീൎത്തനമായും, യുവാക്കന്മാൎക്കു

സംഗീതമായും വൃദ്ധന്മാൎക്കു നിത്യസ്തോത്രമായും സ്ത്രീകൾക്കു ദൃഷ്ടാന്തപാഠമായും എല്ലാവൎക്കും ആനന്ദപീയൂഷവാപിയായും ഭവിച്ചു. ഇന്നും ഈ കൃതികൾ മാധുൎയ്യംകൊണ്ടും മാഹാത്മ്യംകൊണ്ടും മലയാളഭാഷയിൽ അനുപമവൈശിഷ്ട്യം വഹിച്ചു നില്ക്കുന്നു. അവയ്ക്കു കേരളീയരുടെ മേലുള്ള പ്രേരണാശക്തി ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രചാരം വൎദ്ധിച്ചകാലംവരെയ്ക്കും വിടാതെതന്നെ നിന്നു. എന്നാൽ വിദ്യാഭ്യാസം നമ്മിൽ ജനിപ്പിച്ച അനുകരണഭ്രമംകൊണ്ടും രുചിഭേദംകൊണ്ടും ആ പ്രേരണാശക്തി ഇന്നു ക്ഷയോന്മുഖമായിട്ടാണിരിക്കുന്നതു്. എങ്കിലും അതു സാമാന്യം ദീൎഘകാലം കേരളീയരായ നമ്മിൽ നിൎബ്ബാധമായി വ്യാപരിച്ചതുകൊണ്ടു് അതിനു അഭിലഷണീയമായ—മാനസികവും—സാന്മാൎഗ്ഗികവും ആത്മീകവുമായ—ഒരു മാററം വരുത്തുന്നതിനു സാധിച്ചു. ഇന്നത്തെ ഭൗതികപരിഷ്കാരം തീരെ ഉന്മാൎജ്ജനം ചെയ്യാതെ വല്ല പ്രേരണാശക്തിയും ശേഷിച്ചുകിടപ്പുണ്ടെങ്കിൽ, അതു തുഞ്ചത്തു ഗുരുനാഥന്റെ ദിവ്യാനുഗ്രഹത്തിന്റെ ഫലമാണെന്നു തീൎച്ചയായും പറയാം. എഴുത്തച്ഛൻ കേവലം ഒരു സാഹിത്യകാരൻ മാത്രമല്ലായിരുന്നു. അദ്ദേഹം ഒരു സ്വദേശാഭിമാനിയും, സമുദായോദ്ധാരകനും, ഭാഷാഭിമാനിയും, യോഗിയും, ഭക്തനും, വേദാന്തിയും ഒരദ്ധ്യാപകനും മററു പലതും കൂടിയായിരുന്നുവല്ലോ. അദ്ദേഹം നമ്മെപ്പോലെ ജീവിതത്തിന്റെ ഒരു വശംമാത്രം വികസിപ്പിച്ച ഒരാളല്ലായിരുന്നു. ജീവിതത്തിന്റെ നാനാമുഖങ്ങളേയും തുല്യമായ വിധത്തിൽ ഉല്പ്രൗഢങ്ങളും സ്ഫുടങ്ങളും വികസിതങ്ങളുമാക്കിയിരുന്നു. മനസ്സിന്റെ നാനാമുഖത്വമാണു് ദിവ്യന്മാരുടെ പ്രധാനലക്ഷണം. അവരുടെ കുശാഗ്രബുദ്ധിക്കു് ഏതു മാൎഗ്ഗവും അപാവൃതമായിത്തന്നെ ഇരിക്കും. ഈ വിശിഷ്ടഗുണമാണു് അവരെ ലോകോദ്ധാരണത്തിനു പ്രാപ്തരാക്കിത്തീൎക്കുന്നതു്. വിവിധസ്വഭാവത്തോടുകൂടിയ ജനസമുദായത്തെ സ്വാധീനപ്പെടുത്തി നേൎവഴി നയിക്കുന്നതിനായിട്ടാണു് ഇടയ്ക്കിടെ ലോകത്തിൽ ഈ പ്രകാരമുള്ള ദിവ്യന്മാരുടെ ആവിൎഭാവം. ഇങ്ങിനെയുള്ളവരുടെ അവതരണം ഒരു ശതാബ്ദത്തിൽ പക്ഷെ ഒന്നോ രണ്ടോ മാത്രമേ ഉണ്ടാകയുള്ളു. എന്തുകൊണ്ടെന്നാൽ, അവരുടെ പ്രേരണാശക്തി പ്രായേണ ചിരകാലീനമാണല്ലോ. ഒരു ദിവ്യജ്ഞാനി അനേകശതവൎഷങ്ങളുടെ ഉപദേഷ്ടാവാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇദ്ദേഹം അജ്ഞാനസമരവിജയിയും, അദ്ധ്യാത്മരാജ്യതന്ത്രജ്ഞനും കേരളീയൎക്കു പ്രഥമമതോപദേഷ്ടാവുമായിരുന്നു. ഈ നിലകളിലും അദ്ദേഹം കേരളീയൎക്കു ആരാധ്യനാണു്. പാശ്ചാത്യപരിഷ്കാരത്തിന്റെ ഭൗതികാവരണത്തിനിടയിൽകൂടി നോക്കിയാൽ ഈ വിജ്ഞാനജ്യോതിസ്സു് അല്പം മങ്ങി കണ്ടേക്കാം. പക്ഷേ കണ്ടില്ലെന്നും വരാം. എന്നാൽ രജോനിമീലിതമല്ലാത്ത ദൃഷ്ടിക്കു അതിന്നും ജാജ്വല്യമാനമായിത്തന്നെ ഇരിക്കുന്നുണ്ടു്. നമ്മുടെ സ്തനന്ധയിയായ ബുദ്ധിക്കു് അദ്ദേഹത്തിന്റെ

മാഹാത്മ്യത്തെ ഗ്രഹിക്കുന്നതിനു പ്രാപ്തിയില്ലായിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ ജന്മസ്ഥാനം നോക്കി "അന്ധകാരങ്ങളകന്നാനന്ദമുദിക്കണം" എന്നു പ്രാർത്ഥിച്ചു നമസ്കരിക്കാൻ സാധിക്കുന്നതാണ്.

അദ്ദേഹം സൃഷ്ടിച്ച സന്മാർഗ്ഗവായുമണ്ഡലം നാം ഇന്നും ശ്വസിക്കുന്നു. അദ്ദേഹം കൊളുത്തിയ അദ്ധ്യാത്മപ്രദീപം ഇന്നും നമ്മെ നയിക്കുന്നു, അദ്ദേഹം സംസ്കരിച്ച ഭാഷ നാം ഇന്നും സംസാരിക്കുന്നു. അദ്ദേഹം തെളിച്ച മാർഗ്ഗത്തിൽ നാം ഇന്നും ചരിക്കുന്നു. അദ്ദേഹം രചിച്ച "ശുകഗീത" നാം ഇന്നും ഗാനം ചെയ്യുന്നു. അദ്ദേഹം കാണിച്ചുതന്ന ആദർശങ്ങൾ ഇന്നും നമ്മുടെ മുമ്പിൽ വിളങ്ങുന്നു. അദ്ദേഹം വിതച്ച വിജ്ഞാനബീജങ്ങൾ മുളച്ചുതഴച്ചു ദലസുമഫലാഢ്യങ്ങളായി ഇന്നു വിലസുന്നു. അദ്ദേഹം സൃഷ്ടിച്ച "നവകേരള"ത്തിൽ ഇന്നും നാം നിവസിക്കുന്നു. എന്നാൽ ആ പുണ്യപുരുഷനെ നാം ഇന്നു യഥാവൽസ്മരിക്കുന്നുണ്ടോ? അജ്ഞാനമലപങ്കംകൊണ്ടു ദൂഷിതമായിരുന്ന കേരളീയരുടെ മനസ്സിനെ ജ്ഞാനതോയംകൊണ്ടു ക്ഷാളനം ചെയ്തു നിർമ്മലമാക്കിയ ആ ശ്രീഗുരുവിനോടു നമുക്കുള്ള കടം എങ്ങിനെ തീരും?

ഭാഷാസാഹിത്യം ഇന്നു പല വഴിക്കും തിരിഞ്ഞിട്ടുണ്ട്. നമ്മുടെ സാഹിത്യാഭിരുചിയും മാറിവന്നിരിക്കയാണ്. അദ്ധ്യാത്മചിന്ത കുറഞ്ഞും ഭൗതികഭോഗാസക്തി വളർന്നും വരികയാണ്. പുതിയതരം വിദ്യാലയങ്ങളും പാഠ്യപുസ്തകങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സാഹിത്യകാരന്മാരുടെ സംഖ്യയ്ക്കു കണക്കില്ല. കവിതകളാണെങ്കിൽ അതിലും അധികം. അതിലും അധികമാണു പ്രശംസകന്മാർ. ഇവരെ കൂടാതെ കഴികയില്ലല്ലോ. ഒരു മഹാൻ പറയുന്നതുപോലെ "മനുഷ്യരെല്ലാവരും പ്രശംസാലോഭഗ്രസ്തന്മാരായിത്തീർന്നിരിക്കുന്നു." ഒരു ഗ്രന്ഥം എഴുതിയാൽ അവതാരികാരൂപത്തിലോ അഭിപ്രായവേഷത്തിലോ പ്രശംസകിട്ടാതിരുന്നാൽ നമുക്ക് ഉറക്കമില്ല. എന്നാൽ ഒരു സമാധാനം ഉള്ളത് അതിനു സന്നദ്ധന്മാർ ഇല്ലാതില്ലെന്നുള്ളതാണ്. ഇങ്ങിനെ ഇരിക്കുന്ന ഇക്കാലത്ത്, അവതാരികയുമില്ല—അഭിപ്രായവുമില്ല—പ്രശംസയുമില്ലാതിരിക്കുന്ന നമ്മുടെ ഗുരുനാഥന്റെ കൃതികളെ ആരെങ്കിലും ആദരിക്കുമോ? വായിക്കുവാൻ തുനിയുമോ? പഠിക്കുമോ? അവഗാഹനം ചെയ്യുമോ? സംശയമാണ്. എന്നാൽ കേരളീയർക്ക് ഒരു ഭാഷ നൽകിയതും അദ്ധ്യാത്മജ്ഞാനം സന്മാർഗ്ഗബോധം ഇവയ്ക്കടിസ്ഥാനമിട്ടതും, സാഹിത്യത്തിന്റെ മാധുര്യവും ഗാംഭീര്യവും കാണിച്ചുതന്നതും, അവരെ പരിഷ്കൃതസ്ഥിതിയിലേക്കു വഴി കാണിച്ചതും ആയ ആ പുണ്യാത്മാവിനെ, നാം സ്മരിക്കയാണെങ്കിലും, വിസ്മരിക്കയാണെങ്കിലും, ഗണിക്കയാണെങ്കിലും അവഗണിക്കയാണെങ്കിലും, അദ്ദേഹത്തിന്റെ മാഹാത്മ്യത്തിന് അല്പമെങ്കിലും കുറവുണ്ടാകാൻ തരമില്ല. വല്ല കുറവുമുണ്ടെങ്കിൽ നമുക്കു മാത്രമേ വരാൻ ഇട

യുള്ളൂ. മധുവിന്റെ മാധുരിയേയും പുഷ്പത്തിന്റെ സുരഭിയേയും നാം അറിവാൻ ഭാവമില്ലെങ്കിൽ അതു നമ്മുടെ അന്ധത്വമാകുന്നെന്നല്ലാതെ വരികയില്ലല്ലോ.

# വിദ്യാഭ്യാസത്തിന്റെ മൂലതത്വങ്ങൾ.

(എം. എൻ. ദാമോദരൻ നായർ.)

## 1. മനുഷ്യഹൃദയം

വിദ്യാഭ്യാസത്തിന്റെ അസ്ഥിവാരം മനഃശാസ്ത്രാഭ്യസനമാണ്. ശിശുക്കൾ, യുവാക്കന്മാർ, പ്രായപൂർത്തിയായവർ ഇവരുടെയെല്ലാം മനസ്ഥിതി മനസ്സിലാക്കണം. വിദ്യാസമ്പാദനത്തിന് ഉപകരണമായ മനസ്സിനെ അഗണ്യമാക്കിത്തള്ളുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായവും പ്രയോജനകരമല്ല. വിദ്യാഭ്യാസപരമായ തത്വങ്ങളുടെ സംപൂർത്തിയിൽമാത്രം സംസ്ഥാപിതമായിട്ടുള്ള ഏതു വിദ്യാഭ്യാസസമ്പ്രദായവും സമ്പൂർണ്ണസജ്ജീകരണത്തോടുകൂടിയ ഒരു മനസ്സിനെ സൃഷ്ടിക്കുന്നതിനേക്കാൾ ബുദ്ധിശക്തിയുടെ വളർച്ച തടയുകയും, മാനസവികാസത്തെ മന്ദീഭവിപ്പിക്കുകയും ചെയ്വാനാണിടയുള്ളതു്. എന്തെന്നാൽ, അദ്ധ്യാപകന് ഇടപെടേണ്ടതു ചിത്രകാരനേയോ, ശില്പിയേയോപോലെ നിർജ്ജീവവസ്തുക്കളോടല്ല. പ്രത്യുത, വികാരപ്രധാനമായതും ചൈതന്യപൂർണ്ണവുമായ ഒരു വസ്തുവിനോടാണ്. വിദ്യാഭ്യാസസംബന്ധമായ ഒരു വിശിഷ്ടവസ്തുവിനെ, മാനുഷികതടികൊണ്ടോ, പാഷാണഖണ്ഡംകൊണ്ടോ നിർമ്മിക്കുവാൻ എത്ര സമർത്ഥനായ അദ്ധ്യാപകനും അപ്രാപ്തനാണ്. മനുഷ്യന്റെ മനസ്ഥിതി അനുനിമിഷമെന്നപോലെ വ്യതിചലിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ അപൂർണ്ണനാണ്. അവന്റെ ദൌർബല്യം നാം ഏറെക്കുറെ വകവച്ചുകൊടുക്കേണ്ടതായിട്ടുമുണ്ടു്.

യൂറോപ്പിലെ വിദ്യാഭ്യാസസമ്പ്രദായം പുരാതനകാലത്തെ നിരവധി വിദ്യാഭ്യാസസമ്പ്രദായങ്ങളിൽ മികച്ച ഒന്നാണെന്നു നിരാക്ഷേപം പറയാം. എന്നാൽ അതിലും കുററങ്ങളും കുറവുകളും ധാരാളമുണ്ടുതാനും. മനഃശാസ്ത്രത്തിന്റെ പ്രാമാണ്യത്തെ ഗണ്യമാക്കിയിട്ടില്ലാത്തതു് ഇതിന് ഒരു വലിയ കളങ്കമാണ്. ഇതിന്റെ ഫലമായി ഉണ്ടാകാവുന്ന ഭയങ്കരവിപത്തുകളിൽനിന്നു രക്ഷ നേടുന്നതിന് ഏതാനും മാർഗ്ഗങ്ങൾ അവർ സ്വീകരിച്ചിട്ടുണ്ടു്. യൂറോപ്പിലെ വിദ്യാർത്ഥികൾ അവിടത്തെ വിദ്യാഭ്യാസരീതി അപ്പടി അനുഗമിക്കുന്നില്ല. ശിക്ഷയിൽനിന്നു വിമുക്തരാകുന്നതിനോ, പരീക്ഷയിൽ ജയിക്കുന്നതിനോ അവശ്യം വേണ്ടിടത്തോളം മാത്രമേ അവർ പഠിക്കുന്നുള്ളൂ. യൂറോപ്പിൽ കായികാഭ്യസനത്തിനു നല്കിയിട്ടുള്ള സർവ്വപ്രാധാന്യം ഈ വിപത്തിനെ ദൂരവൽക്കരിക്കുന്നതിനു സഹായിക്കുന്നു.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഭാരതീയവിദ്യാൎത്ഥികളുടെ ശരീരം, ഹൃദയം, സ്വഭാവം ഇവയ്ക്കു വരുത്തിയിട്ടുള്ള ദൂഷ്യഫലങ്ങൾ അനിഷേധനീയമാണ്. ദേശീയമായ ഒരു വിദ്യാഭ്യാസപദ്ധതി രൂപവൽക്കരിക്കുമ്പോൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതു്, യൂറോപ്പിലെ അഭ്യസനസമ്പ്രദായത്തിന്റെ മൂലതത്വങ്ങൾ അനുസരിച്ചും, എന്നാൽ കാണാതെ പഠിക്കുന്നതിനും, സാമാന്യാതീതമായ ക്ലേശം അനുഭവിക്കുന്നതിനും ഇടയാക്കുന്ന ദോഷഭാഗങ്ങൾ ദൂരീകരിച്ചും ഒരു സമ്പ്രദായം സ്വീകരിക്കുന്നതിനാണ്. കാണാതെ പഠിച്ചു് അതു് അപ്പടി ഛർദ്ദിച്ചുവച്ചു പരീക്ഷയിൽ ജയിക്കുന്നതുകൊണ്ടു ബുദ്ധിവികാസമോ ജ്ഞാനസമ്പാദനമോ സാധിക്കുന്നില്ല. അതിനാൽ വിദ്യാഭ്യാസപരിഷ്കരണത്തിനു തയ്യാറാകുമ്പോൾ രണ്ടു കാൎയ്യങ്ങൾ പ്രധാനമായി ആലോചിക്കേണ്ടതുണ്ടു്. ഒന്നാമതു്, വിജ്ഞാനസമ്പാദനത്തിനുള്ള ഉപകരണത്തെക്കുറിച്ചു് ആലോചിക്കണം. രണ്ടാമതു്, സ്വാഭാവികവും ക്ലേശരഹിതവും ഗുണഭൂയിഷ്ഠവുമായ അഭ്യസനരീതി ആരാഞ്ഞറിയണം. ഈ കാലത്തു വളരെ ജോലികൾ നാം ചെയ്യേണ്ടതുണ്ടു്. അതിനു സ്വയം സജ്ജീകരിക്കുന്ന പരിശ്രമത്തിൽ പരാജയം സമ്പാദിക്കാതിരിക്കണമെങ്കിൽ വിദ്യാഭ്യാസപരമായ ഉപകരണങ്ങളെയും ഉപായങ്ങളെയും ഒരുപോലെ പ്രയോജനകരമാക്കിച്ചെയ്യണം. ഒന്നാമതു വേണ്ടതു്, മാനസികശക്തികളെ പരിപോഷിപ്പിക്കുന്നതിനു സാധാരണവും സുഗമവുമായ രീതികൾ സ്വീകരിക്കുകയാണ്. അതു കഴിഞ്ഞിട്ടു മാത്രമേ അടുത്ത പടിയിൽ പ്രവേശിക്കാവൂ. മാനസികശക്തികൾ ശരിയായി പരിപുഷ്ടമായ ശേഷം അവയുടെ സഹായത്തോടുകൂടി ബുദ്ധിശക്തി പലതരത്തിൽ വളൎത്തുകയും അതുകൊണ്ടു് ഓരോ കാൎയ്യങ്ങൾ സാധിക്കുകയും ചെയ്യാം.

യഥാൎത്ഥ വിദ്യാഭ്യാസത്തിന്റെ പ്രാഥമികവും പ്രധാനവുമായ തത്വം ഒന്നുംതന്നെ അദ്ധ്യേതാക്കളെ പഠിപ്പിക്കുന്നതിനു സാധിക്കയില്ല എന്നതാണ്. അദ്ധ്യാപകന്റെ ജോലി അഭ്യസിപ്പിക്കുകയല്ല, പ്രത്യുത വിദ്യാൎത്ഥിയെ സഹായിക്കുക മാത്രമാണ്. അദ്ദേഹത്തിന്റെ കൃത്യം ആജ്ഞാപിക്കുകയല്ല, പിന്നെയോ, നിൎദ്ദേശിക്കുകയാകുന്നു. ജ്ഞാനസമ്പാദനത്തിനുള്ള സുഗമമായ പന്ഥാവു ചൂണ്ടിക്കാണിക്കുകയും ആ ജ്ഞാനം ഏതുവിധം ഉപയോഗിക്കണമെന്നു നിൎദ്ദേശിക്കുകയും മാത്രമാണ് അദ്ധ്യാപകന്റെ ധൎമ്മം. ഈ തത്വമനുസരിച്ചുള്ള വിദ്യാഭ്യാസം ബാലനും യുവാവിനും, പുരുഷനും സ്ത്രീക്കും ഒരുപോലെ അനുയോജ്യമാകുന്നു. അദ്ധ്യേതാവിന്റെ പ്രായവ്യത്യാസം അദ്ധ്യാപകന്റെ ജോലിയുടെ ഉദ്ദേശ്യതത്വത്തെ അല്ലാതെ ഒട്ടൽപ്പം അശേഷം ബാധിക്കുന്നില്ല. അദ്ധ്യാപകൻ, അദ്ധ്യേതാവിന്റെ ഹൃദയത്തിനു പരിശീലനം നൽകുവാൻ അശക്തനാണ്. ജ്ഞാനസമ്പാദനത്തിനുള്ള മാൎഗ്ഗങ്ങൾ ഏതുവയെന്നു കാണിച്ചുകൊടുക്കുകയും, തത്സമ്പാദനത്തിനു സഹായിക്കുകയും, പ്രോത്സാഹിപ്പി

ക്കുകയും ചെയ്യുന്നതാണ് അദ്ധ്യാപകന്റെ ധൎമ്മം. ജ്ഞാനം ഒരു ശിഷ്യനിൽ കുത്തിവയ്ക്കുന്നതിനു സാധിക്കയില്ല; ജ്ഞാനസമ്പാദനമാൎഗ്ഗം ഇന്നതാണെന്ന് അദ്ധ്യേതാവിനെ ധരിപ്പിക്കാൻ കഴിയുന്നപക്ഷം ഒള്ളു് അദ്ധ്യാപകനു ചാരിതാൎത്ഥ്യത്തിനവകാശമുണ്ടു്.

അദ്ധ്യയനം സംബന്ധിച്ച രണ്ടാമത്തെ തത്വം, അദ്ധ്യാപകൻ വിദ്യാൎത്ഥികളുടെ ഹൃദയഗതി ശരിയായി മനസ്സിലാക്കണമെന്നതാണ്. മാതാപിതാക്കളുടേയോ, മററു ഗുരുജനങ്ങളുടേയോ ഹിതാനുസരണം ബാലവിദ്യാൎത്ഥികളെ വാൎത്തെടുക്കുന്നതിനുള്ള ശ്രമം സൎവ്വാബദ്ധമാകുന്നു. വിദ്യാൎത്ഥികളെ സ്വഭാവഗതിക്കനുസരണമായി വളരുന്നതിന് അനുവദിക്കേണ്ടതു് അപരിത്യാജ്യമാണ്. തങ്ങളുടെ സ്വഭാവവും ആഗ്രഹവും ആദൎശവും ഇന്നിന്ന രീതിയിൽത്തന്നെ ആയിരിക്കണമെന്നും, അവരുടെ വളൎച്ചയുടെ പന്ഥാവു് ഇന്ന വിധത്തിലായിരിക്കണമെന്നും മററും മുൻകൂട്ടി തീൎച്ചപ്പെടുത്തുന്ന ഗുരുജനങ്ങൾ വലിയ അപരാധം —അറിയാതെയാണെങ്കിലും— ചെയ്യുന്നുണ്ടു്. ഈ മുൻവിധി ആപല്ക്കരവും ധ്വംസനപരവുമാണ്. നൈസൎഗ്ഗികസ്വഭാവത്തെ വ്യത്യാസപ്പെടുത്തുന്നതിന് ഉത്സാഹിക്കുന്നതു്—അതിന്റെ ധൎമ്മത്തെ പരിത്യജിക്കുന്നതിനു പരിശ്രമിക്കുന്നതു്—പ്രകൃതിയെ വെട്ടിമുറിച്ചു മാററുകയും അതിന്റെ സമ്പൂൎണ്ണമായ നിലയെ പലപ്രകാരത്തിലും അലങ്കോലപ്പെടുത്തുകയും ചെയ്യുകയാണ്. ഒരു കുട്ടിയുടെ സ്വഭാവം തന്റെ ഇഷ്ടംപോലെ രൂപവൽക്കരിക്കണമെന്ന് ഒരാൾ ആഗ്രഹിക്കുന്നതു് ഒരുമാതിരി സ്വേച്ഛാപ്രഭുത്വംതന്നെയാകുന്നു. ഇതു രാഷ്ട്രത്തിനു ഒരു വലിയ കളങ്കവുമാണ്. എന്തെന്നാൽ, ഒരു സമൎത്ഥനായ മനുഷ്യൻമൂലം രാഷ്ട്രത്തിനു ലഭിക്കാവുന്ന നന്മകൾക്കുപകരം, കൃത്രിമവും, അപൂൎണ്ണവും, സാധാരണവും ആയ സഹായമേ അവൻ മുഖാന്തരം രാഷ്ട്രത്തിനു സിദ്ധിക്കുന്നുള്ളു. സകല മനുഷ്യരിലും ദൈവികവും സ്വാതന്ത്ര്യവുമായ അംശങ്ങൾ അടങ്ങിയിട്ടുണ്ടു്. എത്ര മോശമായ സ്ഥിതിയിലായാലും, എത്ര ഉന്നതപദവിയിലായാലും പരിപൂൎണ്ണത പ്രാപിപ്പാനുള്ള സൌകൎയ്യം എല്ലാവൎക്കുമുണ്ടു്. അതു കണ്ടുപിടിച്ചു ഫലപ്രദമാക്കി ഔന്നത്യവും അഭിവൃദ്ധിയും സമ്പാദിക്കുകയാണു സകല മനുഷ്യരുടേയും ധൎമ്മം. വൎത്തമാനനിലയിലിരിക്കുന്ന ആത്മാവിനെ കഴിയുന്നിടത്തോളം ഉപയോഗയോഗ്യമാക്കി തീൎക്കുകയായിരിക്കണം വിദ്യാഭ്യാസത്തിന്റെ പ്രഥമോദ്ദേശ്യം.

വിദ്യാഭ്യാസം സംബന്ധിച്ച മൂന്നാമത്തെ തത്വം, അടുത്തുള്ളതിൽനിന്നു അകന്നുള്ളതിനെ സമ്പാദിക്കുന്നതിനു ശ്രമിക്കുക എന്നാണ്; പ്രകാരാന്തരേണ പ്രസ്താവിക്കുകയാണെങ്കിൽ, അറിഞ്ഞതിൽനിന്നും ആഗ്രഹിക്കുന്നതിലേക്കു പ്രയാണം ചെയ്യുക എന്നാണ്. ഒരാളിന്റെ സ്വഭാവം അയാളുടെ പാരമ്പൎയ്യം, പരിതഃസ്ഥിതികൾ, സമുദായം, രാഷ്ട്രം, സാധാരണ സഹവാസം, ഭക്ഷണം മുതലായവയെ ആശ്രയിച്ചിരിക്കുന്നു. മുൻപറഞ്ഞവ

യുടെ പ്രേരണാശക്തി നമ്മുടെ ചക്ഷുസ്സുകൾക്ക് അദൃശ്യമാണെങ്കിലും അവയുടെ സ്വാധീനശക്തി അഗണ്യമല്ല. ഒരുത്തന്റെ സ്വഭാവം ഏതു മണ്ണിലാണോ വളരേണ്ടതു് ആ മണ്ണിൽനിന്നു അതിനെ പിഴുതെടുക്കുന്നതു് അത്യാപൽക്കരമാണ്. നമ്മുടെ മനസ്സിന്റെ വളൎച്ചയും, സംസ്കരണത്തിനും നിദാനമായ ദേശീയതത്വങ്ങളെ വിസ്മരിച്ച വിദേശീയാദൎശവും ആചാരവും ഹൃദയങ്ങളിൽ വളൎത്തുന്നതു രാഷ്ട്രത്തോടു ചെയ്യുന്ന ഒരു മഹാപാതകമാണ്. പുറമെനിന്നു എന്തെങ്കിലും ആദൎശം കൊണ്ടുവരുന്നുണ്ടെങ്കിൽതന്നെയും, അതു സ്വീകരിക്കുന്നതിനൊ, തിരസ്കരിക്കുന്നതിനൊ ഉള്ള സ്വാതന്ത്ര്യവും മനസ്സിനുണ്ടായിരിക്കണം. നിൎബ്ബന്ധംകൊണ്ടു് ഒന്നുംതന്നെ ഹൃദയം അനുസരിക്കുന്നതിനോ, അംഗീകരിക്കുന്നതിനോ ഇടയാകരുതു്. ബുദ്ധിശക്തിയുടെ വളൎച്ചയും പ്രകൃത്യനുസരണവും സൎവ്വതന്ത്രസ്വാതന്ത്ര്യവും ആയ വളൎച്ച അത്യന്താപേക്ഷിതമാണ്. തങ്ങളുടെ പരിതഃസ്ഥിതികൾകൊണ്ടു സംതൃപ്തരാകാത്തവരെ അവരുടെ ഹിതാനുസരണമുള്ള പന്ഥാക്കളിലൂടെ പ്രയാണം ചെയ്യുന്നതിന് അനുവദിക്കണം. അങ്ങിനെ അസംതൃപ്തരായവർ വേറൊരു കാലത്തും സ്ഥലത്തും ജീവിച്ചിരിക്കേണ്ടവരാണ്. വിദേശീയരീതി അനുവൎത്തിക്കുന്നവർ കൃത്രിമവും, ശുഷ്കവും, ഉപയോഗശൂന്യവും ആയ അഭ്യാസം ചെയ്യുന്നതായി വരുന്നു. നമ്മുടെ ജനനസ്ഥലം, ജനനകാലം, സാമുദായികനില മുതലായവ നമ്മുടെ പരിമിതമായ ശക്തിക്കതീതമാണ്. നാം ഭൂതത്തിന്റെ ശിശുക്കളും, വൎത്തമാനത്തിന്റെ അധിപരും ഭാവിയുടെ നിൎമ്മാതാക്കളുമാകുന്നു. കഴിഞ്ഞതു നമ്മുടെ ജന്മത്തിന്റെ അസ്ഥിവാരവും, വൎത്തമാനം നമ്മുടെ സാമഗ്രിയും, ഭാവി നമ്മുടെ ലക്ഷ്യവും ആണ്. ദേശീയമായ ഒരു വിദ്യാഭ്യാസപദ്ധതിയിൽ ഇതിലോരോന്നിനും അതാതിന്റെ പ്രാധാന്യമനുസരിച്ചുള്ള സ്ഥാനം ഉണ്ടായിരിക്കണം.

---

# ജീവജാലം.

---

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

## ഏഴാം പടലം.

കുന്നുണ്ടെങ്കിൽ കുഴിയുമുണ്ടു്; ഇരുട്ടുണ്ടെങ്കിലുമുണ്ടു വെളിച്ചവും; സന്താപമുണ്ടെങ്കിൽ സന്തോഷവുമുണ്ടു്. അതുപോലെ സമരമുണ്ടെങ്കിൽ സഖ്യവുമുണ്ടു്; ഈ ദ്വിത്വം നിമിത്തമാണ് ലോകം നടക്കുന്നതു്. ദ്വൈതീഭാവം ലോകസൃഷ്ടിയുടെ ജീവനാകുന്നു. ഒന്നായ തത്വം രണ്ടായ് പിരിഞ്ഞതു മുതല്ക്കാണു മൂന്നായതെന്നും, നാലായധൎമ്മങ്ങളും ഉണ്ടായതെന്നും എഴുത്തച്ഛൻ പാടീട്ടുള്ളതു ഹരിനാമകീൎത്തനത്തിൽ പഠിച്ചിട്ടുണ്ടല്ലൊ. പ്രകൃതിയും പുരുഷനുമായാലും, അവ്വായും ആദാമുമായാലും, ഇണയുണ്ടായ

തിനു മേലല്ലാതെ പ്രപഞ്ചമുണ്ടായിട്ടില്ല. അതുകൊണ്ടു പിന്നത്തേക്കാൾ ഇന്നത്തേതാണു ലോകത്തിലുതകുന്നതെന്നു വരുന്നതല്ലാ. കഴിഞ്ഞ പടലത്തിൽ ജന്തുക്കളുടെ സമരകോലാഹലം വർണ്ണിച്ചു; ഇതിൽ അവരുടെ സൗഹാർദ്ദസുഖമുരയ്ക്കാം.

പ്രേമവും സൌഹൃദവും മററു പ്രാണികൾക്കുള്ളതല്ലെന്നു മനുഷ്യനൊരു ദുരഭിമാനമുണ്ടു്. ശ്രീകൃഷ്ണഭഗവാനും, ബുദ്ധമുനിയും, ക്രിസ്തുദേവനും ഭൂമിയിൽ അവതരിപ്പിച്ച അമൃതമാണതെന്നു് അവൻ അഭിമാനിക്കുന്നു. അല്പകീടങ്ങളിൽപോലും അന്തർല്ലീനമായിരിക്കുന്ന ആ അമൂല്യദ്രവ്യത്തെ, അജ്ഞാനാന്ധകൂപത്തിൽ മുഴുകി തങ്ങളിൽ തല്ലി ചാകുന്ന മൂഢമനുജരെ ഉജ്ജീവിപ്പിക്കാനായി, ആ ദേവാംശജന്മാർ ചൂണ്ടിക്കാണിച്ചുകൊടുക്ക മാത്രം ചെയ്തതല്ലാതെ, അവർ അതു പാലാഴിമഥനം ചെയ്തു പുത്തനായി സൃഷ്ടിച്ചതല്ല. ആഴിയിൽ കിടന്നു കളിയാടുന്ന കോടാനുകോടി അമീബക(Amoeba)ളെന്ന അണുപ്രാണികളിൽപോലും സൌഹൃദമുൾക്കൊള്ളുന്നുണ്ടെന്നു കടൽനരകൾ (Sponges) തെളിയിക്കുന്നു. കടൽനരയിൽ കാണുന്ന സൂക്ഷ്മസുഷിരങ്ങൾ ഓരോന്നും അനവധി അണുപ്രാണികളുടെ വസതിയായിരുന്നു. ഇങ്ങിനെ സഹവാസം ചെയ്യാനുള്ള വാസന പല പ്രാണികളിലും പ്രത്യക്ഷമായി കാണാം. തങ്ങളുടെ മക്കളോടുള്ള വാത്സല്യമല്ല, സ്വജാതിയിലും അന്യജാതിയിലുമുള്ളവരോടുള്ള സൌഹാർദ്ദവും സാഹോദര്യവുമാണു് വകവെയ്ക്കാനുള്ളതു്.

എറുമ്പുകളുടെ കൂട്ടുകെട്ടും സഹോദരസ്നേഹവും കണ്ടുപഠിക്കാനുള്ളതാണു്. ഒരു പാരല്ലൂരകം പരിശോധിച്ചാൽ, അതിനുള്ളിലുള്ള ഗൃഹസംവിധാനങ്ങളും, ക്ഷേമശേഖരിപ്പും, ആഹാരവിതരണസമ്പ്രദായങ്ങളും, വേലക്കാരുടെ മിടുക്കും, ചുറുക്കും, സമബുദ്ധിയും, ശത്രുബാധാവസരങ്ങളിൽ കാട്ടുന്ന സംഘബന്ധവും സാഹസങ്ങളും നമ്മെ ആശ്ചര്യപരതന്ത്രന്മാരാക്കാതിരിക്കയില്ല. വേലയുടെ വിഭാഗം ഒന്നു വേറെതന്നെയാണു്. മുട്ടയിട്ടു സന്താനവൃദ്ധി ചെയ്യുന്ന മാതൃപിപീലികയെ മഹാരാജ്ഞിയെപ്പോലെ മററുള്ളവർ ശുശ്രൂഷിക്കുന്നതും, കുട്ടിയെറുമ്പുകൾക്കു തീററികൊടുത്തു വളർത്തുന്നതും, ഒന്നിനു ചുമ്മാൻ മേലാത്ത ഇര കണ്ടുമുട്ടിയാൽ കൂട്ടുകാരെ കൂട്ടിക്കൊണ്ടുപോയി കൂട്ടിൽ വലിച്ചുകൊണ്ടു വരുന്നതിൽ കാണിക്കുന്ന വശതയും സാമർത്ഥ്യവും, കുടിപാർപ്പു മാററുമ്പോൾ ഓരോരുത്തരും ഭാണ്ഡം കെട്ടിപ്പുറപ്പെടുന്നതും മററും കണ്ടാൽ നാം ലജ്ജിച്ചുപോകണം. പിപീലികകൾ കുഴിവിട്ടു പോകുമ്പോൾ വെളുത്ത ഒരു സാധനം ചുമന്നുകൊണ്ടു പോകുന്നതു് അതിന്റെ മുട്ടകളാണെന്നാണു് പറഞ്ഞുവരാറുള്ളതു്. അതങ്ങിനെയല്ല; അവ ഭ്രൂണങ്ങളായ പെറുപ്പുഴു(Pupae)ക്കളാണു്. പട്ടുപുഴുക്കൾ സ്വയം ആവരണം ചെയ്യുന്ന നേർത്ത കഞ്ചുകംപോലെ ലേശായ ഒരു പാട ആ പുഴുക്കളെ മൂടിയിരിക്കുന്നതാണു് വെളുത്തുകാണുന്നതു്.

എറുമ്പുകൾ മൂന്നു കൂട്ടരാണ്; സന്താനോല്പാദനം ചെയ്യുന്ന ഗൃഹിണികൾ, (Queens) വേലയൊന്നും ചെയ്യാതെ മററുള്ളവർ സമ്പാദിക്കുന്ന സ്വത്തു തിന്നുമുടിക്കുന്ന ആണെറുമ്പുകൾ, (Drones) സകല ജോലികളും നിർവ്വഹിക്കുന്ന വേലക്കാർ, (Workers) ഈ മൂന്നു കൂട്ടരും കൂടിയിരുന്നെങ്കിൽ മാത്രമേ ഒരു പാമല്യൂരകം ക്ഷേമമായിരിക്കൂ. ഒന്നിനു ഹാനി വന്നാൽ ആ കൂട്ടു പിരിഞ്ഞുപോകും.

തെക്കെ അമേരിക്കയിൽ ഒരു വക ഇലവെട്ടിയെറുമ്പുകളുണ്ട്. അവ വരിവെച്ചു വിളകളിൽ കയറി നല്ല ചെടികളുടെ ഇലകളെല്ലാം രൂപാവട്ടം വെട്ടിയെടുത്തുകൊണ്ടു പോകുമത്രെ. നമ്മുടെ തോട്ടങ്ങളിലും ഇലവെട്ടിയെറുമ്പുകൾ ധാരാളമുണ്ടെന്ന് ഏതു കൃഷിക്കാരനുമറിയാം. ആ ബാധ തടുക്കാൻ ചാരം വേറുകയും സാധാരണയാണ്. എറുമ്പുകൾ ഇല വെട്ടികൊണ്ടുപോകുന്നതു തിന്നാനല്ല; ഒരു വക കുഴമ്പുണ്ടാക്കി(Pulp) പാമല്യൂരകത്തിൻെറ അറകളിൽ പൂട്ടാനാണ്. കുഴമ്പു പൂണ്ട ദിക്കിൽ ഒരു മാതിരി പായൽ പിടിക്കും. അതു് എറുമ്പുകൾക്കു തൃപ്യമായ ഭക്ഷണമാണ്. എറുമ്പുകൾ കുടിയിറങ്ങി പുറപ്പെടുമ്പോൾ പായൽ മുളയ്ക്കാൻ ശക്തി കെട്ടിട്ടില്ലാത്ത ഇലക്കുഴമ്പുകൂടി ചുമ്മികൊണ്ടുപോകുമത്രെ. കാട്ടുജാതിക്കാർ കുടിപാർപ്പു മാറുമ്പോൾ ചട്ടിയും കലവും പായും കെട്ടിയെടുത്തുകൊണ്ടു പോകുന്ന മട്ടുതന്നെ. ഈ പിപീലികാകർഷകന്മാർക്കു സമ്മാനം കൊടുക്കേണ്ടതല്ലേ?

തറയിലുണ്ടാകുന്ന വത്മീകങ്ങളിൽ മാത്രമല്ല എറുമ്പുകളുടെ വാസം. പല വൃക്ഷകോടരങ്ങളും അവയുടെ ആവാസസ്ഥാനങ്ങളാണ്. വൃക്ഷങ്ങളുടെ ഇലകൾ കൂട്ടിച്ചേർത്തു നീറുകൾ പെട്ടിയുണ്ടാക്കി ഉപജീവിക്കുന്നതും നാം ധാരാളം കാണാറുള്ളതാണല്ലോ. ഇങ്ങിനെ എറുമ്പുകൾക്കും മററു ജീവികൾക്കും ഇരുപ്പിടം കൊടുക്കുന്നതുകൊണ്ടു വൃക്ഷങ്ങൾക്കു എന്തെങ്കിലും ഗുണം സിദ്ധിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. എന്തെങ്കിലും പ്രയോജനമില്ലെങ്കിൽ പ്രകൃതിമാതാവു് ഈ സാഹചര്യം അനുവദിക്കുമോ? ശത്രുക്കൾ ബാധിക്കുമ്പോൾ എറുമ്പുപട്ടാളം അവരെ എതിർക്കുന്നുണ്ട്. ശത്രുബാധയെ തടുക്കാനുള്ള ഭടന്മാരായിട്ടായിരിക്കുമോ വൃക്ഷങ്ങൾ പിപീലികകൾക്കു ആതിഥ്യം നൽകുന്നതു്? നീറു നിറഞ്ഞ മാവിൽ പഴം പറിക്കാനോ കൊമ്പു വെട്ടാനോ കയറുന്നവരുടെ പ്രാണവേദന സഹിച്ചവർക്കു മാത്രമേ അറിയാവൂ.

വടക്കെ അമേരിക്കയിൽ ഒരു മാതിരി കർഷകപിപീലിക (agricultural ants)കളുണ്ടത്രെ. അവയുടെ പുററുകൾക്കു ചുററും കുറെ സ്ഥലം കളകളൊന്നും മുളയ്ക്കാതെ വൃത്തിയാക്കി സ്വാദുള്ള ചെടികളുടെ വിത്തുകൊണ്ടുവന്നു കിളുപ്പിക്കുമ്പോൾ! നമ്മുടെ നാട്ടിൽ ഈ വക എറുമ്പുകളെ കണ്ടിട്ടില്ല; പക്ഷെ, പുററുകൾക്കു ചുററും വട്ടത്തിൽ മണ്ണു നിരത്തി

ചെരിവു കുന്നാക്കിയിടുന്ന ഒരു മാതിരി കറുത്ത കാട്ടെറുമ്പുകളുണ്ടു്. മഞ്ഞു കാലത്തു മാവിന്റെ ഇലകളിൽ മധുരമുള്ള ഒരു സാധനം വാൎണ്ണീഷുപോലെ പററിയിരിക്കുന്നതു നിങ്ങൾ നോക്കീട്ടുണ്ടോ? കുട്ടികൾ ആ ഇലകളെടുത്തു നക്കാറുണ്ടു്. അതെന്താണെന്നു പറയാമോ? ഒരു മാതിരി പച്ചപ്പുച്ചികൾ (Aphides) പററിക്കുന്ന പശയാണു്. അതിനു മധുക്ഷീരം (Honey dew) എന്നാണു വെള്ളക്കാർ പേരിട്ടിരിക്കുന്നതു്. ഈ തേൻപശ നക്കുവാനായി എറുമ്പുകൾ വൃക്ഷങ്ങളിൽ ഇഴഞ്ഞു കയറുന്നതു കൂടാതെ, പച്ചപ്പുച്ചികളെ സ്വന്തം പുനങ്ങളിൽ കൊണ്ടുവന്നു പാൎപ്പിച്ചു വളൎത്തി പ്രായമാകുമ്പോൾ പറന്നു പോകത്തക്കവണ്ണമാക്കി വിടുന്നു. ഈ പുച്ചികളുടെ മുട്ടകളെ എറുമ്പുകൾ സൂക്ഷിച്ചു രക്ഷിക്കുന്നതു കാരണമതാണു്.

മധുസ്രവിക്കുകളായ പുച്ചികളെ കൂടാതെ പല പ്രാണികളേയും എറുമ്പുകൾ പുനങ്ങളിൽ രക്ഷിക്കാറുണ്ടു്. ചിലതു പരാന്നഭുക്കുകളും (Parasites), ചിലതു ഓമനക്കുട്ടികളുമായി വളരുന്നു. അടിമകളേയും ചില പിപീലികകൾ വച്ചുകൊള്ളുന്നുണ്ടു്. മററു പ്രാണികളുടെ കൂട്ടുകളെ ആക്രമിക്കുന്ന കൂട്ടത്തിൽ അവിടെനിന്നു ചില മുട്ടകളെ എറുമ്പുകൾ തട്ടിക്കൊണ്ടുപോരുന്നു. മുട്ടകൾ വിരിഞ്ഞു പ്രാണികളാകുമ്പോൾ, എറുമ്പുകൾക്കു വേണ്ടുന്ന ജോലികൾ അവ ചെയ്യുന്നു. ഇങ്ങനെ കണ്ടവരുടെ സന്താനങ്ങളെ ബലാൽപിടിച്ചുകൊണ്ടുവന്നു് അടിമപ്പെടുത്തുന്നതിനുള്ള ശിക്ഷ പ്രകൃതിമാതാവു കയ്യോടെ നല്കുന്നു. ആക്രമികളായ തലവണ്ണനെറുമ്പുകൾക്കു (Amazon ants) തന്നെത്താനെ പണിയെടുക്കാൻ തിറമില്ലാതെ, തിന്നാൻപോലും അടിയാനെറുമ്പുകളെ ആശ്രയിക്കേണ്ടിവരുന്നു. ഇങ്ങനെ അടിമകൾ അവരുടെ യജമാനന്മാരാകുന്നു! മററുള്ളവരെക്കൊണ്ടു സകല വേലകളും ചെയ്യിപ്പിച്ചു്, തിന്നുതിമൎത്തു ചപ്രമഞ്ചം കയറി കിടക്കുന്ന കുബേരന്മാർ ഇതുകണ്ടു പാഠം പഠിച്ചാൽ നന്നു്.

കട്ടെറുമ്പു്, കാട്ടെറുമ്പു്, ചുട്ടെറുമ്പു്, നെയ്യെറുമ്പു്, നീറു്, ചോനൻ, കൂനൻ, പ്രാന്തൻ, ചിറകൻ, ശവംതീനി എന്നിങ്ങനെ പല ജാതി എറുമ്പുകൾ നമ്മുടെ നാട്ടിലുള്ളവയുടെ സ്വഭാവചേഷ്ടകൾ നോക്കി മനസ്സിലാക്കുന്നതു വിനോദകരവും വിജ്ഞാനപ്രദവുമായിരിക്കും. അതിലൊട്ടും കുറഞ്ഞ രസമുള്ളതല്ല, തേനീച്ചയുടേയും കടന്നലിന്റെയും സാമൂഹ്യക്രമങ്ങൾ കണ്ടുപഠിക്കുന്നതു്. രണ്ടു തരം ഈച്ചകളുടേയും പ്രവൃത്തികൾക്കു് അത്യന്തസാമ്യമുണ്ടെങ്കിലും, ഒന്നു നറുന്തേൻ നല്കുകയും മറേറതു പ്രാണവേദനപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടു്, തേനീച്ചകളെ നോക്കാനാണു നമുക്കു രസം. വൎഷൎത്തുവിൽ വല്ല സുഷിരങ്ങളിൽ കയറിയിരുന്നു പ്രാണായാമം ചെയ്തതിന്റെ ശേഷം, ശരൽകാലമാകുമ്പോൾ യുവതിയായ തള്ളയീച്ച പുറത്തിറങ്ങി കൂടുവയ്ക്കാനുള്ള സ്ഥാനം തിരഞ്ഞു ഇടങ്ങ

ന്നു. നല്ലൊരു സ്ഥാനം കണ്ടാലുടനെ—മരങ്ങളുടെ പോടുകൾ, ഉയൎന്ന വൃക്ഷങ്ങളുടെ തുഞ്ചാണികൾ, മാളികകളുടെ കപോതപാളികൾ, ഈ മാതിരി സ്ഥലങ്ങളെല്ലാവും സാധാരണ സ്ഥാനങ്ങൾ—പറന്നുപോയി വീട്ടുകെട്ടാനുള്ള സാധനങ്ങൾകൊണ്ടുവരുന്നു. വൃക്ഷത്തൊലികാരിയെടുത്തു്, ഉമിനീരിൽ കുതിൎത്തു്, അരച്ചു മൃദുവാക്കി, ഉരുളയുരുട്ടി, മുൻകാലുകൾക്കിടയിൽ താങ്ങിപ്പിടിച്ചു്, തൂക്കിയെടുത്തുകൊണ്ടുവരുന്നതു കാണാൻ രസമുള്ളതാണ്. പണിസ്ഥലത്തുകൊണ്ടുവന്നാലുടനെ കാൽമടക്കിലിടുക്കി, മുഖാംഗങ്ങൾകൊണ്ടു കീറി മുൻകൊമ്പുകൾകൊണ്ടു പരത്തി, തുപ്പലിൽ ചാലിച്ചു യഥാസ്ഥാനം പതിക്കുന്നു. ഇത്രയും വേല എളുപ്പം സാധിച്ചു്, തറയും തട്ടുമുറപ്പിച്ചു്, അറക്കെട്ടുകൾ ഉണ്ടാക്കി തുടങ്ങുന്നു. കീഴ്ത്തട്ടിലുള്ള അറകൾ തീൎന്നാലുടനെ ഓരോന്നും നല്ലോണം പരിശോധിച്ചു് ഓരോ മുട്ടയോരോന്നിൽ ഇട്ടു് അടിപ്പാടിൽ പശയിട്ടുറപ്പിക്കുന്നു. അല്പദിവസം കഴിയുമ്പോൾ മുട്ടകൾ വിരിഞ്ഞു പുഴു(Larval)ക്കളാകുന്നു. അപ്പോൾ തള്ളയുടെ പ്രവൃത്തി, പുഴുക്കൾ വളരുന്ന ക്രമത്തിന് അറകളെ വലുതാക്കുക, പുതുവറകളുണ്ടാക്കി മുട്ടയിടുക, മേൽത്തട്ടു പൂൎത്തിയാക്കുക, ചെറുപുഴുക്കൾക്കു തീററികൊടുക്കുക, എന്നിങ്ങനെ വിവിധമായിത്തീരുന്നു. കൂട്ടിൽനിന്നു പുറമേയുള്ള സഞ്ചാരം അപ്പോൾ പണിത്തരങ്ങൾ കൊണ്ടുവരാനല്ല, ഭക്ഷണസാധനം കൊണ്ടുവരാനാണ്. ചെറുപൂച്ചികളെയും പ്രാണികളെയും പിടിച്ചു്, ചിറകു പറിച്ചുകളഞ്ഞു്, ചവച്ചു കുഴമ്പാക്കി തേനീച്ചപ്പുഴുക്കൾക്കു തീററികൊടുക്കുന്നു. ഈ പുഴുക്കൾ മൂക്കുമ്പോൾ അവയുടെ ചുററും ലേശായി ഒരു തൊലി മൂടുന്നു. അതു പൊട്ടിയാണ് ഈച്ചകൾ പുറപ്പെടുന്നതു്. ഈച്ചകൾക്കു പറക്കാൻ ശക്തിയാകുമ്പോൾ അറയുടെ മച്ചു തുളച്ചു മുഴുത്ത വേലക്കാരായ (Workers) തേനീച്ചകൾ പുറത്തുവരുന്നു. പതിമ്മൂന്നു മുതൽ പതിനാറു നാൾവരെ വേണ്ടിവരും ഈച്ചകൾ പുറത്തുവരാൻ. ഇങ്ങനെ മൂന്നാലു ജോലിക്കാരുണ്ടായിക്കഴിഞ്ഞാൽ, തള്ള ചെയ്തുവന്ന വേലയെല്ലാം അവർ ഏൽക്കയും, തള്ള മുട്ടയിട്ടുകൊണ്ടു കൂട്ടിൽ താമസമാക്കയും ചെയ്യുന്നു. പിന്നെ കാണണം ആ കൂട്ടിലെ സാമുദായികാവസ്ഥയുടെ മോടി. എന്തുത്സാഹവും ബഹളവും തിരക്കുമാണവിടെ നടക്കുന്നതു് എന്നു അടുത്തു ചെല്ലുമ്പോൾ കേൾക്കുന്ന ആരവംകൊണ്ടറിയാം. വലിയ യന്ത്രശാലകളിലും സൎക്കാരാപ്പീസ്സുകളിലും കാണുമാറുള്ളപോലെ, വരുത്തും, പോക്കും അങ്ങോട്ടുമിങ്ങോട്ടുമുള്ള ഓട്ടങ്ങളും, ജോലിക്കാരുടെ കോലാഹലവും നോക്കിക്കാണേണ്ടതുതന്നെയാണ്. ശത്രുക്കളെ ഓടിക്കാൻ പട്ടാളങ്ങൾ പുറപ്പെടുന്നതും, തേൻകവൎച്ചക്കാരെ കുത്തിക്കൊല്ലുന്നതും, ഒക്കെ ബഹുരസമുള്ള കാഴ്ചകളാണ്.

തേൻ എവിടെനിന്നു മക്ഷികകൾ ശേഖരിക്കുന്നു? പുഷ്പങ്ങൾതോറും ചെന്നു മധുവും പൂമ്പൊടിയും ഉറിഞ്ചി വായിൽ അടച്ചു

കൊണ്ടുവരുന്നു. ഈച്ചകളുടെ നാവു പീച്ചാങ്കുഴൽപോലെയാണ്; അവയുടെ വായുകളുള്ളിൽ ഒരു സഞ്ചിയുണ്ട്. അവയിൽ സംഭരിക്കുന്ന മധുവിൽ സ്വല്പാംശം സ്വാഹാരത്തിനു പോരി, ശേഷമുള്ളതു പൊത്തുകലവറയിൽ ഏൾപ്പിക്കുന്നു. ഈ തിങ്ങാംകാരുടെ കോപ്പിന് ആമാശയത്തിൽകിടന്ന് ഒരു പാകംവരുന്നുണ്ട്. അപ്പോഴാണു പുഷ്പമധു നറുന്തേനാകുന്നതു്. കിടാങ്ങൾക്കും തള്ളയ്ക്കും വേണ്ടതിൽ അധികമായി കൂട്ടിൽ തേൻ നിറയുമ്പോൾ, ഇരിക്കാൻ സ്ഥലമില്ലാതെ, വൃദ്ധമാതാവു മററൊരിടത്തേക്കു പാർപ്പു മാററി പുതുതായ തറവാടു സൃഷ്ടിക്കുന്നു. അതുവരെ തല പൊക്കാതെ അടങ്ങി പാർത്തിരുന്ന കുമാരികൾ മൂതിന്നു തമ്മിൽ തല്ലിത്തുടങ്ങുന്നു. കുടുംബകലഹത്തിൽ വിജയം നേടുന്നവൾ തിരികെ കൂട്ടിൽവന്നു തള്ളസ്ഥാനത്തു വാഴുന്നു!

തേനീച്ചകളുടെ ഈ സമുദായജീവിതം ഏററവും അത്ഭുതാവഹമത്രെ. ബുദ്ധിമാനായ മനുഷ്യനുപോലും ദുർഘടമായ കുടുംബഭരണവും അധികാരവും അവററകൾ നടത്തിപ്പോരുന്നുണ്ട്. ആളും തരവും നോക്കിയുള്ള ഉപചാരങ്ങളും, ജോലികളെ നിർവ്വഹിക്കുന്നതിലുള്ള വിഭാഗവും പടുതയും, ആറാഴ്ചവട്ടംമാത്രം ആയുസ്സുള്ള ഈച്ചകൾ നമ്മെ പഠിപ്പിക്കുന്നു! യാദവരെപ്പോലെ തങ്ങളിൽതല്ലി മഴക്കാലത്തു അവ നശിക്കുമ്പോഴും, പെണ്ണീച്ചകൾ പതുങ്ങിക്കിടന്നു പിന്നീടും സന്താനസമ്പത്തു വളർത്തുന്നതു, പ്രകൃതിമാഹാത്മ്യത്തിന്റെ ഉച്ചൈസ്സായ സ്തോത്രപാരായണമാകുന്നു. പ്രാവൃഷേണ്യമായ പ്രളയം തേനീച്ചകളെക്കാൾ കടന്നലുകളെയാണു കൊന്നൊടുക്കുന്നതു്. കടന്നലുകൾ പാപികളാകകൊണ്ടാവാം, അവയ്ക്കു ഈ ദുരദൃഷ്ടം നേരിടുന്നതെന്നു നിനച്ചുകൂടയോ?

താണതരം പ്രാണികളെ വിട്ടു മേത്തരം ജന്തുക്കളെ നോക്കിയാൽ, ഐകമത്യവും സാഹോദര്യവും കുറഞ്ഞുവരുന്നതു കാണാം. കുററമാണെന്നോ? ജീവജാലമകുടമാണെന്നു ഞെളിയുന്ന മനുഷ്യർ ഒന്നിനൊന്നിനു കണ്ടുകൂടാതെ കലഹിക്കുന്നതു്? പരിഷ്കാരത്തിന്റെ മൂർദ്ധന്യാവസ്ഥ കലഹത്തിൽ പരിണമിക്കുന്നു! അഹോ! സ്വാധികാരപ്രമത്തതയും സ്വാർത്ഥപരതയും മൂർദ്ധാഭിഷിക്തോദാഹരണമായ മനുഷ്യന്റെ അവസ്ഥ പ്രകൃതിസാമ്രാജ്യത്തിൽ എത്ര ശോച്യമാണ്! നവീനാദർശങ്ങളായി ഗണിച്ചുവരുന്ന സമിതികൾക്കും സഖ്യങ്ങൾക്കും ഉപജതെ മൂഢാത്മ്യത്തിലാണോ വർത്തിക്കുന്നതു്? നമ്മുടെ അല്പതരം നീചകീടങ്ങളുടെ ജീവിതം കാണുമ്പോൾ വ്യക്തമാകുന്നില്ലേ?

പക്ഷികളിലും ജന്തുക്കളിലും കൂട്ടമകളുള്ളവ ധാരാളമുണ്ട്. കോഴികളും, താറാവുകളും കൂട്ടംകൂടി പാർക്കുന്നതും സഞ്ചരിക്കുന്നതും ഏതു കുഗ്രാമത്തിലും കാണാം. പ്രാവുകളും നമ്മുടെ ഗൃഹങ്ങളെ അപ്രകാരം അധിവസിക്കുന്നു. കൊററികളും, (Herons) കടൽകാക്കകളും, (Gulls) കടൽതാ-

റാവുകളും (Penguines) ഒന്നിച്ചു നിവസിക്കുന്നതു ജലാശയങ്ങളിൽ രസകരമായ ഒരു കാഴ്ചയാണ്. കേളച്ചാരുടെ പാളത്തെത്തെരെന്നു നേരമ്പോക്കു പറയുന്ന കുളക്കോഴികൾ പാടങ്ങളിൽ കൂട്ടമായി പാർക്കുന്നു. കാക്കകൾ, ചേരകൾ, പച്ചക്കിളികൾ, തത്തമ്മകൾ മുതലായ പറവികൾ ഒരേ വൃക്ഷത്തിൽ കൂടുവച്ചു ഒന്നിച്ചു പാർക്കാറുണ്ട്. പ്രഭാതത്തിലും സായാഹ്നത്തിലും അവ ഒന്നിച്ചിരുന്നു കൂകുന്നതും ചിലക്കുന്നതും കണ്ണാനന്ദകരമാകുന്നു. പ്രത്യേക സ്വരങ്ങളെക്കൊണ്ടു അവതമ്മിൽ ഇംഗിതങ്ങളെ മനസ്സിലാക്കുന്നുണ്ട്. പക്ഷികളുടെ ഭാഷ വിക്രമാദിത്യന്നു മാത്രമല്ല, മററുള്ളവക്കും സൂക്ഷിച്ചാൽ ഏറെക്കുറെ മനസ്സിലാക്കാം. തത്തമ്മയെ സംസാരിപ്പിക്കുന്നതും, കാക്കയെ കൈകൊട്ടി വരുത്തുന്നതും, കുരുവിയെ ചൂളംവിട്ടുവിളിക്കുന്നതും അതിനു ദൃഷ്ടാന്തമാണ്. മലങ്കാക്കകൾ (Rooks) ഒരു വൃക്ഷത്തിൽ അനവധി കൂടു പണിയുകയും, മുട്ട ഇടുന്നകാലത്തു കാവൽ ഇടുകയും, ആപൽസാന്നിധ്യത്തിൽ കൂട്ടുകാരെ കൂകിവിളിക്കുകയും ചെയ്യുമത്രെ. സാധാരണകാക്കകളിലും ഈ ഒത്തൊരുമ കാണാം. ഒന്നിനെ പിടിക്കയോ ഉപദ്രവിക്കയോ ചെയ്താൽ കാക്കപ്പട ഉടനെ വന്നെത്തുന്നു. മലങ്കാക്കയോടുകൂടി മററു ചെറുപക്ഷികളും പാർക്കാറുണ്ട്. പരട്ടങ്ങളുടെ കഥ പ്രസിദ്ധമാണല്ലോ. എല്ലാ കൂടുകൾക്കും ആകമാനം ഒരു മേല്പ്പുരയുണ്ടാക്കി, മഴ നനയാതെയും പാമ്പുകൾ കയറാതെയും സുരക്ഷിതമാക്കാറുണ്ട്. ചില മടിയർ ചുള്ളികൾ കൊണ്ടുവരാൻ മടിച്ചു മററുള്ളവർ ശേഖരിച്ചവയിൽനിന്നു കട്ടെടുക്കും. ആ കള്ളന്മാരെ മററുള്ളവർ വന്നു ശിക്ഷിക്കുന്ന സമ്പ്രദായം ആശ്ചര്യകരമാണ്. കുററക്കാരുടെ കൂടു കൊത്തിപ്പൊളിച്ചു നശിപ്പിക്കുന്നതാണു ശിക്ഷ. ഇങ്ങനെ ശിക്ഷാരക്ഷകൾ നടത്തുന്ന വായസകുടുംബത്തെ അഭിനന്ദിക്കാതിരിക്കുന്നതെങ്ങനെ? സ്വജാതികളെ മാത്രമല്ല, ഇതരവർഗ്ഗത്തിൽപ്പെട്ടവരേയുംകൂടി പാർപ്പിച്ചു ഭരിക്കുന്ന പ്രജാസാമ്രാജ്യഭരണമേധാവികളായ പറവികൾ (Republican birds) തെന്നമേരിക്കയിലും സൈബീരിയയിലുമുണ്ടെന്നറിയുമ്പോൾ മനുഷ്യർക്കുള്ള ഊററം ഒന്നു ശമിക്കാൻ ഇടയില്ലയൊ?

മൂഷികവർഗ്ഗത്തി(Rodents)ലുൾപ്പെട്ട ചുണ്ടെലി, പെരുച്ചാഴി, അണ്ണാൻ എന്നിങ്ങനെയുള്ള ജന്തുക്കളിൽ കാണുന്ന സാഹചര്യം കേവലം അബുദ്ധിപൂർവ്വമാണ്. ഒരിടത്തു തീററി കുറയുമ്പോൾ മറെറാരിടത്തേക്കു കൂട്ടത്തോടെ അവ കുടി കയറുന്നു. സൈബീരിയയിലുള്ള ചതുപ്പുപ്രദേശങ്ങളിൽ (Tundras) ഒരു വക മലമ്പെരുച്ചാഴി (Lenneeings)കളുള്ളവ ഒരു സ്ഥലത്തുനിന്നു മറെറാരു ദിക്കിലേക്കു പട്ടാളമായി പുറപ്പെട്ടുപോകുന്നതു കാണേണ്ടതാണത്രെ. മലയും സമുദ്രവും ഒന്നും അവക്കു പ്രതിബന്ധമല്ല. പക്ഷെ ഒരു ക്രമമോ, ചട്ടമോ, നായകനോ ഇല്ലാതുള്ള ഈ പുറപ്പാടു നാശോന്മുഖമായി തീരുന്നു. പരുന്തും, കഴുകനും അനവധി എണ്ണത്തെ തിന്നൊ

ട്ടുകുന്നു. നേരെ മറിച്ചു തെന്നമേരിക്കയിലുള്ള തകിടി (Pampas)കളിൽ ഒരു വക കുഴിയണ്ണാൻ (Viscachas) നിവസിക്കുന്നുണ്ടു്. അവ ഇരുപതും മുപ്പതും ചേർന്നു തുരങ്കമുണ്ടാക്കി മണ്ണു പുറത്തു കൊണ്ടുവന്നു കൊത്തളം കെട്ടിയുറപ്പിച്ചു പാർക്കുന്നു. ഇങ്ങിനെ ഒരു പ്രദേശത്തു വളരെ കുടികളും കൊത്തളങ്ങളും കാണാം. കൊത്തളങ്ങൾക്കു രണ്ടടി പൊക്കമുണ്ടായിരിക്കും. സന്ധ്യയ്ക്കു് എല്ലാവരും അവരവരുടെ കൊത്തളങ്ങൾക്കു മുകളിൽ കയറിയിരുന്നു സല്ലപിച്ചശേഷം തുരങ്കത്തിൽ കയറുന്നു. കൊത്തളങ്ങളിൽ കാവൽക്കാരുണ്ടു്. ആപൽസംശയം നേരിട്ടാൽ മററുള്ളവരെ അറിയിക്കാൻ ഒരു ശബ്ദം പുറപ്പെടുവിക്കും. പൊടുന്നനെ എല്ലാവരും തുരങ്കത്തിന്നുള്ളിൽ മറയും. അതുകൊണ്ടു പട്ടികൾക്കു പിടുത്തം കിട്ടുകയില്ല. കുഴിയണ്ണാന്മാർ രാത്രിഞ്ചരന്മാരാണു്. അപ്പോഴാണു് അയൽവീടുകളിൽ ചങ്ങാത്തത്തിന്നു പോകുന്നതു്. അവിടെ ചെന്നു ചിലച്ചുകൊണ്ടിരിക്കും. ഈ ജന്തുക്കളെപ്പോലെ ഇത്ര വളരെ ചിലയ്ക്കുന്ന പ്രാണികളില്ലത്രെ. ഒരു കുടിക്കാരുടെ തുരങ്കം ആരെങ്കിലും മൂടിക്കളഞ്ഞാൽ മററുള്ളവർ ചെന്നു തുറന്നു കൂട്ടുകാരെ രക്ഷിക്കുന്നു. പരസ്പരസഹായം അവററകളോടു നാം പഠിക്കണം.

വടക്കെ അമേരിക്കയിലും കാനഡാരാജ്യത്തും 'ബീവർ' എന്നു പേരുള്ള ഒരു വക നീർനായുണ്ടു്. അതിൻെറ കഥ വളരെ രസകരമാണു്. വൃക്ഷങ്ങളുടെ കൊമ്പുകൾ കാരി മുറിച്ചു കൊണ്ടുവന്നു് അണ കെട്ടി വെള്ളം ചെറുക്കുന്നതും, മാളങ്ങൾ പണിയുന്നതും വളരെ വിശേഷമാണു്. മുക്കാൽ മൈൽ വരെ നീളമുള്ള അണകൾ ഈ ജന്തുക്കൾ പണിഞ്ഞിരിക്കുന്നുവത്രെ! അണക്കു കേടു പററിയാൽ ഉടനെ അവർ അററകുററം തീർക്കുന്നു. വെള്ളത്തിൽ കിടക്കുന്ന ജന്തുക്കളാണെങ്കിലും മാടങ്ങൾ (Lodges) നദീതീരങ്ങളിലാണു്. മുതലകൾക്കും അപ്രകാരമാണല്ലൊ. ഒരു മാടത്തിൽ പന്ത്രണ്ടു പേർ പാർക്കുന്നു. ഓരോന്നിന്നും ആണ്ടുതോറും നാലു കുട്ടികളുണ്ടാകും. മൂന്നു കൊല്ലം കുട്ടികൾ മാതാപിതാക്കളൊരുമിച്ചു താമസിക്കും. താമസക്കാർ അധികമാകുമ്പോൾ മറെറാരു മാടം അവർ പണിയുന്നു.

മാംസാശികളായ കാടൻ, ചെന്നായ് എന്നു തുടങ്ങിയ ജന്തുക്കൾ പററമായി ഇരതേടി നടക്കുന്നതു മുന്നൊരു പടലത്തിൽ പറഞ്ഞിട്ടുണ്ടു്. അവയ്ക്കുള്ള ഒത്തൊരുമ ഇര തേടുന്നതിലും ശത്രുസംഹാരത്തിലും മാത്രമേ വെളിപ്പെടുന്നുള്ളു. സസ്യഭുക്കുകളിലും തൃണഭുക്കുകളിലും സാഹചര്യം, ആടു, മാടു, മാൻ മുതലായവയിൽ കാണുന്നതു കൂടാതെ ആനകളിൽ സവിശേഷം സ്പഷ്ടമാകുന്നുണ്ടു്. കാടുകളിൽ ആനക്കൂട്ടം തലവനെ അനുസരിച്ചു നടക്കുന്നതു കാണേണ്ടതാണു്. ശിക്ഷയ്ക്കും രക്ഷയ്ക്കും തലവന്നു അധികാരമുണ്ടു്. ദുഷ്ടനെ ഒററ തിരിച്ചു വിട്ടു വധ്യനാക്കാറുണ്ടു്.

ഇങ്ങനെ ജന്തുക്കളുടെ കൂട്ടുകെട്ടിനെപ്പററി വിസ്തരിക്കാൻ തുടങ്ങിയാൽ അവസാനമില്ല. മക്കടങ്ങളിലുള്ള കൂട്ടുകെട്ടിനെപ്പററി പ്രസിദ്ധനായ ബ്രീം (Brehm) എന്ന ജന്തുശാസ്ത്രജ്ഞൻ പറഞ്ഞിട്ടുള്ള ഒരു കഥകൊണ്ടു ഈ പടലം അവസാനിപ്പിക്കാം. അദ്ദേഹവും, ആൾക്കാരും, കുറെ നായാട്ടുപട്ടികളുംകൂടി തുറക്കായ ഒരു മലയുടെ താഴ്വാരത്തുകൂടി സഞ്ചരിക്കുമ്പോൾ പെട്ടെന്നു ഒരു കൂട്ടം കരിങ്കുരങ്ങന്മാർ കണ്ടുമുട്ടി. കുരങ്ങന്മാക്കു നായുടെ മുഖത്തോടു സാമ്യമുണ്ടായിരുന്നതിനാൽ അവ നായ്കുരങ്ങുവഗ്ഗത്തിൽ (Baboons) പെട്ടവയായിരുന്നു. വേട്ടനായ്ക്കളെ കണ്ടയുടനെ പെണ്ണുങ്ങളും കുട്ടികളും പാഞ്ഞോടി പാറകളുടെ ഇടുക്കുകളിൽ പൂക്കൊളിച്ചു. ആണുങ്ങൾ ക്രുദ്ധസ്വരത്തിൽ ചിലമ്പിയും, പല്ലിളിച്ചുകൊണ്ടു മുഖം കാട്ടിയും, കൈകളോങ്ങിയും എതിത്തുനിന്നു, പിറകോട്ടു ക്രമേണ മാറി മാറി തുറക്കായ് പാറമേൽ ഒരു ചാട്ടം ചാടി അഭയസ്ഥാനം നേടി. പാവം! ഒരു ആറുമാസം പ്രായത്തിൽ കവിയാത്ത ഒരു ബാലമക്കടംമാത്രം കൂട്ടം പിരിഞ്ഞുനിന്നുപോയി. ഒരുവിധം പട്ടികൾക്കു പിടി എത്താത്ത പൊക്കത്തിൽ കയറിനിന്നു നിലവിളി തുടങ്ങി. നായ്ക്കൾ ചെറുപൈതലിനെ അങ്ങോട്ടുമിങ്ങോട്ടും വിടാതെ തടഞ്ഞു നിറുത്തി. അതിനെ പിടിക്കാമെന്നു സായിപ്പും കരുതി. വാനരസംഘം കൊച്ചുകുരങ്ങന്റെ ഈ ദുരവസ്ഥ കണ്ടയുടനെ, നായകനായ വൃദ്ധവാനരൻ ഒരു ഭയമോ ചാഞ്ചല്യമോ കൂടാതെ ഗംഭീരഭാവത്തോടെ തന്റെ രക്ഷാസ്ഥാനംവിട്ടു, നായ്ക്കളോ മനുഷ്യരോ നില്ക്കുന്നുണ്ടെന്നുള്ള കൂസൽകൂടാതെ താഴത്തു ചാടി, ദംഷ്ട്രകൾ വിരിച്ചു കാണിച്ചും നോട്ടംകൊണ്ടു ഭയപ്പെടുത്തിയും പട്ടികളെ അടക്കി നിറുത്തി, ആൾക്കാർ വന്നെത്തുമ്മുന്നം കൊച്ചനെ എടുത്തുകൊണ്ടു അപ്രത്യക്ഷനായി! ദീനസംരക്ഷണത്തിൽ കാണിച്ച ഈ ധീരകൃത്യം ശ്രീരാമഭൃത്യവംശജന് ഏററവും ഉചിതംതന്നെ.

ജന്തുക്കൾക്കു മാത്രമല്ല, ജീവികളായ ഉൽഭിദങ്ങൾക്കും കൂട്ടുകെട്ടും മററുമുണ്ടു്. അതു് അടുത്ത പടലത്തിൽ പറയാം.

---

## അദ്ധ്യാപനപദ്ധതി.

### കഥനം.

(എം. ജെ. അബ്രഹാം)

കഥനപാഠംകൊണ്ടുള്ള പ്രയോജനങ്ങൾ പലതാണു്.

1. അദ്ധ്യാപകാദ്ധ്യേതാക്കളെ രസിപ്പിക്കുക.
2. അദ്ധ്യേതാക്കൾക്കു ഉച്ചാരണശുദ്ധി ഉണ്ടാക്കുക.
3. ഉദാത്തോച്ചാരണത്താൽ ശ്വാസകോശത്തിന്റെയും കണ്ഠത്തിന്റെയും ശക്തി വദ്ധിപ്പിക്കുക.

4. ധാരണാശക്തിക്കും സങ്കല്പശക്തിക്കും ദൃഢതയും പോഷണവും ഉണ്ടാക്കുക.

5. ശബ്ദനിയന്ത്രണസാമർത്ഥ്യം ജനിപ്പിക്കുക.

6. ശ്രവണമാത്രയിൽ സ്വരവിശേഷങ്ങളെ വിവേചിക്കുവാനുള്ള പ്രാപ്തി വരുത്തുക.

7. ഓർമ്മശക്തിയെ ബലപ്പെടുത്തുക.

8. സംഗീതസാഹിത്യങ്ങളിൽ അഭിരുചി ജനിപ്പിക്കുക.

9. അറിവിൻെറ പരിധി വികസിപ്പിക്കുക.

10. വാക്യരചനയ്ക്കു സഹായമായിത്തീരുക.

11. സഭാകമ്പത്തേയും സങ്കോചത്തേയും നിവാരണം ചെയ്യുക.

12. സൗശീല്യസമ്പാദനത്തിനു സഹായിക്കുക.

13. ഏകാന്തവേളയിൽ സ്വയം ആഹ്ലാദിച്ചു രസിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുക.

14. മഹദാശയങ്ങളുടെ സമ്പാദനം മൂലം ജീവിതഗതിയിൽ ഉണ്ടാകാവുന്ന വിഷയങ്ങളെ സന്തോഷപൂർവ്വം സഹിക്കുന്നതിനുള്ള ശക്തി ഉണ്ടാക്കുക.

15. പ്രകൃതിയുടെ ഭംഗിയേയും രസികത്വങ്ങളേയും അറിയുന്നതിനും ആസ്വദിക്കുന്നതിനും ശേഷിയുണ്ടാക്കുക.

16. അനുകരണം മൂലം കവിതയുണ്ടാക്കുന്നതിനു സൌകര്യം നൽകുക. ഇവയെല്ലാം കഥനപാഠത്തിൻെറ ഉദ്ദേശങ്ങൾ തന്നെ.

ഈ ഉദ്ദേശങ്ങളെ സാധിക്കുന്നതിനു പര്യാപ്തമായ നല്ല പദ്യഭാഗങ്ങൾ കഥനത്തിനു സ്വീകാര്യമാണ്. ആശയപുഷ്ടിയോടുകൂടിയ ഭാഗങ്ങളും, ശബ്ദവിശേഷമുള്ള ഭാഗങ്ങളും, സാഹിത്യരസം കവിഞ്ഞൊഴുകുന്ന ഭാഗങ്ങളും കഥനത്തിനു തിരഞ്ഞെടുക്കണം. തിരഞ്ഞെടുക്കുന്ന ഭാഗം ഒരു പൂർണ്ണമായ സംഗതിയെ വെളിവാക്കേണ്ടുന്നതാകയാൽ ഇടയ്ക്കുനിന്നും എടുക്കുന്ന ഭാഗങ്ങൾക്കു സന്ദർഭത്തെ വെളിവാക്കുന്ന ഒരു വിവരണംകൂടി ആവശ്യം വേണ്ടതാണ്. സന്ദർഭം വെളിവാക്കാത്ത പക്ഷം തിരഞ്ഞെടുക്കുന്ന ഭാഗം എത്രതന്നെ നന്നായിരുന്നാലും, സൌന്ദര്യമേറിയ പ്രതിമയിൽനിന്നും വേർതിരിക്കപ്പെട്ട പ്രത്യേകാംഗംപോലെ വികൃതമായിരിക്കും. ആശയവൈശിഷ്ട്യവും ഭാഷാപാരുഷ്യവുമാണു കഥനത്തിൽ പ്രധാനമായി കരുതേണ്ടതു്. നല്ല ഗദ്യഭാഗങ്ങളും ഇതിലേക്കു സ്വീകരിക്കാവുന്നതുതന്നെ. പഠിക്കാൻ പ്രയാസമുള്ളതായിരുന്നാലും വായിക്കുവാൻ എളുപ്പമുള്ളതായിരിക്കണം.

കഥനപാഠവും ഭാഷാപാഠംപോലെ ആശയവിജ്ഞാപനാത്മകമായ സംഭാഷണം മൂലമാണ് ആരംഭിക്കേണ്ടതു്. എന്നാൽ ഭാഷാപാഠത്തെപ്പോലെ അത്ര പരിപൂർണ്ണമായ ആശയവിശദീകരണമാവശ്യമില്ല,

നന്നായി ചൊല്ലുവാനഭ്യസിപ്പിക്ക എന്നുള്ളതാണു കഥനപാഠം സംബന്ധിച്ച് അദ്ധ്യാപകന്റെ ചുമതല. നന്നായി ചൊല്ലുന്നതിനുള്ള ആദ്യത്തെ പടി നന്നായി മനസ്സിലാക്കുക എന്നുള്ളതാണു്. ഒരു ഭാഗം മനഃപാഠമാക്കേണമെന്നു നിശ്ചയിച്ചു കഴിഞ്ഞാൽ അതു മനഃപാഠമാക്കുന്നതിനുള്ള ആഗ്രഹം അദ്ധ്യേതാക്കളിൽ ജനിപ്പിക്കണം. രസപ്രദമായ ആശയവിശേഷത്താലും, ശബ്ദമാധുര്യത്താലും, ഉദ്ദിഷ്ടഭാഗം അദ്ധ്യേതാക്കൾക്ക് ആകർഷണീയമായിത്തീരണം, അഥവാ ആക്കിത്തീർക്കണം. ആകർഷണീയമായിട്ടുള്ളതിനെ മനഃപാഠമെന്ന നിലയിൽ സ്വന്തമാക്കുന്നതിനു കുട്ടികൾക്കുത്സാഹം ജനിക്കും. എല്ലാ കുട്ടികൾക്കും ഒരേ ഭാഗത്തിൽ രസം തോന്നി എന്നു വരികയില്ല. തന്നിമിത്തം എല്ലാവരും ഒരു ഭാഗംതന്നെ പഠിക്കേണമെന്നുള്ള നിർബ്ബന്ധം മനശ്ശാസ്ത്രവിരുദ്ധമാണ്. എങ്കിലും പാഠം നടത്തുന്നതിന് ഒരേ ഭാഗം തന്നെ ആയിരിക്കുന്നതു കൂടുതൽ സൌകര്യപ്രദമായിരിക്കും. അതിനാൽ അദ്ധ്യാപകൻ ഉദ്ദിഷ്ടഭാഗത്തെ വിശദീകരിക്കുമ്പോൾ അതിന്റെ വൈശിഷ്ട്യങ്ങളെപ്പററി പ്രശംസിച്ചു മിക്കവാറും എല്ലാവർക്കും ആകർഷണീയമാക്കിത്തീർക്കണം. അതു മനഃപാഠമാക്കുന്നതിനു കുട്ടികൾ ചെയ്യുന്ന ശ്രമത്തെ അഭിനന്ദിക്കയും വേണം.

പഠിപ്പിക്കുവാനുള്ള ഭാഗം ബോർഡിലെഴുതി ആശയവിശദീകരണവേളയിൽ യഥാസന്ദർഭം പലവുരു വായിപ്പിക്കാം. വാഗ്മുഖചോദ്യദ്വാരാ പരാവർത്തനം സാധിച്ച് ആശയബോധം കുട്ടികൾക്കുണ്ടാക്കിയതിനു ശേഷം ആകർഷണീയമായവിധം ചൊല്ലിക്കേൾപ്പിച്ച് അനുകരിപ്പിക്കണം. ഖണ്ഡശഃ ചൊല്ലിക്കൊടുത്തു പരിശീലിപ്പിക്കയെന്നുള്ളതാണ് എളുപ്പമായ മാർഗ്ഗം. ആശയത്തിനോ ചൊല്ലേണ്ടു രീതിക്കോ ഭംഗം വരാത്ത വിധം വേണം കഥനഭാഗത്തെ ഖണ്ഡശഃ തിരിക്കേണ്ടതു്. സന്ദർഭവും ആവശ്യവുമനുസരിച്ച് ഓരോരുത്തരെക്കൊണ്ടും, ഏതാനും പേരെക്കൊണ്ടും, എല്ലാവരെയുംകൊണ്ടും, ഒരേ സമയം ചൊല്ലിക്കാം. പ്രത്യേക സാമർത്ഥ്യമുള്ള കുട്ടിയെക്കൊണ്ടു ചൊല്ലിച്ച് അനുകരിപ്പിക്കുന്നതും വിഹിതം തന്നെ. യാതൊരു പ്രതിബന്ധവും കൂടാതെ നോക്കി, രാഗത്തിൽ വായിക്കുന്നതിനുള്ള പ്രാപ്തി ഉണ്ടാകേണ്ടതാണ്. അടുത്ത കഥനസമയം മനഃപാഠമായി ചൊല്ലുന്നതിനു ചുമതലപ്പെടുത്തിയാൽ മതിയാകും. ഒററ ദിവസം ശ്രമിച്ചു മനഃപാഠമാക്കുന്നതിനെ അപേക്ഷിച്ച് ഓർമ്മയിൽ ദീർഘകാലം നില്ക്കുന്നതു പല ദിവസത്തെ പരിശ്രമഫലമാണെന്ന് അനുഭവംകൊണ്ടു് അറിയാമല്ലോ.

കഥനത്തിനിടയ്ക്കു തടസ്സം വരുത്തിക്കൂടാ. ഒരു കുട്ടി ചൊല്ലുമ്പോൾ ഏതുവിധമുള്ള തെററുണ്ടായാലും ആ കുട്ടി ചൊല്ലിത്തീർന്നതിനുശേഷമേ അതിനെപ്പററി പറയാവൂ. ഇടയ്ക്കു തിരുത്തുന്നതു മററു ഗൌരവമേറിയ തെററുകൾക്കു നിദാനമായിത്തീരും. അർത്ഥം ഗ്രഹിച്ചു സ്പഷ്ടമായും പദ്യ

ത്തിലുള്ള മാത്രാനിബന്ധനകളനുസരണമായും ചൊല്ലുന്നു എങ്കിൽ മാത്രമെ കഥനം ശരിയായതായി ഗണിക്കുവാൻ പാടുള്ളു. വായന നന്നാകുന്നതിനു നിർദ്ദേശിച്ച മാർഗ്ഗങ്ങൾതന്നെ കഥനം ശരിപ്പെടുത്തുന്നതിനും സ്വീകാര്യമാകയാൽ അതു് ഇവിടെ വിവരിക്കുന്നില്ല. വ്യാകരണാലങ്കാരഭാഗങ്ങളെ സംബന്ധിച്ചുള്ള വിശദീകരണത്തിനു കഥനവേളയിൽ ശ്രമപ്പെടേണമെന്നില്ല. എങ്കിലും അലങ്കാരത്തെ വ്യക്തമാക്കിയാലേ അർത്ഥമാവൂ എന്നുള്ള ഘട്ടത്തിൽ അപ്രകാരം ചെയ്യാതെയും ഇരുന്നുകൂടാ. നോട്ടെഴുതുന്നതിനു മുൻസൂചനകളെ ആസ്പദമാക്കി ഭാഷാപാഠത്തിന് എന്നപോലെ ആകാം.

---

## അന്തഃരകണപ്രചോദനം.

(പി. എൻ. കുമാരൻനായർ ബി. എ.)

പ്രതിപാദ്യവിഷയം മനഃശാസ്ത്രപ്രധാനമാകയാൽ മാനസികമായ ചില തത്വങ്ങളെ ആദ്യമായി പ്രതിപാദിയ്ക്കേണ്ടിയിരിയ്ക്കുന്നു. മനോബലംകൊണ്ടു് ആത്മനിയന്ത്രണം സാധിക്കുന്നതെങ്ങനെയെന്നു ഗ്രഹിയ്ക്കുന്നതിനു മനസ്സിനെപ്പററി ഒരു സ്വരൂപജ്ഞാനമെങ്കിലും ആവശ്യമാണു്.

ജാഗ്രത്തു്, സുഷുപ്തി എന്നു രണ്ടവസ്ഥകൾ മനസ്സിൻെറ ദ്വൈതഭാവത്തെ സൂചിപ്പിക്കുന്നു. (സ്വപ്നാവസ്ഥ സുഷുപ്തിയിൽ ലീനമായിരിക്കുന്നതിനാൽ പ്രത്യേകവിവരണം ആവശ്യമില്ലല്ലൊ.) അവ രണ്ടും ജ്ഞാനശക്തിയുള്ളതല്ലെങ്കിലും ഒന്നു ജാഗ്രാവസ്ഥയിൽ നമുക്കു ജ്ഞാതമായും മറേറതു് അജ്ഞാതമായുമിരിക്കുന്നു. അജ്ഞാതമായിരിക്കുന്ന മനോഭാവം പ്രത്യേകനിരീക്ഷണം കൂടാതെ നമുക്കു പ്രത്യക്ഷപ്പെടുന്നില്ല. പ്രകൃത്യാനുസാരികളായ ചില സംഗതികളെ അഭിമുഖീകരിച്ചു് ഈ അഭിപ്രായത്തെ വിശദമാക്കുവാൻ ശ്രമിക്കാം. സ്വപ്നാടനത്തെക്കുറിച്ചു മിക്കവരും കേട്ടിരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. സ്വപ്നാടനക്കാരൻ രാത്രികാലങ്ങളിൽ ഉറക്കമുണരാതെ എഴുന്നേററു മുറി തുറന്നു ദീപത്തോടുകൂടിയോ അല്ലാതെയോ പുറത്തേയ്ക്കുപോയി വല്ല ജോലിയും നിർവ്വഹിച്ചതിനുശേഷം തിരിച്ചു തൻെറ മുറിയിൽ ചെന്നു കതകു ബന്ധിച്ചു മുൻപിലത്തെപോലെ നിർവ്വിഘ്നമായി നിദ്ര പ്രാപിക്കുന്നു. എന്നാൽ താൻ ഉറക്കത്തിൽ എഴുന്നേററു പുറത്തുപോയി ജോലി ചെയ്തു എന്നു് അയാൾ ലേശവും അറിയുന്നില്ല. കുറെ ചെയ്തുതീർത്ത ജോലി പിറേറദിവസം മുഴുമിച്ചു കാണുന്നതിൽ അയാൾ വിസ്മയിക്കുന്നു. അയാൾ അജ്ഞാതമായ ഒരു ജ്ഞാനശക്തിക്കു വഴിപ്പെട്ടിരിയ്ക്കണം എന്നുള്ളതു നിശ്ചയമാണു്. ഇതു നമ്മിൽ സ്ഥായിയായിരിക്കുന്ന മനസ്സിൻെറ അജ്ഞാതഭാവത്തിൻെറ പ്രത്യക്ഷപ്രകടനമല്ലാതെ മറെറന്താണു്? ഇനി മറെറാരുദാഹരണം നോക്കുക. ഒരു മദ്യപൻ കുടിച്ചു ബോധരഹിത

നായി അക്രമങ്ങൾ പ്രവൎത്തിക്കുന്നു. ഭ്രാന്തനെപ്പോലെ അയാൾ കയ്യിൽ കിട്ടിയവടിയോ ആയുധമോ എടുത്തു് അന്യരെ മട്ടിക്കുന്നു. സ്വബോധം വരുമ്പോൾ അയാൾ സംഗതികളുടെ യാഥാൎത്ഥ്യം അറിയുന്നു. മുമ്പിൽ കാണുന്ന ദുഷ്കൎമ്മങ്ങളുടെ കൎത്താവു താനാണെന്നറിയുമ്പോൾ അയാൾ ലജ്ജിക്കുന്നു. അജ്ഞേയമായ ഭാവനാശക്തിയുടെ ദുഷ്ടമായ പ്രചോദനാഫലമായി അയാൾ ദുഷ്ടത പ്രവൎത്തിച്ചു.

ഇത്രയും പറഞ്ഞതുകൊണ്ടു ജ്ഞേയമായ മനോഭാവവും അജ്ഞേയമായ മനോഭാവവും തമ്മിൽ ദൃഢമായ വൈജാത്യമുണ്ടെന്നു സിദ്ധമായല്ലോ. ജാഗ്രദവസ്ഥയിൽ പ്രവൎത്തനം ചെയ്യുന്ന ജ്ഞേയമായ മനോശക്തിയുടെ ഓൎമ്മശക്തി നിസ്സാരമാകുന്നു. സുഷുപ്ത്യവസ്ഥയിലുള്ള മനോഭാവത്തിന്റെ ഓൎമ്മശക്തി അത്ഭുതാവഹവും ഏററവും വിശ്വസിക്കത്തക്കതുമാകുന്നു. നാം അറിയാതെതന്നെ നമ്മുടെ ജീവിതകാലത്തുണ്ടാകുന്ന ഏതു ചെറിയ അനുഭവത്തേയും അതു മനസ്സിൽ രേഖപ്പെടുത്തുന്നു. സദാ സുഷുപ്തിരൂപത്തിലിരിക്കുന്ന ഈ മനോഭാവം ബുദ്ധിപൂൎവ്വമായ ആലോചനകൂടാതെ ആജ്ഞാപിച്ച സകലവും വിശ്വാസപൂൎവ്വം സ്വീകരിക്കുന്നു. മസ്തിഷ്കവ്യാപാരവും മററവയവങ്ങളുടെ സൎവ്വപ്രകാരേണയുള്ള സകല വ്യാപാരങ്ങളും ഈ മനോഭാവത്തിന്റെ ബഹിൎപ്രവൎത്തനം മാത്രമാണു്. ഇതു നമ്മുടെ ശരീരവ്യാപാരങ്ങളെ നിയന്ത്രിക്കുന്നു എന്നു മാത്രമല്ല, നമ്മുടെ സകല പ്രവൃത്തികൾക്കും നിദാനമായുമിരിക്കുന്നു. ഭാവനാ എന്നറിയപ്പെടുന്ന സങ്കല്പശക്തിയുടെ മൂലോപാധി ഈ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു. നിശ്ചയശക്തിയും ഭാവനാശക്തിയുമായുള്ള പോരാട്ടത്തിൽ നിശ്ചയശക്തി എല്ലായ്പ്പോഴും പരാജയം പ്രാപിക്കുന്നു. ഈ സംഗതി കുറെക്കൂടി വിശദപ്പെടുത്തുവാൻ ശ്രമിക്കാം. [നമ്മുടെ നിശ്ചയശക്തിയാണു നമ്മെ കൎമ്മം ചെയ്യാനായി പ്രേരിപ്പിക്കുന്നതു് എന്നു മിക്കവാറും ജനങ്ങൾ വിശ്വസിക്കുന്നു. ഇതു ജനസാമാന്യത്തിൽ സ്ഥിരപ്രതിഷ്ഠമായി തീൎന്നിട്ടുള്ള ഒരു തെററിദ്ധാരണയാണു്.] നമ്മുടെ നിശ്ചയശക്തി സങ്കല്പരൂപമായ ഭാവനക്കു വിധേയമായിരിക്കുന്നു. ഇതു ഭീമമായ ഒരബദ്ധജല്പനമാണെന്നു് ഒരു പക്ഷേ വായനക്കാർ അവഹേളനം ചെയ്തേക്കാം. നേരെ മറിച്ചു സത്യാവസ്ഥ ഇപ്രകാരമാണെന്നു ഞാൻ ഉച്ചൈസ്തരം മറുപടി പറയുന്നു. പുറവുപാടും കണ്ണുതുറന്നു നോക്കി സംഗതികളുടെ യാഥാൎത്ഥ്യം അറിയുക. അപ്പോൾ ഞാൻ പറയുന്നതു ക്ഷീണിച്ച മസ്തിഷ്കത്തിൽനിന്നുൽഭൂതങ്ങളായ അബദ്ധജല്പനകളല്ലെന്നും പരമാൎത്ഥസംഗതികളാണെന്നും വായനക്കാൎക്കു ബോദ്ധ്യമാകും. ചില ഉദാഹരണങ്ങളെക്കൊണ്ടും നിശ്ചയശക്തിയുടെ അല്പത്വത്തെ തെളിയിക്കാൻ ശ്രമിക്കാം. മുപ്പതടി നീളവും ഒരടി വീതിയുമുള്ള ഒരു മരപ്പലക തറയിൽ വച്ചിരിക്കുന്നതായി കരുതുക. ഈ പലകയുടെ ഒററത്തുനിന്നും മറെറ

അററത്തേക്കു ആക്കും നിഷ്പ്രയാസം കടന്നു പോകാമെന്നുള്ളതിൽ പക്ഷാന്തരമില്ലല്ലോ. ഇനി പരിതസ്ഥിതികളെ മാറി കരുതുക. ഇതേ പലക തന്നെ ഒരു മാളികയുടെ ഇരുപുറ്റങ്ങളിൽ സ്ഥാപിച്ചു എന്നിരിക്കട്ടെ. ഈ സ്ഥിതിയിൽ പലകയുടെ ഒററത്തുനിന്നും കുറെ അടി ദൂരമെങ്കിലും നടക്കുവാൻ ആക്കു സാധിക്കും? മിക്കു പേരെക്കൊണ്ടും സാധിക്കയില്ല എന്നുള്ളതു നിശ്ചയം. നിങ്ങൾ ഒരടി വെയ്ക്കാൻ തുടങ്ങുന്നതിനു മുമ്പു വിറച്ചു തുടങ്ങും. നിങ്ങൾ നടക്കണമെന്നു എത്ര നിശ്ചയിച്ചുറപ്പിച്ചാലും താഴെ വീഴുമെന്നുള്ളതു നിശ്ചയം. പലക തറയിൽ സ്ഥിതിചെയ്യുമ്പോൾ വീഴാതെ നടന്നു പോകുന്നതും, തറയിൽനിന്നു പരിസ്ഥിതിചെയ്യുമ്പോൾ താഴെ വീഴുന്നതും എന്തുകൊണ്ടു? കാരണം നിസ്സാരമാണ്. പലക തറയിൽ ഇരിക്കുമ്പോൾ ഒററത്തുനിന്നും മറേറ അററത്തേക്കു പോകുന്നതു എളുപ്പമാണെന്നു നിങ്ങൾ സ്വയംസങ്കല്പിക്കുന്നു. രണ്ടാമത്തെ സ്ഥിതിയിൽ പലകയുടെ മുകളിൽക്കൂടി നടന്നു പോകുന്നതു അസാദ്ധ്യമാണെന്നു നിങ്ങൾ അറിയാതെ സങ്കല്പിക്കുന്നു. ഇവിടെ നിശ്ചയശക്തി നിങ്ങളെ മുന്നോട്ടു നയിക്കുന്നതിനു ലേശവും പര്യാപ്തമാകുന്നില്ല. അസാദ്ധ്യമെന്നു നിങ്ങൾ സങ്കല്പിച്ചതാൽ അതു നിങ്ങൾക്കു അസാദ്ധ്യമായിത്തന്നെ പരിണമിക്കുന്നു. ആശാരിമാർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പലകയിൽക്കൂടി നടക്കുന്നുണ്ടെങ്കിൽ അതു അവരാൽ സാദ്ധ്യമാണെന്നു അവർ കരുതുന്നതുകൊണ്ടാണ്. വീഴുവാൻ പോകുന്നു എന്നുള്ള ചിത്രം മനസ്സിൽ ഉദിക്കുമ്പോഴാണു തലചുററലുണ്ടാകുന്നതു. എത്രത്തോളം നിശ്ചയിച്ചുറപ്പിച്ചാലും മനസ്സിൽ സങ്കല്പിച്ച ചിത്രം വാസ്തവമായി പരിണമിക്കുന്നു. ഭാവനയ്ക്കെതിരായി എതിർ നിശ്ചയത്തിന് എത്രത്തോളം പ്രാബല്യം കൂടുന്നുവോ അത്രയും ത്വരിതഗതിയിൽ പതനം സംഭവിക്കുന്നു.

ഇനി ഒരാൾ ഉറക്കമില്ലായ്മ എന്ന ദുശ്ശീലത്തിന് അടിമപ്പെട്ടിരിക്കുന്നു എന്നു വിചാരിക്കുക. അയാൾ ഉറങ്ങുവാനായി ശ്രമിച്ചില്ലെങ്കിൽ ശയ്യയിൽ ശാന്തനായി കിടക്കാം. എന്നാൽ ഉറങ്ങുവാനായി നിശ്ചയപൂർവ്വം ശ്രമിച്ചു തുടങ്ങിയാൽ കൂടുതൽ അസ്വാസ്ഥ്യനാകുന്നതല്ലാതെ ഫലമില്ല.

നിങ്ങൾ മറന്നുപോയ ഒരു സംഗതിയെ ഓർമ്മിക്കുവാൻ ശ്രമിക്കുംതോറും നിങ്ങളുടെ വിസ്മൃതി കൂടുന്നതേയുള്ളൂ. “ഞാൻ മറന്നുപോയി” എന്നുള്ള ആശയത്തിനുപകരം “ഞാൻ ഇപ്പോൾ ഓർമ്മിക്കും” എന്നു വിചാരിക്കുമ്പോൾ നിങ്ങൾ യഥാർത്ഥമായി സംഗതിയെ ഓർമ്മിക്കുന്നു.

നിങ്ങളിൽ സൈക്കിൾ പരിശീലനമുള്ളവരുടെ അനുഭവം എന്താണ്? ആരംഭകാലത്തു വഴിയിൽ എന്തെങ്കിലും ചെറുതടസ്സങ്ങൾ കണ്ടാൽ അതിൽനിന്നു ഒഴിയുന്നതിനു നിങ്ങൾ മനഃപൂർവ്വം ശ്രമിച്ചിരുന്നു. എന്നാൽ ശ്രമം കൂടുന്തോറും നിങ്ങൾ അപകടത്തിൽ പെട്ടിരുന്നു.

ചിരിയെ അടക്കുവാൻ അതിയായി ശ്രമം ചെയ്യുമ്പോൾ നിങ്ങൾ അപ്രതിഹതമായ ചിരിക്കു വശംവദരായിട്ടില്ലേ?

മുൻപറഞ്ഞ ഘട്ടങ്ങളിൽ ഓരോരുത്തരുടേയും മനഃസ്ഥിതി എന്തായിരുന്നു? "ഞാൻ വീഴരുതു; പക്ഷെ എനിക്കു നിവൃത്തിയില്ല." "എനിക്കുറങ്ങണമെന്നു് ആഗ്രഹമുണ്ടു്; എങ്കിലും സാദ്ധ്യമല്ല." "എനിക്കു ഇന്നസംഗതി ഓൎമ്മിക്കണം; പക്ഷെ എന്നാൽ അതസാദ്ധ്യമാണു്." "എനിക്കു് ആ തടസ്സം ഒഴിച്ചു പോകണം; പക്ഷെ നിവൃത്തിയില്ല." "എനിക്കു ചിരി അടക്കണം; എങ്കിലും എന്നാൽ സാദ്ധ്യമല്ല". ഈ വിപരീതാവസ്ഥകളിലെല്ലാം ഭാവനാശക്തി നിശ്ചയശക്തിയെ ജയിച്ചു നിൽക്കുന്നതു പ്രത്യക്ഷമല്ലയോ?

സേനാനായകൻ സേനയുടെ മുമ്പിൽനിന്നു സൈന്യത്തെ ഉത്സാഹപൂൎവ്വം നയിച്ചുകൊണ്ടു പോകുന്നതും സങ്കല്പശക്തിയുടെ പ്രഭാവത്താലാണു്. തങ്ങൾ തീച്ചയായും മുന്നോട്ടു പോകണമെന്നു നായകന്റെ പ്രവൃത്തിയിൽനിന്നും സൈന്യം സങ്കല്പിക്കുന്നു. അവർ മുന്നോട്ടു പോകുന്നു. മുമ്പിൽ പോകുന്ന ആടു് ഒരു റാട്ടയിൽക്കൂടി നൂന്നുപോകയാണെങ്കിൽ ശേഷമുള്ള സകല ആടുകളും അതുപോലെ ചെയ്യുന്നു. മനുഷ്യരായ നമുക്കും ആടുകളോടു് ഈ വിഷയത്തിൽ സാദൃശ്യമുണ്ടു്. നാം അറിയാതെതന്നെ മററുള്ളവരുടെ പ്രവൃത്തികളെ പകൎത്തുന്നു; വിപരീതമായി നടക്കുന്നതിനു നിവൃത്തിയില്ലെന്നു നാം സ്വയം സങ്കല്പിക്കുന്നു.

ഇനിയും ഉദാഹരണങ്ങൾ ഉദ്ധരിച്ചു വായനക്കാരുടെ ക്ഷമയെ പരീക്ഷിക്കണമെന്നുദ്ദേശിക്കുന്നില്ല. എങ്കിലും മനസ്സങ്കല്പത്തിനു നിശ്ചയശക്തിയിലുള്ള പരമാധികാരം ഒട്ടെങ്കിലും വെളിപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല.

ചില മദ്യപാനികൾക്കു കുടി ഉപേക്ഷിക്കണമെന്നു് ആഗ്രഹമുണ്ടെങ്കിലും അതു അവരാൽ സാധിക്കുന്നില്ല. മദ്യം ഉപേക്ഷിക്കണമെന്നു് അവൎക്കു യഥാൎത്ഥമായ ആഗ്രഹമുണ്ടെങ്കിലും മദ്യപാനനിരോധം അസാദ്ധ്യമാണെന്നവർ പറയും. തങ്ങളുടെ മനോനിശ്ചയത്തിന്നെതിരായി ഒരു ശക്തി അവരെ കുടിക്കുവാനായി പ്രേരിപ്പിക്കുന്നു. അതുപോലെതന്നെ ചില കുററക്കാർ തങ്ങളുടെ ആഗ്രഹത്തിന്നെതിരായി പലപ്പോഴും കുററം ചെയ്തുപോകുന്നു. അവരുടെ നിശ്ചയശക്തിക്കതീതമായ ഒരു പ്രേരകശക്തി അവരെ ദുഷ്കൎമ്മികളാക്കുന്നു. മുൻപറഞ്ഞ മദ്യപാനിയും കുററക്കാരനും തങ്ങളുടെ മനോനിശ്ചയത്തിനെതിരായി വ്യാപരിക്കുന്ന സങ്കല്പശക്തിക്കു വിധേയരാകുന്നു. അജ്ഞരായ നാം നമ്മുടെ നിശ്ചയശക്തിയെ പുകഴ്ത്തുന്നു. എന്നാൽ നാം സങ്കല്പരൂപമായ ഇച്ഛാശക്തിയ്ക്കനുസരണമായി വൎത്തിക്കുന്നു. അതിനാൽ ഭാവനാശക്തിയെ നേർവഴിയിലൂടെ നയിയ്ക്കുയാകുന്നു നമ്മുടെ കൎത്തവ്യം.

നമ്മുടെ ഭാവനാശക്തി ഊക്കോടുകൂടി പായുന്ന ഒരു ജലപാതത്തിനോടുപമിയ്ക്കപ്പെടാവുന്നതാണു്. അതിൽ പതിക്കുന്ന സാധുമനുഷ്യന്റെ

തീവ്രശ്രമങ്ങൾക്കെതിരായി അവനെ അത്യുനാശഗർത്തത്തിലേക്ക് ഒഴുക്കിക്കൊണ്ടുപോകുന്നു. എന്നാൽ ഈ ജലപാതത്തെ വഴിയാംവണ്ണം ഉപയോഗിക്കാൻ കഴിയുമെങ്കിൽ അതിനെ തൊഴിൽശാലയിലേക്കു നയിച്ച് ഉഷ്ണശക്തിയായൊ വിദ്യുച്ഛക്തിയായൊ മറെറന്തെങ്കിലും ഉപയോഗപൂർണ്ണമായ വിധത്തിൽ മാററുവാൻ നമ്മാൽ സാധിക്കുന്നുണ്ടു്. ഇതുപോലെതന്നെ നമ്മുടെ സങ്കല്പശക്തിയെ ശരിയായ വിധത്തിൽ നിയന്ത്രിക്കുവാൻ സാധിക്കുമെങ്കിൽ മഹത്തായ ഫലം സിദ്ധിക്കുന്നതാണ്. സങ്കല്പം അനിർവ്വാച്യമായ ഒരു ശക്തിവിശേഷമാകുന്നു. മനുഷ്യരിൽ അന്തർല്ലീനമായിട്ടുള്ള ശക്തികളിൽ അതിപ്രധാനമായ സങ്കല്പരൂപമായ ഭാവനാശക്തിയെ നമുക്ക് ഇഷ്ടംപോലെ നയിക്കുവാൻ കഴിയും. ഇതിനുപരി പ്രസ്താവിക്കുവാൻ പോകുന്ന സംഗതികളെ പൂർണ്ണമായി ഗ്രഹിക്കുന്നതിനു രണ്ടു പദങ്ങൾക്കു പ്രത്യേക വിവരണം ആവശ്യമായി തോന്നുന്നു. ഇവ പ്രചോദനം, അന്തഃകരണപ്രചോദനം എന്ന വാക്കുകളാണ്. ഈ ലേഖകൻ ഈ വാക്കുകൾക്കു നൽകപ്പെട്ടിട്ടുള്ള പ്രത്യേക വിവരണത്തെ താഴെ കാണിക്കാം.

ഒരാശയത്തെ അന്യനിൽ സംക്രമിപ്പിക്കുന്ന പ്രവൃത്തിക്കു പ്രചോദനം എന്നു പേർ നൽകാം. എന്നാൽ ഈ പ്രവർത്തനം യഥാർത്ഥത്തിൽ ഉള്ളതുതന്നെയൊ? ഇതിനു ഇല്ല എന്നു മറുപടി പറയേണ്ടിവരും. പ്രചോദനം രൂപഭേദമില്ലാതെ സ്വയമായി വർത്തിക്കുന്നില്ല. പ്രചോദനം ഒരു വ്യക്തിയിൽ അന്തഃകരണപ്രചോദനമായി മാറാതെ സ്വകീയമായ നിലയിൽ സ്ഥിതി ചെയ്യുന്നില്ല. ഒരുവൻ അവനാൽതന്നെ മനസ്സിൽ രൂപീകരിക്കുന്ന ആശയത്തിനു അന്തഃകരണപ്രചോദനം എന്നു നാമകരണം ചെയ്യാം. മനസ്സിൽ ദൃഢമായി രൂപീകരിച്ചിട്ടുള്ള ആശയങ്ങളുടെ ബഹിർപ്രവർത്തനമാണല്ലൊ പ്രവൃത്തികളായി പരിണമിക്കുന്നത്. ഒരാശയം മാത്രമെ ഒരു സമയം മനസ്സിൽ ദൃഢമായി രൂപീകരിക്കുന്നതിനു സാധിക്കുന്നുള്ളു. ആശയങ്ങൾ ഓരോന്നായി പ്രവർത്തനം ചെയ്യുന്നതല്ലാതെ ഏകകാലത്തുതന്നെ വിവിധങ്ങളായ ആശയങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം സാദ്ധ്യമല്ലതന്നെ. ദൃഢമായി രൂപീകരിക്കപ്പെട്ട ആശയം തദനുസാരിയായ പ്രവൃത്തിയിലേക്കു നമ്മെ ഉദ്യമിപ്പിക്കുന്നു. അന്തഃകരണപ്രചോദനത്താൽ മനസ്സിൽ ഒരാശയം ദൃഢമായി രൂപീകരിക്കുന്നതിനു സാധിക്കുന്നു. ആശയത്തിനനുരൂപമായി ഉദ്ദിഷ്ടഫലവും സിദ്ധിക്കുന്നു. നമ്മുടെ സകല അനുഭവങ്ങളും നമ്മുടെ വിചാരപുഷ്പത്തിന്റെ ഫലങ്ങളാണെന്നു പറവാൻ എനിക്കു ലേശവും സംശയമില്ല.

നിങ്ങൾക്ക് ഒരാളിൽ പ്രചോദനം ചെയ്യാൻ സാധിക്കും. സൂക്ഷ്മ

പ്താവസ്ഥയിൽ ഇരിക്കുന്ന അയാളുടെ സങ്കല്പശക്തി അന്യന്റെ പ്രചോദനം സ്വീകരിപ്പാൻ ഭാവമില്ലെങ്കിൽ ഫലമുണ്ടാവുകയില്ല. നേരെ മറിച്ച് മനസ്സ് അതു സ്വീകരിച്ച് അന്തഃകരണപ്രചോദനമായി മാറ്റപ്പെട്ടുവെങ്കിൽ ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നതാണ്. മന്ത്രവാദികൾ പിണിയാളെ ഉദ്ദേശിച്ച ഗൂഢസംഗതികൾ വെളിപ്പെടുത്തുന്നതും ബാധോപദ്രവത്തെ അകറ്റുന്നതും മാന്ത്രികന്റെ ഭാവനാശക്തിയുടെ വ്യാപാരത്താൽ പിണിയാളുടെ മനസ്സിൽ സഞ്ജാതമാകുന്ന അന്തഃകരണപ്രചോദനത്തിന്റെ അലംഘ്യമായ ആജ്ഞാശക്തിയാൽ മാത്രമാകുന്നു. മാന്ത്രികന്റെ ഇച്ഛാശക്തി പിണിയാളുടെ മനസ്സിൽ സംക്രമിച്ച് അന്തഃകരണപ്രചോദനമായി പരിണമിക്കുന്നു. അതുകൊണ്ട് ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. മന്ത്രം ജപിച്ചു സിദ്ധിവരുത്തുന്നതും കൂടുതൽ ശക്തി സമ്പാദിക്കുന്നതും ഭാവനാശക്തിയെ ഇച്ഛാനുസരണം പ്രവർത്തിക്കുന്നതിനു സിദ്ധിച്ച അഭ്യാസബലത്താലാണ്. ഏറ്റവും പരിമിതമായ ശബ്ദസമൂഹങ്ങളെക്കൊണ്ടു മഹത്തായ ആശയത്തെ മനസ്സിൽ പ്രചോദനാരൂപേണ സംക്രമിക്കുന്നതിനു മന്ത്രങ്ങൾ പര്യാപ്തങ്ങളാകുന്നു. പരിശീലനം കൊണ്ടു മന്ത്രനിർദ്ദിഷ്ടമായ ആശയം അന്തഃകരണപ്രചോദനമായി മാറുകയും ഭാവനാശക്തി ഇച്ഛാനുസരണം പ്രവർത്തിക്കുകയും ചെയ്യുന്നു. മന്ത്രസിദ്ധിയിൽ വിശ്വാസമുള്ളവർ അന്ധവിശ്വാസികളാണെന്നും മന്ത്രങ്ങൾക്കു യാതൊരു ശക്തിയുമില്ലെന്നും ജല്പിക്കുന്നവർ തങ്ങളുടെ ദൈന്യമായ അജ്ഞതയെ വെളിപ്പെടുത്തുകയാണു ചെയ്യുന്നതു്.

ഇനി നമുക്കു ഭാവനാശക്തിയെ സ്വേച്ഛാനുസരണം നയിക്കാൻ കഴിയുന്നതെങ്ങിനെയെന്നാലോചിക്കാം. ഇതു തന്നാൽ സാദ്ധ്യമാണെന്നുള്ള ദൃഢവിശ്വാസമാണു പ്രഥമമായി വേണ്ടതു്. രണ്ടാമതായി ഇതു എപ്രകാരം സാധിക്കാം എന്നുള്ള അറിവു്; ഇതിനുള്ള മാർഗ്ഗം ഏറ്റവും ലളിതവും സുകരവുമാണ്. ഇതു നമ്മുടെ ജനനം മുതൽ നമ്മുടെ അറിവോ ആഗ്രഹമോ കൂടാതെ നമ്മുടെ സകല ശ്വാസോച്ഛ്വാസങ്ങൾക്കും നിദാനമായി മിക്കപ്പോഴും ദോഷഭൂയിഷ്ഠമായ വിധത്തിൽ നാം ഉപയോഗിക്കുന്ന അന്തഃകരണപ്രചോദനം മാത്രമാകുന്നു.

നാം അറിയാതെ തന്നെ നമ്മിൽ ദുഷ്ടമായ അന്തഃകരണപ്രചോദനം അനുസ്യൂതമായി ഉണ്ടാകുകയും തജ്ജന്യമായ ദോഷഫലങ്ങൾ നാം അനുഭവിക്കയും ചെയ്യുന്നു. ഇതിനു വിപരീതമായി നമ്മുടെ അറിവോടുകൂടി തന്നെ നല്ലവയും ആശാസ്യവുമായ അന്തഃകരണപ്രചോദനം നടത്തുക. ഇതിനായി അന്തഃകരണപ്രചോദനത്തിനു വിഷയമായ ആശയങ്ങളെ മനസ്സിൽ ദൃഢമായി രൂപീകരിച്ചു മറ്റുള്ള സകല സംഗതികളെയും വിസ്മരിച്ചു സാധിക്കും എന്ന പരിപൂർണ്ണവിശ്വാസത്തോടുകൂടി തന്റെ ഇംഗിതത്തെ പല പ്രാവശ്യം ഏകാഗ്രതയോടുകൂടി ഉരുവിടുക. ഈ പ്രചോദ

നം നമ്മുടെ അഭിജ്ഞേയമായ മനോഭാവം സ്വീകരിച്ച് അന്തഃകരണപ്രചോദനമായി രൂപാന്തരപ്പെട്ടുവെങ്കിൽ നമ്മുടെ ഇംഗിതം (അതു നമ്മാൽ സാദ്ധ്യമായിരിക്കണം) ആശിച്ച വിധത്തിൽ സാധിക്കുമെന്നുള്ളതു നിശ്ചയം. സങ്കല്പത്തിൻെറ വിധേയമായി സാന്മാൎഗ്ഗികമായും ശാരീരികമായും നമ്മിലുള്ള അനുസരണശക്തിക്ക് അന്തഃകരണപ്രചോദനമെന്ന് ഈ ഘട്ടത്തിൽ വ്യവഹരിക്കാം. ഇതിൻെറ ആജ്ഞാശക്തി അവിതൎക്കമാണ്. നിങ്ങളാൽ സാദ്ധ്യമായ ഒരു സംഗതി എത്ര വിഷമമേറിയതായിരുന്നാലും നിങ്ങൾ ചെയ്യുമെന്ന ദൃഢസങ്കല്പമുണ്ടായാൽ നിശ്ചയമായും ആ കാൎയ്യം നിങ്ങൾ ചെയ്തുതീൎക്കുന്നതാണ്. നേരെ മറിച്ച് അതു നിങ്ങളാൽ അശക്യമെന്നു സങ്കല്പിച്ചാൽ നിങ്ങൾക്ക് ഒരിക്കലും അതു ചെയ്വാൻ സാധിക്കയുമില്ല. ചിലർ തങ്ങളെക്കൊണ്ട് ഒന്നും ചെയ്വാൻ സാധിക്കയില്ലെന്നു നിരാശപ്പെടുന്നു. അതിനാൽ അവരുടെ ശ്രമങ്ങൾ പരാജയത്തിൽ പരിണമിക്കുന്നു. ചിലർ ഇന്ന സമയത്തു തങ്ങൾക്ക് ഇന്നതു സംഭവിക്കുമെന്നു ദീൎഘദൎശനം ചെയ്യാറുള്ളതു വാസ്തവമായി പരിണമിക്കുന്നതു് അവരുടെ ആശയ്ക്കൊത്ത അന്തഃകരണപ്രചോദനം ഫലപ്പെടുന്നതുകൊണ്ടാണ്. ഒരു വേദന പോകുമെന്ന് ഏകാഗ്രമായി ധ്യാനിച്ചാൽ അതു കുറഞ്ഞതായി നമ്മെ വിട്ടുമാറുന്നതാണ്. കഷ്ടതകളുണ്ടെന്നു സങ്കല്പിച്ചാൽ തീൎച്ചയായും നാം കഷ്ടതകൾക്കധീനപ്പെടുന്നതാണ്. അനാശാസ്യമായ പ്രചോദനം മനസ്സിൽ സംക്രമിക്കുന്നുണ്ടെന്നു കണ്ടാൽ അഭിലഷണീയവും ഗുണകരവുമായ ആശയങ്ങളെ ഭാവനാശക്തിക്കു വിധേയമാക്കി അന്തഃകരണപ്രചോദനം നടത്തുന്നതായാൽ ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നതാണ്. നമ്മുടെ നിശ്ചയശക്തിയുടെ പരിശീലനം സ്വാദുഫലത്തെ നൽകുന്നില്ല. ഭാവനാശക്തിയെ നിയന്ത്രിക്കുകയാണു സൎവ്വോപരി ശ്രേഷ്ഠമായിട്ടുള്ളതു്. നിങ്ങൾക്കു ജീവിതവിജയത്തിൽ ആഗ്രഹമുണ്ടെങ്കിൽ ജയം കിട്ടുമെന്നു നിങ്ങൾ ദൃഢമായി വിശ്വസിക്കുക. നിങ്ങൾക്കു ജയം സിദ്ധിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല. രോഗശാന്തിക്കായി വൈദ്യന്മാർ ചെയ്യുന്ന ഉപായങ്ങളെല്ലാം മിക്കപ്പോഴും അന്തഃകരണപ്രചോദനമായി മാറുമ്പോഴാണു രോഗശമനമുണ്ടാകുന്നതു്. ഒരു ഡാക്ടരുടെ സന്നിധാനത്തിൽ തൻെറ രോഗം മിക്കവാറും ഭേദപ്പെട്ടതുപോലെ രോഗി വിചാരിക്കുന്നു. മിക്കപ്പോഴും ഈ വിചാരത്താൽ തന്നെ രോഗം ഭേദപ്പെടുന്നുമുണ്ട്. പരസ്യങ്ങളിൽ കാണുന്ന മരുന്നുകൾക്കു വല്ല ഫലവുമുണ്ടെങ്കിൽ അതുപയോഗിക്കുന്നവരുടെ മനസ്സിൽ ശക്തിയായി പ്രവൎത്തനം ചെയ്യുന്ന ഗുണകരമായ പ്രചോദനത്തിൻെറ ഫലമാണ്.

പുതിരിയാതി ഇമ്മാതിരിയുള്ള അഭിപ്രായം പുറപ്പെടുവിക്കുന്ന ഒരുവനെ പലപ്പോഴും ജനസാമാന്യം ഭ്രാന്തനായി ഗണിച്ചേക്കാം. എങ്കിലും മിക്കവരും കായികമായോ മാനസികമായോ അനുഭവിക്കുന്ന കഷ്ട-

തകരം തങ്ങളുടെ സങ്കല്പജാതമായ കഷ്ടതകളാണെന്നു ഞാൻ സധൈര്യം പ്രസ്താവിക്കുകതന്നെ ചെയ്യുന്നു. ഈ വിഷയത്തിൽ പാണ്ഡിത്യമുള്ള ശാസ്ത്രജ്ഞന്മാർ ഇവകളെ സോദാഹരണം തെളിയിച്ചിട്ടുണ്ട്. ആവശ്യമെന്നു തോന്നുന്നപക്ഷം ആ തെളിവുകളെ മറെറാരവസരത്തിൽ ഉദ്ധരിച്ചുകൊള്ളാം. ഒരേ സ്ഥിതിയിൽ ഇരിക്കുന്ന രണ്ടുപേരിൽ ഒരുവൻ സന്തോഷവാനായും അപരൻ ദുഃഖിതനായും സ്ഥിതി ചെയ്യുന്നതിന്റെ രഹസ്യമെന്ത്? ഇത് ഓരോരുത്തരുടേയും സങ്കല്പജാതമായ ഫലമാണെന്നുള്ളതിൽ സംശയമുണ്ടോ? അനവധി കഷ്ടതകളുടേയും നിദാനം സങ്കല്പമാണെങ്കിൽ നമ്മുടെ കായികമായും മാനസികമായുമുള്ള മിക്ക കഷ്ടതകളും സുഷുപ്ത്യവസ്ഥയിൽ സ്ഥിതിചെയ്യുന്ന ഭാവനയുടെ നിരന്തരവ്യാപാരംകൊണ്ടു മാറി കിട്ടുന്നതാണ്. ഇതു ഭാവനയുടെ ദുർവ്യാപാരത്താൽ ഉണ്ടായ ദുഃഖങ്ങളെ അകററുന്നതു കൂടാതെ നമ്മിൽ സ്ഥായിയായി കുടികൊള്ളുന്ന മിക്ക രോഗങ്ങളേയും ഉന്മൂലനം ചെയ്വാനും ഉപകരിക്കുന്നു. ഒരു മുറിയിൽ ഏകനായി ഒരു കസേരയിൽ ഇരുന്നു കണ്ണടച്ചുകൊണ്ടു നിങ്ങൾക്കു സാധിക്കേണ്ട സംഗതികളെപ്പററി കുറെനേരം ഏകാഗ്രമായിരുന്നു ധ്യാനിക്കുക. നിങ്ങൾ ചെയ്ത പ്രചോദനം യഥാർത്ഥമായി അന്തഃകരണപ്രചോദനമായി മാറിയെങ്കിൽ നിങ്ങൾക്കു ഉദ്ദിഷ്ടകാര്യസിദ്ധിയുണ്ടാകുന്നതിൽ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. പ്രചോദനഫലത്തെ അറിയുന്നതു ഉദ്ദിഷ്ടഫലസിദ്ധിയിൽനിന്നു മാത്രമാണ്. പ്രചോദനാവസരത്തിൽ നിശ്ചയശക്തിയെ ഒരിക്കലും പ്രവർത്തിക്കരുതു. പ്രചോദനം വിചാരതീക്ഷ്ണതകൂടാതെ പ്രകൃത്യാനുസാരിയായി ചെയ്യേണ്ടതാണ്. നിശ്ചയശക്തി മിക്കപ്പോഴും ഭാവനാശക്തിക്കെതിരായി പ്രവർത്തിക്കുന്നു. നാം ഒരു സംഗതി ചെയ്യുമെന്നു നിശ്ചയിച്ചുറപ്പിക്കുന്നു. "നിങ്ങൾക്കാഗ്രഹമുണ്ടെങ്കിലും നിങ്ങളാൽ അതു സാധിക്കുകയില്ല" എന്നു ഭാവനാശക്തി അന്തഃകരണപ്രചോദനമായിമാറുന്നു. നമ്മുടെ നിശ്ചയം വ്യർത്ഥമായി ഭവിക്കുമെന്നു മാത്രമല്ല, ആശിച്ചതിൽനിന്നു വിപരീതഫലം സിദ്ധിക്കയും ചെയ്യുന്നു. ഭാവനാശക്തി നിശ്ചയശക്തിയിൽനിന്നു വ്യതിരേകമായി പ്രവർത്തനം ചെയ്യുന്ന ഘട്ടങ്ങളിലെല്ലാം നിശ്ചയശക്തി പരാജയം പ്രാപിക്കുമെന്നുള്ളതു വ്യത്യസ്ഥമില്ലാത്ത ഒരു പരമാർത്ഥമാണ്.

നിശ്ചയശക്തിയും ഭാവനയും തമ്മിൽ വിപരീതമായിരിക്കുമ്പോൾ ഭാവനാശക്തി നിശ്ചയശക്തിയുടെ രണ്ടാം കൃതിയിൽ പ്രവർത്തനം ചെയ്യുന്നു. അതായതു നിശ്ചയശക്തി മൂന്നാണെങ്കിൽ വിപരീതാവസ്ഥയിൽ ഭാവനാശക്തി മൂന്നിന്റെ രണ്ടാം കൃതിയായ ഒമ്പതിരട്ടി ശക്തിയായി പ്രവർത്തനം ചെയ്യുന്നു. ഭാവനയും നിശ്ചയശക്തിയും അനുയോജ്യമായിരിക്കുമ്പോൾ ഫലം ഈ രണ്ടു ശക്തികളുടേയും ഗുണനഫലമായി പ്രവർത്തിക്കുന്നു. ഭാവനാശക്തി ഇഷ്ടാധീനമാക്കി നയിക്കാവുന്നതാണ്.

ഇത്രയും പറഞ്ഞതുകൊണ്ടു് ആർക്കും സുഖക്കേടു കൂടാതിരിയ്ക്കാൻ കഴിയുമെന്നു സിദ്ധിക്കുന്നു. അതിന്നു സംശയമില്ല. ഏതു സുഖക്കേടും അന്തഃകരണപ്രമോദനത്തിന്നു വഴിപ്പെട്ടുമെന്നു പറയുന്നതു സാഹസമാണെന്നു തോന്നിയേക്കാം. പക്ഷെ എല്ലാപ്പോഴും വഴിപ്പെടുന്നുണ്ടെന്നു ഞാൻ പറയുന്നില്ല; വഴിപ്പെട്ടതാവുന്നതു മാത്രമാണു് എന്നെ ഞാൻ പറയുന്നുള്ളു.

ഇതു പരിശീലനംകൊണ്ടു സിദ്ധിയ്ക്കാവുന്നതാണു്. വീണ വായിയ്ക്കുവാനായി എപ്രകാരം പരിശീലനം ആവശ്യമോ അതുപോലെതന്നെ അറിവോടുകൂടിയ അന്തഃകരണപ്രമോദനത്തിന്നും പരിശീലനം ആവശ്യമാണു്. ഇതു നമ്മിൽ ആജന്മം പ്രവൎത്തനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ശക്തിവിശേഷമെങ്കിലും മിക്കവരും തങ്ങളിൽ നിക്ഷിപ്തമായിരിയ്ക്കുന്ന ഈ അനിൎവ്വാച്യമായ ശക്തിയെ അറിയുന്നില്ല. മററു സംഗതികളെപ്പോലെ ഇതിന്നു രണ്ടു വിപരീതവശങ്ങളുണ്ടു്. ഈ ശക്തിയെ സന്മാൎഗ്ഗത്തിലോ ദുൎമ്മാൎഗ്ഗത്തിലോ വ്യാപരിപ്പിയ്ക്കാൻ സാധിയ്ക്കുന്നതാണു്. ദുൎവ്വിനിയോഗത്താൽ ഈ ശക്തി നിങ്ങളുടെ മരണത്തിന്നുകൂടി ഹേതുവായേക്കാം. ഇതു നമ്മുടെ രസനേന്ദ്രിയംപോലെതന്നെ ഏററവും ഉപയോഗകരവും ആപൽക്കരവുമായ ഒരു സമ്പാദ്യമാണു്. ഈ സംഗതികൾ ധരിക്കാൻ തക്ക മനോവികാസം സിദ്ധിയ്ക്കാത്തവരിലോ മനസ്സിലാക്കാൻ ഭാവമില്ലാത്തവരിലോ അറിവോടുകൂടിയ ആശാസ്യമായ അന്തഃകരണപ്രമോദനം സാദ്ധ്യമല്ലതന്നെ.

---

## * അദ്ധ്യക്ഷപ്രസംഗം.

(തുടൎച്ച)

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

കൈരളിയുടെ സംസ്കൃതാവേശം മാറി സൎവ്വജനസാമാന്യമായിതീൎന്ന കാലത്തെയാണു കലക്കത്തു കുഞ്ചൻനമ്പ്യാരുടെ തുള്ളക്കഥകൾ വെളിവാക്കുന്നതു്. ചാക്യാർക്കൂത്തിന്നെതിരായി തുടങ്ങിയ തുള്ളൽ നാടൊട്ടുക്കു ക്ഷണത്തിൽ പരന്നു. ചാക്യാരുടെ ആക്ഷേപങ്ങളും ഫലിതങ്ങളും ഒരു വക ഒളിയമ്പുകളായിരുന്നു; നമ്പ്യാരാകട്ടെ, നാടോടിഭാഷയിൽ അവയെ പച്ചയായി പറഞ്ഞു ഫലിപ്പിച്ചു. നമ്പ്യാരുടെ വാക്കുകളുടെ ഫലിതം ഒന്നു വേറെതന്നെയാണു്. മലയാളഭാഷാസാഹിത്യത്തിൽ ദുരവഗാഹങ്ങളായ അഭിപ്രായങ്ങളെപ്പോലും പാമരജനങ്ങൾക്കു രസിക്കത്തക്കവണ്ണം നാടോടിവാക്കുകളെകൊണ്ടു വെളിവാക്കാമെന്നു വരുത്തിയതു നമ്പ്യാരാണു്. മഹാകാവ്യസരണിയെ അനുസരിച്ചു ശ്രീകൃഷ്ണചരിതം ആദ്യമാ

---

* ദ്വിതീയസാഹിത്യപരിഷത്തിലെ പ്രസംഗത്തിൽനിന്നു്. ഏതാനംശം വിട്ടുകളഞ്ഞിരിക്കുന്നു. ഭാ. പ.

യി ഉണ്ടാക്കിയതും ആ മഹാകവിതന്നെ. സംസ്കൃതബന്ധം വിട്ടില്ലെന്നുള്ള ഭാവത്തിൽ മലയാളത്തിന്റെ തന്റേടം പുനരുജ്ജീവിപ്പിച്ച ആ മഹാനുഭാവന്റെ പരിശ്രമത്തിനു വിലമതിക്കാവതല്ല. ഇദ്ദേഹം നാട്യകലയ്ക്കു ഒരു പുതിയ വഴി തുറന്നു കൊടുത്തു. ഇന്നു കാണുന്ന പ്രഹസനപ്രസ്ഥാനത്തിനു ഗുരുഭൂതൻ നമ്പ്യാരാണെന്നു വേണം പറയാൻ

പുതിയ നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെ ആവിർഭാവം ഇംഗ്ലീഷുരീതിയിലുള്ള പാഠസമ്പ്രദായത്തെ നടപ്പിലാക്കി. അതിനുള്ള പുസ്തകങ്ങൾ മലയാളഗദ്യത്തിനു മാതൃകയായി തീൎന്നു. അതുവരെ സൎക്കാർ എഴുത്തുകുത്തുകളിലും മററും അന്വയവും ചേൎച്ചയുമില്ലാതെ കാളമൂത്രംപോലെ തുടൎന്ന് എഴുതിവന്നിരുന്ന വാക്യരീതിയെ വിട്ടു നവീനസമ്പ്രദായത്തിൽ ഭംഗിയായി വാചകങ്ങൾ എഴുതാൻ പഠിപ്പിച്ച ഗുരുനാഥൻ കേരളവൎമ്മ വലിയ കോയിത്തമ്പുരാനാകുന്നു. പാഠപുസ്തകക്കമ്മററിയിലെ പ്രമാണിയായി ആ മഹാകവി രചിച്ചിട്ടുള്ള സന്മാൎഗ്ഗവിവരണം, മൂന്നാംപാഠം മുതലായ പുസ്തകങ്ങളെ പലരും പിന്നീട് അനുകരിച്ചിട്ടുണ്ടെങ്കിലും, അവയൊപ്പം പിടിക്കാൻ ആൎക്കും ഇന്നും കഴിഞ്ഞിട്ടില്ല. പിന്നീടു പിന്നീട് ആ മഹാനുഭാവൻ എഴുതിയ ഗദ്യഗ്രന്ഥങ്ങളിൽ സംസ്കൃതപദബാഹുല്യമുണ്ടെന്നൊരു വക ആക്ഷേപം പക്ഷെ ഉണ്ടെന്നു സമ്മതിക്കാമെങ്കിലും, അൎത്ഥപുഷ്ടിയും ഭാവഗാംഭീര്യവും കൂടിവരികയും, അന്യഭാഷയിലുള്ള അഭിപ്രായങ്ങളെ വിവൎത്തനം ചെയ്വാനുള്ള ശക്തി മലയാളത്തിനു കിട്ടുകയും ചെയ്തു എന്നു സമ്മതിക്കാതെ തരമില്ല. ആ മഹാനുഭാവനും പണ്ഡിതനായി വിളങ്ങിയിരുന്ന വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടും കൂടി വിദ്യാവിലാസിനി എന്ന നാമധേയത്തിൽ ഇദംപ്രഥമമായി പരസ്യംചെയ്ത മാസികയാണ് ഇന്നത്തെ മാസികാപ്രവൎത്തനത്തിനു നിദാനമായി തീൎന്നതു്. നല്ല ഉപന്യാസങ്ങളും കവനങ്ങളും അടങ്ങിയ ഒരു ഉത്തമമാസിക ഇത്ര നാൾ കഴിഞ്ഞിട്ടും ഉണ്ടാകാനിരിക്കുന്നതേയുള്ളൂ എന്നു തോന്നിപ്പോകാറുണ്ട്. ഈ സംഗതിയെപ്പററി ഉടനെ പ്രസ്താവിക്കാം. ഇപ്പോൾ ഭാഷാസാഹിത്യത്തിന്റെ നവീനാദൎശത്തിലേക്കുള്ള പുറപ്പാടിനെയാണല്ലോ നാം വിമൎശിക്കുന്നതു്. ഗദ്യപ്രബന്ധങ്ങളുടെ ആവിർഭാവം അതിന് ഏററവും സഹായിച്ചു. ഭാഷാഭ്യാസം സൎവ്വജനസാധാരണമായി തീൎന്നതു് അന്നുമുതല്ക്കാണു്.

പള്ളിക്കൂടങ്ങൾ വഴിയായല്ലാതെ നാട്ടുഭാഷാപ്രചാരത്തെ വൎദ്ധിപ്പിക്കുന്നതിനു പത്രപ്രവൎത്തനമാണു് ഒരുമ്പെട്ടതു്. ക്രിസ്ത്യൻ ഉപദേശികളും പാതിരിമാരും മതപ്രചാരത്തിനു നാട്ടുനിരത്തുകളിൽ നടന്നു പ്രസംഗങ്ങൾ ചെയ്തും ലഘുലേഖനങ്ങൾ വിതരണം ചെയ്തും മുമ്പിനാലെ ചെയ്തുവന്നതിനെ തുടൎന്നു പത്രപ്രവൎത്തനം മലയാളത്തിൽ ആരംഭിച്ചു. ഇംഗ്ലീഷുഭാഷയിൽ നടത്തിവന്ന പത്രങ്ങൾ ആദൎശങ്ങളായിത്തീൎന്നു. ആദ്യം

കൊച്ചിയിലും പിന്നെ മാന്നാനത്തു നസ്രാണിദീപികയുമാണെന്നു തോന്നു ന്നു മലയാളപത്രങ്ങൾ ഉണ്ടായതു്. എങ്കിലും സാഹിത്യപ്രോത്സാഹനത്തി ന്നു വഴികാണിച്ചുകൊടുത്തതു മിസ്റ്റർ വറുഗീസുമാപ്പിളയാണെന്നുള്ളതിനു ത ക്കമില്ല. ഭാഷാപ്രചരണത്തിനും കവികളുടെ പ്രോത്സാഹനത്തിനും ആ മഹാമനസ്കൻ ചെയ്തിട്ടുള്ള ഉപകാരം ചില്ലറയല്ല. 'മലയാളമനോരമ' അന്നുണ്ടായിരുന്ന കവികളെ എല്ലാം ആവജ്ജിച്ചു്, ഉത്സാഹിപ്പിച്ചു് നി ബ്ബന്ധിച്ചു. മനോരമയെ കാണ്മാനായി കൌതുകത്തോടു ജനങ്ങൾ കാ ത്തുനിന്നു തുടങ്ങി. വെണ്മണി നമ്പൂരിമാർ, കൊടുങ്ങല്ലൂർ തമ്പുരാക്ക ന്മാർ, നമ്പ്യാന്മാർ എന്നുവേണ്ട, ആബാലവൃദ്ധം കവികൾ മനോരമയെ അലങ്കരിക്കാതെയിരുന്നിട്ടില്ല. മംഗളപദ്യങ്ങളായും, സമസ്യാപൂരണങ്ങ ളായും മററു ഖണ്ഡകൃതികളായും അനവധി പദ്യങ്ങൾ ആഴ്ചതോറും അ തിൽ പ്രസിദ്ധപ്പെടുത്തിവന്നതു കണ്ടിട്ടു് അഹമഹമികയോടെ മററുള്ള വർ കവിതയെഴുതാൻ കച്ചകെട്ടി പുറത്തിറങ്ങി. അങ്ങനെ പുറപ്പെട്ടവ രിൽ പലരും മാന്യകവിരത്നങ്ങളായി പ്രശോഭിക്കയും ഇന്നും നമ്മെ അനു ഗ്രഹിക്കയും ചെയ്യുന്നുണ്ടു്. പദ്യനിമ്മാണത്തിൽ മാത്രമല്ല, ഗദ്യരചന യിലും പത്രപ്രവത്തനം വളരെ പ്രോത്സാഹനം നൽകി. അത്ഭുതപൂവ്വവും അപ്രതീക്ഷിതവുമായ ഈ കവിതാസംരംഭത്തെ സുരക്ഷിതമാക്കാനായിരു ന്നു ആദ്യമായി 'കവിസമാജം' എന്ന പേരിൽ മിസ്റ്റർ വറുഗീസുമാപ്പിളയു ടെ ഉത്സാഹത്തിലും കവിസാവ്വഭൌമനായിരുന്ന കേരളവമ്മ വലിയകോ യിത്തമ്പുരാൻെറ നേതൃത്വത്തിലും ഒരു മാമാങ്കം നടന്നതു്. ഏററവും വിജയപൂവ്വമായും ഉത്സാഹത്തോടും ആരംഭിച്ച ആ സമാജം ഭാഷാപോഷി ണി എന്ന നാമാന്തരത്തിൽ അല്പകാലത്തേക്ക ശ്വാസം വലിച്ചു കിടന്ന തും, വറുഗീസുമാപ്പിളയുടേയും വലിയകോയിത്തമ്പുരാൻെറയും തിരോധാന ത്തോടുകൂടി കഥാവശേഷമായതും, നമ്മളിൽ പലരുടേയും ഓമ്മയിലുള്ള താകകൊണ്ടു് ഇവിടെ വിസ്തരിച്ചു പറയേണ്ടതില്ല. എങ്കിലും അതിൽ നിന്നു നാം ശരിയായ ഒരു പാഠം പഠിക്കേണ്ടതുണ്ടെന്നു മാത്രം ഈ ഘ ട്ടത്തിൽ നിങ്ങളെ അനുസ്മരിപ്പിക്കേണ്ടതുണ്ടു്.

മലയാളത്തിനു സാവ്വജനീനത്വം വന്നതോടുകൂടി ഒരു പുതിയ ജീ വൻ വീണു. സംസ്കൃതത്തിനോടുള്ള ബഹുമാനം ധാരാളമുണ്ടെങ്കിലും, അ തു മാന്യനായ ഒരു പുരാതന അതിഥിയോടുള്ള ഭക്തിയും വണക്കവുമായിട്ട ല്ലാതെ, എജമാനനും ഭൃത്യനുമായിട്ടുള്ള ബന്ധത്തിൻെറ മട്ടിലല്ലാതെയാ യി. ഈ സ്വാഭിമാനത്തെ പുലത്തുന്നതിനായി പച്ചമലയാളകൃതികൾ പുറപ്പെട്ടു. വെണ്മണിനമ്പൂരിപ്പാടന്മാരും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരു മാണു് ഇതിനു വഴികാണിച്ചുകൊടുത്തതു്. സംസ്കൃതാധീനത കുറക്കുന്ന തിനു തജ്ജമകളും ഇക്കാലത്താണു ധാരാളമായി പുറപ്പെട്ടുതുടങ്ങിയതു്. എങ്കിലും ശരീ മുന്നും പലതും സംസ്കൃതത്തിൽനിന്നു പകത്തിയിട്ടുണ്ടു്.

തൎജ്ജമ അപൂൎവ്വമായിരുന്നു. കേരളകാളിദാസൻ ശാകുന്തളം ഭാഷപ്പെടുത്തിയതോടുകൂടി പല നാടകങ്ങളും ഭാഷയായി. ആ രീതിയിൽ സ്വതന്ത്രകൃതികളുമുണ്ടായി.

* * *

ഇപ്പോഴത്തെ മലയാളസാഹിത്യം ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടു വിവൎണ്ണപ്പെട്ടിട്ടുണ്ടു്. അഭിപ്രായങ്ങൾ മിക്കതിലും ആംഗലഭാഷയുടെ ചുവ കാണ്മാനുണ്ടു്. ഇംഗ്ലീഷിൽ ചിന്തിച്ചിട്ടു്, അതു മലയാളത്തിൽ ആക്കുന്നതു് ഇപ്പോൾ സാധാരണമാണു്. അതുനിമിത്തം ഇംഗ്ലീഷുവാക്കുകളും വാചകരീതിയും മലയാളത്തിൽ പരന്നു്, ഒരുവക ഇംഗ്ലീഷുമലയാളം സംഭാഷണത്തിൽ ധാരാളമായും ലേഖനങ്ങളിൽ കുറേശ്ശയായും കണ്ടുവരുന്നുണ്ടു്. പ്രസംഗങ്ങളിലും പത്രപംക്തികളിലും ഈ പുതിയഭാഷ വളരെ പ്രചാരംവന്നിട്ടുണ്ടു്. ഈ പുതിയപോക്കുകൊണ്ടു ഗുണവും ദോഷവും ഭാഷയ്ക്കുണ്ടായിട്ടുണ്ടു്. മുമ്പിൽ അജ്ഞാതങ്ങളായിരുന്ന ശാസ്ത്രീയമുറകളും, തത്വവിമൎശനപദ്ധതികളും, പ്രയോഗസമ്പ്രദായങ്ങളും മലയാളത്തിൽ പകൎന്നിട്ടുള്ളതു ഭാഷാഭിവൃദ്ധിയ്ക്കു് ഉതകുന്നവയാണു്. എല്ലാ സംഗതികളെയും ചൎച്ചചെയ്യുന്ന രീതി ഉപാഖ്യാനദശയെ വിട്ടു യുക്തിപ്രമാണത്തെ ആശ്രയിച്ചിട്ടുണ്ടു്. ലോകജ്ഞാനം വിപുലമായിട്ടുണ്ടു്. പഴയ കവനങ്ങളിലുള്ള സങ്കേതങ്ങളേയും നിബ്ബന്ധങ്ങളേയും ഉല്ലംഘിച്ചു് ഒരു സ്വാതന്ത്ര്യം ഉദിച്ചിട്ടുണ്ടു്. ചരിത്രാന്വേഷണം അവശ്യം വേണ്ടതാണെന്നു ബുദ്ധിതോന്നീട്ടുണ്ടു്. ഇതെല്ലാം ഭാഷയുടെ മേൽഗതിക്കു സഹായിക്കുന്നതാണെന്നുള്ളതിനു സംശയമില്ല.

എന്നാൽ കടിച്ചാൽ പൊട്ടാത്ത ചില പ്രയോഗങ്ങളും, ഇംഗ്ലീഷ് അറിഞ്ഞവൎക്കല്ലാതെ വായിച്ചാൽ മനസ്സിലാകാത്ത വാചകങ്ങളും ഇംഗ്ലീഷുമയങ്ങളായ തൎജ്ജമകളും സാധാരണക്കാരെ വളരെ കുഴപ്പിക്കാറുണ്ടല്ലോ. പത്രങ്ങളും മാസികകളും കാട്ടുതീപോലെ എല്ലായിടവും പരന്നു ചുററിപിടിച്ചിരിക്കുന്നതു ഗുണത്തേക്കാൾ ദോഷത്തെയല്ലയോ ഉളവാക്കുന്നതു് എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. കണ്ടതും കേട്ടതും യുക്തായുക്തവിവേചനം കൂടാതെ തട്ടിമൂളിക്കയും, സത്യനിഷ്ഠ കുറവായിരിക്കയും, പുറം നിറയ്ക്കാൻ വല്ലവിധവും എഴുതിവിടുകയും ചെയ്യുന്നതു പത്രപ്രവൎത്തനോദ്ദേശ്യത്തിനും ആ തൊഴിലിന്റെ മാന്യതയ്ക്കും ഹാനിവരുത്തുമെന്നുള്ളതിൽ സംശയിക്കാനില്ല. തൊഴിലില്ലായ്മയ്ക്കൊരുതൊഴിലായി പത്രം നടത്തുകയും, കള്ളഹൎജ്ജികൾക്കുതകുന്നമട്ടിൽ ലേഖനങ്ങൾ എഴുതുകയും ചെയ്യുന്നതുകൊണ്ടു പത്രസാമാന്യത്തിന്റെ ഇദാനീന്തനസ്ഥിതി ശോച്യമായിരിക്കുന്നു എന്നു സങ്കടം പറയാതെ തരമില്ല. ദേശവഴക്കുകൾക്കും, വിദ്വന്മത്സരങ്ങൾക്കും, സൌന്ദൎയ്യപ്പിണക്കങ്ങൾക്കും ഇടകൊടുക്കുന്നതു സമുദായജീവിതത്തിനു ഹാനികരമാണെന്നു തൎക്കമില്ല. അതുപോലെ, നിരുപ

ണം ശകാരത്തിൽ പരിണമിക്കുന്നതും വിദ്വൽസമ്മതമായി വരുന്നതല്ല. പത്രപ്രവൎത്തനവിഷയത്തിൽ സമുദായാചാരഹാനിവരുത്താനിടവന്നിട്ടുള്ള പാശ്ചാത്യരീതിയെ മൂഢബുദ്ധ്യാ അനുകരിച്ചതിൽ വന്നിട്ടുള്ള ദോഷങ്ങളിൽ പ്രധാനമായിട്ടുള്ളതാണ്. ഇങ്ങുള്ളതു വിട്ടുംപോയി അങ്ങുള്ളതു കിട്ടിയുമില്ല, എന്നവണ്ണം ത്രിശങ്കുസ്വൎഗ്ഗത്തിൽ വൎത്തിക്കുന്ന ദുൎഘടഘട്ടത്തിൽനിന്നു പത്രപ്രവൎത്തനത്തെ എന്നപോലെ ഭാഷാസാഹിത്യത്തെത്തന്നെ ത്രാണനം ചെയ്യേണ്ടുന്ന ഭാരം കേരളപണ്ഡിതന്മാരിൽ മുഖ്യമായി ഇന്നു വൎത്തിക്കുന്നു.

* * *

മാന്യരേ!

അതിനുള്ള യത്നം നാമിന്നാദ്യമായി തുടങ്ങാൻ പോകുന്നതല്ല. മുൻഗാമികൾ പലരും, നാം തന്നെയും, അറിഞ്ഞും അറിയാതെയും പരിശ്രമങ്ങൾ ചെയ്തിട്ടും ചെയ്യുന്നുമുണ്ട്. എന്നാൽ അതിനു തക്ക ഫലം സിദ്ധിക്കാത്തതെന്തെന്നു കുറഞ്ഞൊന്നു ആലോചിക്കേണ്ടതല്ലേ? ഫലസിദ്ധി വരണമെങ്കിൽ ഒററയ്ക്കൊററയ്ക്കു ചെയ്തതുകൊണ്ടായില്ല. ഒന്നിച്ചുള്ള വേലകൊണ്ടല്ലാതെ ഒരു വൻകാൎയ്യം നേടാൻ കഴിയുകയില്ല. ഇതിലാണു നമുക്കുള്ള വലിയ ന്യൂനത. നാമൊന്നിച്ചു ചേരുകയില്ല. കൂട്ടം കൂടിയാൽ പിണക്കം തിട്ടം. വാളെടുത്തവനെല്ലാം വെളിച്ചപ്പാട്; ഈ ദുരഭിമാനം നിമിത്തം ഐകമത്യം ദുസ്സാധമായിരിക്കുന്നു. സാമുദായികമായും രാഷ്ട്രീയമായുമുള്ള സൌന്ദൎയ്യപ്പിണക്കം ഒരു രാജ്യത്തെ എങ്ങനെ അധഃപതിപ്പിക്കുന്നോ, അതേവിധം ഭാഷയേയും പിന്നാക്കം തള്ളുന്നു. സംഘീഭൂതമായ ശ്രമമൊന്നുകൊണ്ടുമാത്രമേ അഭിവൃദ്ധിവരാൻ തരമുള്ളു. തമിഴിനുള്ള പ്രാബല്യം സംഘകാലത്തുണ്ടായതാണ്. യൂറോപ്യൻനാട്ടിൽ 'അക്കാഡമി' എന്ന പണ്ഡിതസംഘസ്ഥാപനകാലം മുതല്ക്കാണു സാഹിത്യാഭിവൃദ്ധിയുണ്ടായതു. ഇന്നു വലിയ നിഘണ്ടുക്കളും, 'എൻസൈക്ലോപ്പീഡിയാ' എന്ന പേർ കല്പിച്ചിരിക്കുന്ന ബൃഹൽജ്ഞാനഭാണ്ഡാഗാരങ്ങളും ബൃഹൽചരിത്രഗ്രന്ഥങ്ങളും ഇംഗ്ലീഷുഭാഷയിൽ ഉണ്ടാകികഴിഞ്ഞിരിക്കുന്നതും, ഇനിയും ഉണ്ടായിവരുന്നതും കൂട്ടുപ്രയത്നത്തിന്റെ ഫലമാകുന്നു. അതുകൊണ്ടു നമ്മുടെ ഭാഷയ്ക്കും ഉയൎച്ച വരണമെങ്കിൽ സ്ഥിരമായ ഒരു വിദ്വൽസംഘം പ്രതിഷ്ഠിതമായി അതിൽ കേരളപണ്ഡിതന്മാരെല്ലാം സൌഹാൎദ്ദപുരസ്സരം പങ്കുകൊണ്ടു പ്രവൎത്തിക്കാൻ ഉറയ്ക്കണം. അല്ലാതെ മാമാങ്കക്കൂട്ടംപോലെ പിലക്കപ്പാറും ഒരു കൂടിക്കാഴ്ച കഴിഞ്ഞു പിരിയുന്നതുകൊണ്ടായില്ല. ഭാഷാപോഷിണീസഭയുടെ അകാലമരണത്തിനു പ്രധാനകാരണം വ്യക്തിപരമായ അഭിമാനത്തിൽ അതിനെ നിലനിറുത്തിയതായിരുന്നു. ഒരാളുടെ അപായത്തിൽ അസ്തംഗമിക്കുന്ന ഏതു സ്ഥാപനവും സ്ഥിരപ്രതിഷ്ഠിതമെന്നു പറഞ്ഞുകൂടുന്നതല്ല. അതാതു കാലത്തുണ്ടാകുന്ന

ഐകവാക്യത്തിൽ, അതായതു വിദ്വാന്മാരുടെ എല്ലാവരുടേയും ഹാർദ്ദമായ ആനുകൂല്യത്തിൽ ഉറപ്പിച്ചെങ്കിൽ മാത്രമേ ചിരസ്ഥായിയായിരിക്കൂ. അതുണ്ടായാൽ അഭിവൃദ്ധിക്കു ശരിയായി അടിസ്ഥാനമുറച്ചു എന്നു പറയാം. ഇങ്ങനെയുണ്ടാകുന്ന സംഘത്തിനു സ്വശക്തി വേണ്ടുവോളം ഉണ്ടാകുമെങ്കിലും, ക്ഷിപ്രമായ കാൎയ്യസാദ്ധ്യത്തിനു സൎക്കാരിൽനിന്നും ആനുകൂല്യം നേടേണ്ടതാണ്. ബ്രിട്ടീഷ്, കൊച്ചി, തിരുവിതാംകൂർ ഈ മൂന്നു ഗവൎമ്മെൻറുകളുടെ അനുകമ്പ സിദ്ധിച്ച ഒരു ഭാഷാസാഹിത്യസംഘത്തിനു ഭാഷാഭിവൃദ്ധിവിഷയത്തിലുണ്ടാകുന്ന ശക്തി അനല്പമാണ്. എന്തെന്നാൽ ഭാഷാഗ്രന്ഥങ്ങളുടെ പ്രചാരം മിക്കവാറും വിദ്യാലയങ്ങൾ മൂലമാകുന്നു. കലി കയറുന്നതെങ്ങനെയാണെന്നു നല്ലപോലെ ചിന്തിച്ചതിൽ പള്ളിക്കൂടങ്ങളിൽക്കൂടിയാണെന്നു കണ്ടുപിടിച്ചു എന്ന് എന്റെ വൃദ്ധമാതുലൻ ഒരിക്കൽ പ്രസ്താവിച്ചതായി ഓൎക്കുന്നുണ്ട്. അതു ശരിയാണ്. നല്ലതും ചീത്തയും അവിടെനിന്നാണുണ്ടാകുന്നത്. വരാൻപോകുന്ന പൌരന്മാരുടെ സ്ഥിതിയാണു സമുദായത്തെ ഉയൎത്തുന്നതും കീഴ്പ്പെടുത്തുന്നതും. പാഠശാലകളിലെ വിദ്യാഭ്യാസം സൎക്കാരിന്റെ അധീനത്തിലാകകൊണ്ടു അവരുടെ ദാക്ഷിണ്യം ഏതു വിദ്വത്സംഘത്തിനും ഒഴിച്ചുകൂടുന്നതല്ല. വിദ്വത്സംഘത്തിന്റെ സമ്മതി സിദ്ധിച്ച പുസ്തകങ്ങൾ മാത്രമേ സ്കൂളുകളിൽ പഠിപ്പിക്കാവു എന്നു വരുന്നതായാൽ മലയാളഭാഷയ്ക്കു വലുതായ അനുഗ്രഹമായി.

*                *                *

മറുഭാഷകളിലുള്ള നല്ല ഗ്രന്ഥങ്ങളെ മലയാളത്തിൽ ചിലതെല്ലാം പകൎത്തിവരുന്നുണ്ട്. എങ്കിലും ആ സംഗതിയിൽ ഒരു സ്ഥിരോദ്യമം ഇന്നുമുണ്ടായിട്ടില്ല. ഇങ്ങനെ വിവൎത്തനം ചെയ്യുന്നതു സംസ്കൃതത്തിൽനിന്നാവുമ്പോൾ അത്ര വൈരസ്യം തോന്നുന്നില്ല. ഇംഗ്ലീഷു മുതലായ പാശ്ചാത്യഭാഷകളിൽനിന്നുണ്ടാകുന്ന തൎജ്ജമകൾ പ്രായേണ വേഷപ്പകൎച്ച കൂടാതെ വരുന്നുണ്ട്. ഇങ്ങനെ വൈലക്ഷണ്യംവരാതെയിരിക്കുന്നതിനു പ്രത്യേകം നിഷ്കൎഷിക്കേണ്ടതുണ്ട്. ശാസ്ത്രീയഗ്രന്ഥങ്ങൾ പകൎത്തുന്നതിൽ ഈ ദോഷംവരാതെ സൂക്ഷിക്കാത്തപക്ഷം പ്രചാരം വരാൻ പ്രയാസപ്പെടും. ചരിത്രദൃഷ്ട്യാ ഇൻഡ്യക്കാൎക്ക് ആകപ്പാടെതന്നെ കുറവാണെന്നുള്ള അപവാദം അസ്ഥാനത്തിലല്ല. കേരളീയരെ അതു പൊതുവേ ബാധിച്ചിട്ടുണ്ട്. കേമന്മാരായിരുന്ന കേരളീയരുടെ ചരിത്രം ഇന്നും ശരിയായി ആരും എഴുതിയിട്ടില്ല. അതിനു വളരെ ഗവേഷണം ചെയ്യേങ്കിൽ മാത്രമല്ലാതെ ഇന്നു സാധിക്കുമെന്നും തോന്നുന്നില്ല. നമ്മുടെ സമകാലീനന്മാരുടെ പോലും ശരിയായ ജീവചരിത്രം എഴുതീട്ടില്ലെന്നുള്ള ആക്ഷേപം നാം ഏൽക്കയല്ലാതെ തരമില്ല. വൈദ്യം ജ്യോതിഷം മുതലായ ശാസ്ത്രങ്ങളിൽ ഒരു കാലത്തു നമ്മുടെ പൂൎവ്വന്മാർ വളരെ പ്രാവീണ്യം സ-

ബാദിച്ചിരുന്നു. ആ മാതിരി വിഷയങ്ങളിൽ നമ്മുടെ മനസ്സ് ഇതുവരെയും പ്രവൎത്തിച്ചിട്ടില്ല. ആരെങ്കിലും ചെയ്തുകൊള്ളട്ടെ എന്നുള്ള അനാസ്ഥ നമ്മെ ബാധിച്ചിരിക്കുന്നതു ഭാഷാഭിവൃദ്ധിയ്ക്കു തീരെ കൊള്ളരുതാത്തതാണ്. ഇങ്ങനെ പല സംഗതികളെപ്പററി ആവലാതി പറഞ്ഞു നിങ്ങളെ മുഷിപ്പിക്കുന്നതു യുക്തമാകയില്ലെന്നു കരുതി വിരമിക്കുന്നു.

ഭാഷാഭിവൃദ്ധിക്കു മറെറാരു പ്രധാനമാൎഗ്ഗം ഉന്നതവിദ്യാഭ്യാസം മലയാളഭാഷയിൽ നടത്തുന്നതാകുന്നു. സൎവ്വകലാശാലാസ്ഥാപനത്തെപ്പററിയുള്ള നവീനപ്രസ്ഥാനം ഭാഷയെ അടിസ്ഥാനപ്പെടുത്തിയാണെന്നു നിങ്ങളും അറിഞ്ഞിരിക്കുമല്ലോ. കൎണ്ണാടകരാജ്യമായ മൈസൂരും, തെലുങ്കുരാജ്യമായ ആന്ധ്രദേശത്തും ഓരോ സ്ഥാപനങ്ങൾ ഉണ്ടായിട്ടുള്ളതു ഈ ഉദ്ദേശത്തോടുകൂടിയാണല്ലോ. മലയാളസൎവ്വകലാശാലയുടെ ആവിൎഭാവം എന്നാകുന്നു എന്നറിഞ്ഞുകൂടാ. എങ്കിലും അങ്ങനെ ഒന്നുണ്ടാകുന്നതു മലയാളഭാഷാഭിവൃദ്ധിയ്ക്കു് ഏററവും പററിയ പ്രസ്ഥാനമായിരിക്കുമെന്നുള്ളതിനു തൎക്കമില്ല. അതിനു മുഖ്യമായി വേണ്ടതു ഗ്രന്ഥസഞ്ചയമാകുന്നു. എല്ലാ വിഷയത്തിലും ഗ്രന്ഥങ്ങൾ ഉണ്ടായാൽ മാത്രമേ ഇതു സാദ്ധ്യമാകയുള്ളു എന്നു പ്രത്യേകം ഓൎമ്മിക്കേണ്ടതാണ്.

* * *

വായനശാലകളും ഗ്രന്ഥശാലകളും ഇയ്യിടെ നാടെല്ലാം പരന്നിട്ടുണ്ട്. ഭാഷാഭിമാനത്തിന് ഇതു നല്ലൊരു ലക്ഷണമാണ്, സംശയമില്ല. എന്നാൽ പലതും പേരിനു മാത്രം നിലകൊള്ളുന്നതേയുള്ളു. പഴയപത്രങ്ങളും പുസ്തകങ്ങളുംവച്ചുകൊണ്ടു, ചോററുകടകളിലെന്നപോലെ, വല്ലതും വെടിപറഞ്ഞു കഴിച്ചുകൂട്ടുന്ന സ്ഥാപനങ്ങൾ ഞാൻതന്നെ കണ്ടുമുട്ടീട്ടുണ്ട്. മലയാളത്തിൽ അച്ചടിച്ചിട്ടുള്ള പുസ്തകങ്ങളെല്ലാം ശേഖരിക്ക, അച്ചടിച്ചില്ലാത്ത പഴയഏടുകളെ ശേഖരിച്ചു പരിശോധിപ്പിച്ചു പരസ്യപ്പെടുത്തുക, പുരാതനചരിത്രവിഷയമായ സംഗതികളെ ഗവേഷണം ചെയ്തു പ്രസിദ്ധപ്പെടുത്തുക, ജ്ഞാനാഭിവൃദ്ധിവരുത്തുന്നതിന് ഉതകുന്ന മററു പരിശ്രമങ്ങൾ നടത്തുക ഇത്യാദി പലതും വായനശാലകളും ഗ്രന്ഥശാലകളും നിൎവ്വഹിക്കാവുന്നതുണ്ട്. തിരുവനന്തപുരത്തു ശ്രീചിത്രതിരുനാൾ വായനശാല ഈ വിഷയങ്ങളിൽ കുറഞ്ഞൊന്നു ശ്രമിച്ചു തുടങ്ങീട്ടുണ്ട്. ജനങ്ങളും സൎക്കാരും വേണ്ടുവോളം പ്രോത്സാഹനം നൽകുന്നപക്ഷം ഈ സ്ഥാപനങ്ങൾ ഭാഷാഭിവൃദ്ധിയ്ക്കു് ഏററവും പ്രയോജനകരങ്ങളാകുന്നതാണ്.

# ഒരു വിചിന്തനം.

(സി. ജീ. അനന്തൻപിള്ള ബി. എ.)

വിദ്യാലയങ്ങളുടെയും അദ്ധ്യാപകന്മാരുടെയും സംഖ്യ നാൾക്കുനാൾ ക്രമാതീതമായി വൎദ്ധിച്ചുവരുന്ന ഒരു കാലമാണല്ലോ ഇതു്. പ്രയത്നത്തി

നനുസരിച്ചു പ്രതിഫലം ലഭിക്കുന്നില്ലെങ്കിലും ഈ ജോലിക്കു സന്നദ്ധരായിട്ടുള്ളവരുടെ എണ്ണം കൂടിക്കൂടി വരുന്നതല്ലാതെ കുറഞ്ഞു കാണുന്നില്ല. അദ്ധ്യാപകവൃത്തിയിലുള്ള അതിയായ പ്രതിപത്തിയും താല്പര്യവുംകൊണ്ടു് ആ ജോലിയിൽ ഏർപ്പെടുന്നവർ ചുരുക്കം ചിലരുണ്ടു്. എന്നാൽ അധികം പേരും ഇതരജോലികൾ ലഭിക്കാത്തതുകൊണ്ടു പ്രസ്തുത വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരാണു്. അദ്ധ്യാപകന്മാരെ നിയമിക്കാനധികാരമുള്ളവർ ആ ജോലിയിൽ നൈപുണ്യമുള്ളവരെ മാത്രം നിയമിക്കാത്തതു ഭാവിപൌരന്മാരുടെ ഗ്രഹപ്പിഴകൊണ്ടാണെന്നു സമാധാനിക്കാനേ തരമുള്ളൂ. തന്റെ കുട്ടികളേയും അന്യരുടെ കുട്ടികളേയും ശരിയായി വളർത്തുന്നതിനുള്ള ജോലിയിൽ ആരു പ്രവേശിക്കുന്നുവോ അതിനേക്കാൾ ഉൽകൃഷ്ടമായ തൊഴിൽ വേറെയില്ല എന്നാണു പ്രസിദ്ധ തത്വജ്ഞാനിയായിരുന്ന സാക്രട്ടീസ്സു പറഞ്ഞിട്ടുള്ളതു്. ഇപ്രകാരം സർവ്വോൽകൃഷ്ടമായ ഈ അദ്ധ്യാപകവൃത്തിയുടെ ഉത്തരവാദിത്വവും പ്രാധാന്യതയും വിദ്യാഭ്യാസമേലധികാരികളുടെ ഗാഢമായ ശ്രദ്ധയ്ക്കു ശരിയായി വിഷയീഭവിക്കാത്തതു ശോചനീയംതന്നെ. വിദ്യാഭ്യാസസമ്പ്രദായം തന്നെ ഒട്ടാകെ ദുഷിച്ചിരിക്കുന്ന സ്ഥിതിക്കു് ഉത്തമന്മാരായ ഉപാദ്ധ്യായന്മാരെ മാത്രം നിയമിക്കുന്നതുകൊണ്ടു പ്രയോജനമെന്തെന്നു ചോദിക്കാം. മാതൃഭാഷയെ അവഗണിച്ചും തിരസ്കരിച്ചും വിദേശഭാഷാദ്വാരാ വിദ്യാഭ്യാസം നൽകുന്ന രാജ്യം, ഭാരതമല്ലാതെ ലോകത്തിൽ വേറെയുണ്ടോ എന്നു തദ്വിഷയത്തിൽ ജിജ്ഞാസയുള്ളവർ അന്വേഷിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

അദ്ധ്യാപകവൃത്തി ഏററവും ഉൽകൃഷ്ടമായിട്ടുള്ളതാണെന്നു് എല്ലാവരും നിർവ്വിശങ്കം സമ്മതിക്കുന്നുണ്ടു്. സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ തന്നെ ഒരു ഗുരുവായിരുന്നല്ലോ. സുപ്രസിദ്ധമായ കുരുക്ഷേത്രത്തിൽവെച്ചു ശിഷ്യാഗ്രഗണ്യനായ ധനഞ്ജയനു് അദ്ദേഹം സർവ്വോൽകൃഷ്ടമായ ജ്ഞാനം പ്രദാനംചെയ്തു. ലോകത്തിലെല്ലായിടത്തും അദ്ധ്യാപകന്മാരുള്ളതുപോലെ ഭാരതത്തിലും ധാരാളമുണ്ടു്. അവരിൽ അധികപരിചയമുള്ളവരും, അല്പപരിചയമുള്ളവരും, ആ കലയെപ്പററിഅറിയുന്നവരും അറിവില്ലാത്തവരും ഉൾപ്പെടുന്നു. ഓരോരുത്തനും അവനവനാൽ കഴിയുംവിധം പ്രവൃത്തി ചെയ്യുന്നു. എന്നിട്ടും ലോകദൃഷ്ടിക്കു് അവരിൽ ചിലർ ഉൽകൃഷ്ടന്മാരും അപകൃഷ്ടന്മാരുമായി ഭവിക്കുന്നു. ഈ അഭിപ്രായം ചിലപ്പോൾ ശരിയല്ലാതെയും വന്നേക്കാം. ഏതായാലും അദ്ധ്യാപകന്മാർ ആരെല്ലാമാണെന്നും അവരിൽ ആരാണു് ഉത്തമരായ അദ്ധ്യാപകരെന്നും നമുക്കു വിചിന്തനം ചെയ്തുനോക്കാം.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം ഉപയോഗകരമായ അറിവു നൽകാനാണല്ലോ. ഉപയോഗകരമായ അറിവു നൽകാവുന്ന വിഷയങ്ങൾ ധാരാളമുണ്ടു്. ഈ അറിവു വിദ്യാർത്ഥികൾക്കു് ആരു കൂടുതൽ നൽകുന്നുവോ

അയാളെ വിശിഷ്ടാദ്ധ്യാപകനായി പരിഗണിക്കാവുന്നതാണ്. ജ്ഞാനമണ്ഡലം സുവിസ്തൃതമായ ഒന്നാകയാൽ എല്ലാവരും അറിടെ എല്ലായിടത്തും സഞ്ചരിച്ചിട്ടുള്ളവരായിരിക്കും എന്നു വിചാരിച്ചുകൂടാ. പ്രയത്നവിഭജനം അവിടെയും കാണുന്നുണ്ട്. ഓരോരുത്തർ ഓരോ ശാഖയിൽ അറിവു സമ്പാദിക്കുന്നു. ഒരു ശാഖയിൽ അറിവുള്ളവർ ഇതരശാഖകളിൽ സാധാരണ ഇടപെടാറില്ല. ഒരു ശാഖയിൽ നല്ല അറിവുള്ള ആളായിരിക്കും ആ വിഷയം പഠിപ്പിക്കുവാൻ ഉത്തമൻ. നല്ല പാണ്ഡിത്യമുള്ള ഒരാൾ നല്ല അദ്ധ്യാപകനായിരിക്കണമെന്നില്ല. അധികം പാണ്ഡിത്യമില്ലാത്ത ഒരാൾ നല്ല അദ്ധ്യാപകനാണെന്നും വന്നേക്കാം. പണ്ഡിതന്റെയും അദ്ധ്യാപകന്റെയും ഉദ്ദേശങ്ങളും പ്രവൃത്തികളും വ്യത്യസ്തങ്ങളാണ്. പണ്ഡിതൻ തനിക്കുവേണ്ടി അറിവു സമ്പാദിക്കുന്നു; അദ്ധ്യാപകൻ മററുള്ളവർക്കായി തന്റെ ജ്ഞാനത്തെ പ്രദാനംചെയ്യുന്നു. ജ്ഞാനസമ്പാദനത്തിൽ പണ്ഡിതന് അയാളുടെ മനസ്സിനെ മാത്രം നോക്കിയാൽ മതി; ജ്ഞാനവിതരണത്തിൽ അദ്ധ്യാപകനു വിദ്യാർത്ഥികളുടെ മനസ്സിനെ അറിയണം. പണ്ഡിതന് എങ്ങിനെയെങ്കിലും അറിവു സമ്പാദിച്ചാൽ മതി. അതു സമ്പാദിക്കേണ്ട രീതികളും മാർഗ്ഗങ്ങളും അയാൾക്കു് അപ്രധാനങ്ങളാണ്. എന്നാൽ അവ അദ്ധ്യാപകനു പ്രാധാന്യമേറിയവയാണ്. അദ്ധ്യാപകനു താൻ പഠിപ്പിക്കുന്ന വിഷയത്തിലുള്ള പരിജ്ഞാനത്തേക്കാൾ അതു പഠിക്കുന്ന വിദ്യാർത്ഥികളെപ്പററിയുള്ള അറിവാണ് എത്രയും സാരമായിട്ടുള്ളതു്.

ഒരു കുട്ടിയെ ശരിയായി മനസ്സിലാക്കണമെങ്കിൽ അദ്ധ്യാപകൻ ആ കുട്ടിയുടെ മനസ്സിനെയും ഇന്ദ്രിയങ്ങളേയും പററി പഠിക്കണം. ഇന്ദ്രിയങ്ങളാണു ജ്ഞാനപ്രവേശനത്തിനുള്ള കവാടങ്ങൾ. ഓരോ ഇന്ദ്രിയവും ഓരോ പ്രവൃത്തിയാണു ചെയ്യുന്നതെങ്കിലും അവയെല്ലാം കുട്ടിയുടെ മനസ്സിനെ ജ്ഞാനംകൊണ്ടു നിറയ്ക്കുന്നതിനു സഹായിക്കുന്നുണ്ട്. പഞ്ഞിയുടെ മൃദുത്വം സ്പർശനേന്ദ്രിയംകൊണ്ടും പഴത്തിന്റെ മാധുര്യം രസനേന്ദ്രിയംകൊണ്ടുമാണല്ലോ അറിയുന്നതു്. സംഗീതം കർണ്ണേന്ദ്രിയംകൊണ്ടു ശ്രവിക്കുന്നു. ഓരോ ഇന്ദ്രിയംകൊണ്ടും അതാതിന്റെ പ്രവൃത്തി ഉത്തമമായ വിധത്തിൽ ചെയ്യിപ്പിക്കാവുന്നതും ചിലപ്പോൾ മററു ഇന്ദ്രിയങ്ങളുടെ ജോലികൂടി അനുകരിപ്പിക്കാവുന്നതുമാകുന്നു. കൈകൊണ്ടു് അളക്കുന്നതുപോലെ കണ്ണുകൊണ്ടും പരിശീലിപ്പിച്ചാൽ അളപ്പിച്ചു് തിട്ടപ്പെടുത്താവുന്നതാണ്. കുരുടന്മാർക്കു ശ്രവണേന്ദ്രിയത്തിനും സ്പർശനേന്ദ്രിയത്തിനും ഏററവും കൂടുതലായി പരിശീലനം സിദ്ധിക്കുന്നു. ഈ പരിശീലനം നിമിത്തമാണ് അവരെ പഠിപ്പിക്കുവാൻ സാധിക്കുന്നതു്. എന്നാൽ ഒരു ഇന്ദ്രിയംകൊണ്ടു് അധികം ജോലി ചെയ്യിപ്പിക്കുന്നതോ, ജോലി തീരെ ചെയ്യിപ്പിക്കാതിരിക്കുന്നതോ നല്ലതല്ല. പ്രായോഗികമായി നോക്കുകയാണെങ്കിൽ ശ്രവണേന്ദ്രി

യത്തെയാണു് അധികം ആകർഷിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും. ഒരു ഇന്ദ്രിയംകൊണ്ടു് അധികം ജോലി ചെയ്യിപ്പിക്കുകയോ, ഇതരേന്ദ്രിയങ്ങളുടെ പ്രവൃത്തി എടുപ്പിക്കുകയോ ചെയ്താൽ അതുകൊണ്ടുള്ള ഫലം നന്നല്ലെന്നു മാത്രമല്ല, ശാശ്വതവുമല്ല. ശരിയായ അധ്യയനം നടത്തണമെങ്കിൽ എല്ലാ ഇന്ദ്രിയങ്ങളെക്കൊണ്ടും ശരിയായി ജോലി ചെയ്യിപ്പിക്കണം. എല്ലാ അവയവങ്ങളെക്കൊണ്ടും ശരിയായി പ്രവൃത്തി എടുപ്പിക്കാത്തതുകൊണ്ടാണു വിദ്യാലയം വിജ്ഞാനസൌധത്തിനു പകരം ശ്മശാനസ്ഥലമായി പരിണമിക്കുന്നതു്. അതുകൊണ്ടു് അധ്യാപകവൃത്തി സ്വീകരിക്കുന്നവർ കുട്ടികളുടെ ഇന്ദ്രിയങ്ങളേയും, മനസ്സിനേയും, സ്വഭാവത്തേയും പററി അറിയുകയും ജ്ഞാനപ്രദാനത്തിന് ഇന്ദ്രിയങ്ങളെ ശരിയായി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. വിദ്യാർത്ഥിയുടെ മനസ്സ് ഒരു കരിമ്പലകയല്ല; അധ്യാപകനു തോന്നുമ്പോൾ ആശയങ്ങളെക്കൊണ്ടു നിറയ്ക്കാനുള്ള ഒരു പൊള്ളപ്പാത്രവുമല്ല അതു്; അതു സദാ ചലിച്ചുകൊണ്ടിരിക്കുന്നു. ആശയങ്ങൾ മുമ്പെ തന്നെ അതിൽ കടന്നുകൂടിയിട്ടുണ്ടു്, നാം പുതുതായി നൽകുന്ന ആശങ്ങളിൽ ചിലതിനെല്ലാം അവയോടു സാദൃശ്യവും കണ്ടേക്കാം; നേരത്തെ സ്ഥലം പിടിച്ചിട്ടുള്ള ആ ആശയങ്ങളെ ഉണർത്തി പ്രവർത്തിച്ചാൽ മാത്രമെ നവീനാശയങ്ങളെ അവിടെ പ്രവേശിപ്പിക്കുവാനും കുട്ടിയുടെ അറിവിന്റെ ഒരു അംശമാക്കുവാനും സാധിക്കൂ. കുട്ടിയുടെ മുന്നറിവും വിജയകരമായ അധ്യയനത്തിന് ആവശ്യമാകുന്നു. ആ അറിവു കുട്ടിയുടെ പരിസരവുമായുള്ള അടുത്ത പരിചയത്തിൽനിന്നും, അയാളുടെ മനസ്സിനെ പ്രവർത്തിപ്പിക്കുന്ന ശക്തികളുമായുള്ള പരിചയത്തിൽനിന്നുമാണു ലഭിക്കുന്നതു്. അതിനാൽ, ഒരു വിഷയത്തെയോ പല വിഷയങ്ങളെയോ പററിയുള്ള തന്റെ അറിവു കൂടാതെ, കുട്ടിയുടെ പരിസരവുമായി സദാ ഇടപെടുന്നതിനും, തന്മൂലം അയാളുടെ മാനസികശക്തികളെ മനസ്സിലാക്കുന്നതിനും അധ്യയനത്തിനായി അയാളുടെ ഇന്ദ്രിയങ്ങളെ ആകർഷിച്ചു പ്രവർത്തിപ്പിക്കുന്നതിനും ആർക്കു സാധിക്കുന്നുവോ അയാളാണു് ഉത്തമനായ അധ്യാപകസ്ഥാനത്തിന് അർഹനായിട്ടുള്ളവൻ.

അധ്യയനം ഒരു പ്രത്യേകവ്യക്തിയുടേയോ, വർഗ്ഗത്തിന്റെയോ മാത്രം അവകാശപ്പെട്ട ഒന്നല്ല. പലരും പല തരത്തിൽ അതിനായി ഏർപ്പെട്ടിട്ടുണ്ടു്. അവരെല്ലാവരുംകൂടിയാണു് ആ കൃത്യം നിർവ്വഹിക്കുന്നതു്. ആദ്യമായി നമുക്കു സ്കൂൾ അധ്യാപകനെപ്പററി ചിന്തിക്കാം. അയാൾ ഏതു വിഷയം പഠിപ്പിക്കുന്നുവോ ആ വിഷയത്തെപ്പററി വേണ്ട അറിവ് അയാൾക്കുണ്ടായിരിക്കുമെന്നു നമുക്ക് ആശിക്കാം. അധ്യാപകവൃത്തിയെപ്പററിയും അല്പം പരിജ്ഞാനമുണ്ടായേക്കാം. അയാൾ ഏതെല്ലാം സ്ഥിതിഗതികൾക്കു വശഗനായിട്ടാണു പ്രവൃത്തി ചെയ്യുന്നതെന്നു നോക്കുക. സമയപരിധിക്കും, സ്ഥലപരിധിക്കും അയാൾ വശഗനാണു്. വിദ്യാലയസമ

യം അദ്ധ്യാപകന്റെയോ വിദ്യാർത്ഥിയുടെയോ സമയത്തിന്റെ ഒരു വിഭാഗമാകുന്നതേയുള്ളു. അതു് ഒരു ദിവസത്തിലെ ഏതാനും മണിക്കൂറുകളാണു്. ആ സമയത്തു മാത്രമേ അവർ തമ്മിൽ ഇടപെടുന്നുള്ളു. ഈ അല്പസമയംപോലും ഒരു അദ്ധ്യാപകനു മുഴുവൻ തന്റേതെന്നു പറയുവാൻ നിവൃത്തിയില്ല. സ്കൂളിലെ മററു് അദ്ധ്യാപകന്മാരും അതിൽ അല്പാല്പമായി കൈയ്യേലാക്കുന്നു. കൂടാതെ അതിൽ കുറച്ചു സമയം വിദ്യാലയത്തിലെ നിയമനപാലനത്തിനായി ചിലവാകുന്നുണ്ടു്. അതുകൊണ്ടു പഠനത്തിനുള്ള സമയം ഏററവും ഇടുക്കമായിട്ടുള്ള ഒന്നാണു്. അദ്ധ്യാപകന്റെ ജോലി വിദ്യാലയപരിധികൾക്കു കീഴ്പ്പെട്ടിരിക്കുന്നു. കുട്ടികളുടെ മനസ്സിനെ ബാധിക്കുന്ന ബാഹ്യസംഗതികളെപ്പററി അയാൾക്കു മനസ്സിലാക്കുവാൻ തരമില്ല. കുട്ടിയുടെ മനസ്സിനെ സംബന്ധിച്ചുള്ള പരിജ്ഞാനം അദ്ധ്യാപകനു് ഏററവും കുറവാകയാൽ അദ്ധ്യയനം വിജയകരമാംവണ്ണം നടത്തുവാൻ പ്രതിബന്ധങ്ങൾ നേരിടുകയും പലപ്പോഴും ആ ജോലി ഫലശൂന്യമായി പരിണമിക്കുകയും ചെയ്യുന്നു. കുതുകത്തേയും അഭിരുചിയേയും സംബന്ധിച്ചിടത്തോളം വിദ്യാലയപരിസരം ആശാസ്യമായിട്ടുള്ളതല്ല. വിദ്യാലയം ഒരു ചെറുലോകമാണെന്നു സാധാരണ പറയാറുണ്ടു്. വലിയ ലോകത്തിന്റെ എല്ലാ ഭാഗങ്ങളും സ്വഭാവങ്ങളും ആ ചെറുലോകത്തിൽ കാണണം. അനന്തരജീവിതത്തിലുണ്ടാകാനുള്ള അനുഭവങ്ങളുടെ ഒരു രൂപം അവിടെനിന്നും അദ്ധ്യേതാവു ഗ്രഹിക്കണം. മലകളും, മലയിടുക്കുകളും തടാകങ്ങളും, വൃക്ഷക്കൂട്ടങ്ങളും, പൂന്തോട്ടങ്ങളും, നദികളും അരുവികളും, പുഷ്പങ്ങളിലുള്ള വണ്ടുകളുടെ ഝങ്കാരശബ്ദവും, വൃക്ഷങ്ങളിൽ ചാടിച്ചാടി നടക്കുന്ന പക്ഷികളും പ്രകൃതിയുടെ സ്വഭാവത്തെ നൾകുന്നു. അങ്ങനെയുള്ള ഒരു ലോകം ഉൽബോധിപ്പിക്കുന്ന ചിന്തകളും വികാരങ്ങളും എത്രയോ ഉൽകൃഷ്ടങ്ങളായിരിക്കും. അവ ഒരുനാളും കുട്ടിയെ വിട്ടുപിരിയുന്നതുമല്ല. എന്നാൽ ഇന്നത്തെ വിദ്യാലയങ്ങളിൽ ഇങ്ങനെയുള്ള സ്ഥലങ്ങളില്ലെന്നു മാത്രമല്ല, അവ അനാശാസ്യഫലങ്ങൾക്കു ഹേതുഭൂതങ്ങളായിത്തീരുകയുംകൂടി ചെയ്യുന്നു. വിദ്യാലയത്തിലെ ഒരു നല്ല കാഴ്ചബംഗ്ലാവു് ഈശ്വരന്റെ സൃഷ്ടിവിശേഷങ്ങളെ അവരുടെ മുമ്പാകെ പ്രദർശിപ്പിക്കുന്നു. വിദ്യാലയം ഒരു ചെറുലോകമാണെങ്കിൽ കാഴ്ചബംഗ്ലാവില്ലാത്ത വിദ്യാലയം ആളുകളില്ലാത്ത ഗൃഹമാണെന്നു പറയാം. അങ്ങനെയുള്ള വിദ്യാലയങ്ങൾ സുലഭമാണല്ലോ. വായനശാലയും ശാസ്ത്രീയപരീക്ഷണശാലയും അദ്ധ്യാപകവൃത്തി സുകരമാക്കുവാനുള്ള ഉപകരണങ്ങളാണു്. എന്നാൽ ഇവ ധാരാളമായിക്കാണുന്നതു് അവയില്ലാത്ത വിദ്യാലയങ്ങളാകുന്നു. ഉണ്ടെങ്കിൽതന്നെ അവയെ വേണ്ടപോലെ ഉപയോഗിക്കുന്നുണ്ടോ എന്നും സംശയമാണു്. പടങ്ങൾ കൂടാതെ ചരിത്രവും, ഭൂമിശാസ്ത്രവും പഠിപ്പിക്കുന്നതു സാധാരണമാണു്. ഈ തരത്തിൽ ലഭിക്കുന്ന അറിവു കുട്ടിയുടെ മനസ്സിൽ പതിയുകയില്ല. അതു പുറമേ പഠിപ്പിടിച്ചി

രിക്കും. കാലവിളംബമെന്യേ അതിനെ മറവിക്കടൽ അടിച്ചു കഴുക്കിക്കളയുകയും ചെയ്യും. ഇപ്രകാരമുള്ള സ്ഥിതിഗതികൾക്കു കീഴ്പ്പെട്ടും ശരിയായ ഉപകരണങ്ങൾ കൂടാതെയും അശ്രദ്ധയോടുകൂടിയും പഠിപ്പിക്കുന്ന അദ്ധ്യാപകൻ ഉത്തമനായ അദ്ധ്യാപകസ്ഥാനത്തിന് അർഹനല്ല.

അദ്ധ്യാപകന്റെ ജോലിചെയ്യുന്ന മാതാപിതാക്കന്മാരെപ്പററി ചിന്തിച്ചുനോക്കാം. അവരാണ് ആദ്യത്തെ അദ്ധ്യാപകന്മാർ. അവരാണു കുട്ടികളെ ജ്ഞാനലോകത്തിലേക്ക് ആദ്യമായി തള്ളിവിടുന്നതു്. എന്നാൽ അദ്ധ്യാപകന്റെ ഗുണഗണങ്ങളെല്ലാം അവക്ക് ഉണ്ടായിരുന്നിട്ടും അദ്ധ്യാപകൻ ചെയ്യുന്നതുപോലെ അവർ പ്രവർത്തിക്കുന്നില്ല. അമ്മയും അച്ഛനും അദ്ധ്യാപകന്റെ ജോലി ചെയ്യുന്നുണ്ടെങ്കിലും അമ്മയാണ് അതു കൂടുതൽ ചെയ്യുന്നതു്. ഗൃഹമാണ് അവരുടെ പ്രവൃത്തിരംഗം. കുട്ടികൾ വിദ്യാലയത്തിൽ പോകാത്ത സമയം അവിടെയാണല്ലോ കഴിച്ചുകൂട്ടുന്നതു്. ഗൃഹപരിസരം വിദ്യാലയപരിസരത്തെക്കാൾ ഒരു പക്ഷേ ചെറുതാണെങ്കിലും അതു കുട്ടികൾക്കു കൂടുതൽ ആകർഷണീയമായിരിക്കും. കുട്ടികളുടെ ഇന്ദ്രിയങ്ങൾക്കും വികാരങ്ങൾക്കും പ്രവർത്തനത്തിനുള്ള സന്ദർഭങ്ങൾ അവിടെയാണ് കൂടുതൽ ലഭിക്കുന്നതു്. അതുകൊണ്ടു ബുദ്ധിയുള്ള മാതാപിതാക്കന്മാർ ആ സന്ദർഭങ്ങളെ ശരിയായി വിനിയോഗിക്കുന്നതായിരിക്കും. ഭക്ഷണം കഴിക്കുമ്പോഴും ഉദ്യാനത്തിൽ സഞ്ചരിക്കുമ്പോഴും മാതാപിതാക്കന്മാക്കു പല പാഠങ്ങളും നൽകാം. കുട്ടികൾ അവ സന്തോഷത്തോടുകൂടി സ്വീകരിക്കുകയും ചെയ്യും. കുട്ടിയുടെ മനഃസ്ഥിതിയേയും ബലഹീനതയേയും മററും പററി മാതാപിതാക്കന്മാക്ക് ഏറെക്കുറെ അറിയാമായിരിക്കുമല്ലോ. മാതാപിതാക്കന്മാർ അല്പം പഠിപ്പിക്കുന്നതു് അദ്ധ്യാപകൻ ആയിരം സംഗതികൾ കുട്ടിയുടെ ഹൃദയത്തിൽ കുത്തിച്ചെലുത്തുന്നതിനേക്കാൾ പ്രയോജകീഭവിക്കുന്നതാണു്.

എന്നാൽ മാതാപിതാക്കന്മാർ അവരുടെ ശക്തി ശരിയായി അറിയുന്നില്ല. അതുകൊണ്ടാണ് അവക്കു ചെയ്യാവുന്ന ചെറിയ ജോലികൾക്കുപോലും മററുള്ളവരെ ആശ്രയിക്കേണ്ടിവരുന്നതു്. മിക്കപേക്കും സമയം ഉണ്ടാകയില്ല. പിതാവു നിത്യവൃത്തിക്കായി പുറത്തുപോകുകയും അമ്മ ഗൃഹജോലികളിൽ വ്യാപൃതയാകുകയും ചെയ്യുന്നു. എന്നാൽ അഭ്യസനം നൽകാൻ സൌകര്യമുള്ള ചിലക്ക് അതിനുവേണ്ട കെല്പുണ്ടായിരിക്കയുമില്ല. മാതാപിതാക്കന്മാരിൽ ചിലർ അവരുടെ ചുമതല അറിയാത്തവരുണ്ടു്. മാതാപിതാക്കന്മാക്ക് അദ്ധ്യാപകനേക്കാൾ കൂടുതൽ സൌകര്യവും ഗുണങ്ങളും ഉണ്ടെങ്കിലും അദ്ധ്യാപകനേക്കാൾ പല വിഷമതകളും ന്യൂനതകളുംകൂടി ഉള്ളതുകൊണ്ടു് അവർ ഉത്തമരായ അദ്ധ്യാപകന്മാരുടെ സ്ഥാനത്തിന് അർഹരല്ല.

ഇനി വിദ്യാർത്ഥിതന്നെ അവന്റെ അദ്ധ്യാപകനായിരിക്കുന്നതിനെപ്പററിയും ആലോചിക്കാം. സ്വയം പഠനം നടത്തി അറിവുസമ്പാദിച്ചു

ട്ടുള്ളവർ തീരെ ഇല്ലാത്തതുപോലെ ജനങ്ങൾ സംസാരിക്കുന്നുണ്ട്. എന്നാൽ സ്വയംപഠനംകൊണ്ട് അറിവു സമ്പാദിച്ചിട്ടുള്ളവർ വളരെ ഉണ്ട്. ലോകൈകവന്ദ്യനായ മഹാകവി ടാഗോർ സ്വയംപഠനമാണു നടത്തിയത് എന്നു അദ്ദേഹംതന്നെ പറയുന്നുണ്ട്. ഒരുപ്രകാരത്തിൽ മനുഷ്യരെല്ലാവരും തന്നത്താൻ പഠിച്ചിട്ടുള്ളവരാണ്. ആരുംതന്നെ അജ്ഞാനികളല്ല. പാടത്തു വേലചെയ്യുന്ന കൃഷകന് അവന്റെ പ്രവൃത്തിയെപ്പററി അറിയാം. നമുക്കു ലഭിച്ചിട്ടുള്ള അറിവു മുഴുവനും അധ്യാപകന്മാരിൽനിന്നോ മാതാപിതാക്കന്മാരിൽനിന്നോ മാത്രം സിദ്ധിച്ചിട്ടുള്ളതല്ല. അതിൽ ഒരു ഭാഗം നമ്മുടെ സ്വന്തമാണ്. അതു നമ്മുടെ പ്രയത്നഫലമായിരിക്കും. ജനനസമയം മുതല്ക്കുതന്നെ കുട്ടി പഠിച്ചുതുടങ്ങുന്നു. സ്വന്തം വാസനകളാണ് അതിനെ നയിക്കുന്നത്. പുഷ്പങ്ങളുടെ രാമണീയകത്തെയും സൌരഭ്യത്തേയും അവർ ആസ്വദിക്കുന്നു. സംഗീതം കേട്ട് അവർ രസിക്കുന്നു. കുട്ടി വളരുംതോറും അതിന്റെ ഇന്ദ്രിയങ്ങളെ കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അതു പഴത്തിന്റെ രുചിയും പുഷ്പത്തിന്റെ പരിമളവും അറിയുകയും കഥ കേൾക്കുകയും മററും ചെയ്യുന്നു. കുറെ കഴിഞ്ഞു നടന്നുതുടങ്ങുകയും വീഴാൻ ഭാവിക്കുമ്പോൾ നിവർന്നുനില്ക്കുകയും ചെയ്യുന്നു. അക്ഷരം പഠിക്കുന്നതിനു മുമ്പുതന്നെ കുട്ടി സംസാരിച്ചുതുടങ്ങുകയും തെററുകൾ തിരുത്തുകയും ചെയ്യുന്നു. ഇപ്രകാരം അക്ഷരം പഠിക്കുന്നതിനു മുമ്പുതന്നെ ഭാഷ പഠിക്കുന്നു. വിദ്യാലയത്തിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ വിദ്യാഭ്യാസം ആരംഭിക്കുന്നു. കുട്ടി വളരുന്നതോടുകൂടി അവൻതന്നെ അവന്റെ അധ്യാപകനായിത്തീരുന്നു. ഗൃഹത്തിലോ, വിദ്യാലയത്തിലോ മറെറവിടെയൊക്കെയോ അതിനു പരിസരമുണ്ട്. തന്റെ മനസ്സിനെപ്പററിയും ഇന്ദ്രിയങ്ങളുടെ ഉപയോഗത്തെപ്പററിയും മാതാപിതാക്കന്മാരേക്കാളും അധ്യാപകനേക്കാളും കൂടുതലായി അവൻ അറിയുന്നു. പഴകിയ ആശയങ്ങൾ എന്തെല്ലാം അവനിലുണ്ടെന്ന് അവൻ അറിയുകയും പുതിയവയെ സമ്പാദിക്കുന്നതിനായി അവയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം മററുള്ളവർക്കു നൽകുവാൻ പ്രയാസമായിട്ടുള്ളതും വിലയേറിയതുമായ ജ്ഞാനം അവൻ സ്വയം സമ്പാദിക്കുന്നു. ഇങ്ങനെ സമ്പാദിക്കുന്ന അറിവ് അവന്റെ ആത്മാവിനോടു ചേർന്ന് അതിന്റെ ഒരു പ്രധാനവിഭാഗമായിത്തീർന്നു ശക്തിയും ജീവനും നല്കുന്നു.

കുട്ടിയെ പഠിപ്പിക്കുന്ന മാതാപിതാക്കന്മാർ ആ ജോലി കുറേനാൾ കഴിയുമ്പോൾ നിറുത്തുന്നു. അധ്യാപകന്റെ ജോലിയും കുട്ടി വിദ്യാലയം വെടിയുന്നതോടുകൂടി അവസാനിക്കുന്നു. എന്നാൽ താൻതന്നെ തന്റെ ഗുരുവായിട്ടുള്ള വിദ്യാർത്ഥിജീവിതകാലം മുഴുവനും അയാളെ പഠിപ്പിക്കുന്നു. അയാളെ സംബന്ധിച്ചിടത്തോളം പഠനം വിദ്യാലയപ്രവേശനത്തോടുകൂടി ആരംഭിക്കുകയോ വിദ്യാലയത്തോടുകൂടി അവസാനിക്കുകയോ ചെയ്യു

ന്നില്ല. അതു വളരെ നേരത്തെ തന്നെ ആരംഭിച്ചിട്ടുള്ളതും വളരെക്കാലം നിലനില്ക്കുന്നതുമാണ്. ഓരോ ദിവസവും അയാൾ പുതിയ പരിസരങ്ങൾ കാണുന്നുണ്ടു്. ഓരോ ദിവസവും അയാൾക്കു പുതിയ അനുഭവങ്ങൾ ഉണ്ടാകുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യുന്നു. ഇപ്രകാരം ദിവസംതോറും വർദ്ധിക്കുന്ന അയാളുടെ അറിവു മാതാപിതാക്കന്മാരിൽനിന്നോ ഗുരുനാഥന്മാരിൽനിന്നോ ലഭിക്കുന്നതിനേക്കാൾ വലുതായിരിക്കും. ഇപ്രകാരം എങ്ങനെ നോക്കിയാലും വിദ്യാർത്ഥിതന്നെയാണ് അവന്റെ ഉത്തമഗുരുനാഥനെന്നു വെളിപ്പെടുന്നു. സദാ മാറിക്കൊണ്ടിരിക്കുന്ന അവന്റെ പരിസരവുമായി അദ്ധ്യാപകനേക്കാളും ഗുരുനാഥനേക്കാളും അയാൾക്കാണു കൂടുതൽ അടുപ്പം. അവന്റെ മനസ്സിനെപ്പററി അവനുതന്നെയാണു കൂടുതൽ നിശ്ചയം. ശരിയായ ഇന്ദ്രിയം ഉപയോഗിച്ചു ശരിയായ അറിവു സമ്പാദിക്കുന്നതിനും മററുള്ളവരേക്കാൾ അയാൾക്കാണു സൗകര്യം. അതുകൊണ്ടു് അയാൾക്കു് ഉത്തമനായ അദ്ധ്യാപകന്റെ സ്ഥാനത്തിനു സർവ്വപ്രകാരേണയും അർഹതയുണ്ട്.

നവീനവിദ്യാഭ്യാസസമ്പ്രദായങ്ങൾ ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടു്. കിൻറർഗാർട്ടൻ, ഡാൾട്ടൻ, പ്രോജക്ററ് സിസ്റ്റം മുതലായവയിൽ അന്തർഭവിച്ചിട്ടുള്ള പ്രധാന തത്വം കുട്ടികളെക്കൊണ്ടുതന്നെ പ്രവർത്തിപ്പിക്കണമെന്നുള്ളതാണ്. ചിന്തകന്മാരായിരുന്ന എമേഴ്സൺ, സ്പെൻസർ മുതലായവരും ഈ അഭിപ്രായക്കാരായിരുന്നു. മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും അനാവശ്യമായി അവരെ അമർത്തിവയ്ക്കരുതെന്നു് അവർ പ്രത്യേകം ഗുണദോഷിച്ചിരുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു വിദ്യാലയങ്ങളിൽ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിട്ടുള്ളവർക്കു് അവിടെ ജോലി ഒന്നും ഇല്ലെന്നു വിചാരിച്ചുകൂടാ. ഒരു ആദരണീയമായ ആദർശത്തെപ്പററി പറഞ്ഞു എന്നേയുള്ളു. പ്രകൃതിതന്നെയാണ് ഉത്തമവൈദ്യൻ എന്നു പറഞ്ഞു ഡാക്ടർമാർ കീശയിൽ മരുന്നും കുഴലുംവച്ചുകൊണ്ടു ചികിത്സക്കു നടക്കാറില്ലേ? അദ്ധ്യാപകന്മാർ കുട്ടികളുടെ നായകന്മാരാണ്. നായകന്മാർക്ക് അനുയായികളെ തെററായ മാർഗ്ഗങ്ങളിൽകൂടിയും ശരിയായ മാർഗ്ഗങ്ങളിൽകൂടിയും നയിക്കുവാൻ കഴിയും. അദ്ധ്യാപകൻ തന്റെ വിദ്യാർത്ഥികളെ തെററായ മാർഗ്ഗങ്ങളിൽകൂടി നയിച്ചാൽ അതുകൊണ്ടുള്ള ദോഷം രാജ്യത്തെ മുഴുവനും ബാധിക്കുന്നതാണ്. അവർ കുട്ടികളുടെ സ്വാതന്ത്ര്യത്തിനു പ്രതിബന്ധികളായി നിൽക്കാതെ പ്രാപ്യസ്ഥാനത്തേക്കു് അവരെ ശരിയായ മാർഗ്ഗങ്ങളിൽകൂടി നയിക്കുകയാണു വേണ്ടതു്. അതിന് അദ്ധ്യാപകനു പാണ്ഡിത്യവും, സാമർത്ഥ്യവും വേണം. ജ്ഞാനലോകത്തിൽകൂടി തങ്ങളുടെ വിദ്യാർത്ഥികളുമൊന്നിച്ചു സുകരമായ യാത്ര ചെയ്യുന്നതിനുവേണ്ട ആരോഗ്യവും ശക്തിയും അവർക്കുണ്ടാകട്ടെ. *

* ലേഖനത്തിലെ ഏതാനും ഭാഗങ്ങൾ ഒരു ഇംഗ്ലീഷു ലേഖനത്തിൽനിന്നെടുത്തതാണ്.
(ലേഖകൻ)

# പുസ്തകാഭിപ്രായം.

വെള്ളുവക്കമ്മാരൻ; (ഒരു ചരിത്രനോവൽ)

ഗ്രന്ഥകൎത്താവ്:— സി. കുഞ്ഞിരാമമേനോൻ

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില—1 4 0

എം. ആർ. കെ. സി. എന്ന പേരിനാൽ ഭാഷാസാഹിത്യലോകത്തിൽ സുപരിചിതനായിത്തീൎന്നിട്ടുള്ള സി. കുഞ്ഞിരാമമേനോവൻ അവർകൾ മലബാർ ചരിത്രസംബന്ധമായി എഴുതീട്ടുള്ള ഒരു കഥാപുസ്തകമാണു "വെള്ളുവക്കമ്മാരൻ." ഇതിലെ സംഭവങ്ങൾ 18-ാംശതവൎഷത്തിൽ ജീവിച്ചിരുന്ന ഹൈദരുടേയും ടിപ്പുവിൻേറയും കാലത്താണു നടന്നിട്ടുള്ളതു്. വടക്കെ മലബാറിൽ വെള്ളുവത്തറവാട്ടിലെ ഒരംഗമായിരുന്ന കമ്മാരൻനമ്പ്യാർ എന്ന ഒരു നായർവീരന്റെ ചില അപദാനങ്ങളാണു് ഇതിലെ പ്രധാനവൎണ്ണനാവിഷയം. കഥാനായകനായ കമ്മാരൻനമ്പ്യാർ ആദ്യം കോലത്തിരി രാജാവിന്റെ ഒരു പട്ടാളഉദ്യോഗസ്ഥനായിരുന്നു. അസാമാന്യമായ സമരചതുരതയുംബുദ്ധികുശലതയുംകൊണ്ടു് അദ്ദേഹം ഹൈദരുടെ കണ്ണിലുണ്ണിയും ഒരു വിശ്വസ്ഥമിത്രവും ആയിത്തീൎന്നു. തൽഫലമായി "ആയാസ്ഖാൻ" എന്ന പേരിൽ അദ്ദേഹം "ബദന്തരിലെ" ഗവൎണ്ണരുമായി; പക്ഷെ ഇതെല്ലാം ടിപ്പുവിന്റെ അസൂയക്കു പാത്രമായിതീൎന്നു; കഥാനായകനായ കമ്മുവിന്റെ അസാമാന്യമായ ധൈൎയ്യവും പൌരുഷശക്തിയും സാഹസികനായ ടിപ്പുവിന്റെ പല ക്രൂരകൃത്യങ്ങളിൽനിന്നും അദ്ദേഹത്തെ രക്ഷിച്ചു. ദുഷ്ടനും ചതിയനും രാജദ്രോഹിയുമായ കോലത്തിരി മന്ത്രിയുടെ വഞ്ചനയിൽനിന്നും തന്റെ ജീവനെരക്ഷിച്ച ഹൈദൎക്കുവേണ്ടി തന്റെ ജീവൻകൂടി ത്യജിക്കാൻ ഈ നായർസിംഹം സന്നദ്ധനായിരുന്നു. യാതൊരു ക്രൂരകൂടാതെ ഇളംകൂറിനെ പിടിച്ചു ബന്ധിച്ചു കോലത്തിരി മഹാരാജാവിനേയും രാജ്യത്തെയും രക്ഷിച്ച കമ്മുവിന്റെ കൎത്തവ്യബുദ്ധി സ്തുത്യൎഹംതന്നെ. ഹൈദരുടെ നിൎയ്യാണാനന്തരം ഉണ്ടായ പരിവൎത്തനങ്ങൾക്കിടയിൽ, മൈസൂരിന്റെ ആധിപത്യവും വേണമെങ്കിൽ കമ്മുവിനു നിഷ്പ്രയാസം കരസ്ഥമാക്കാമായിരുന്നു. എന്നാൽ ആ നായർവീരന്റെ ത്യാഗബുദ്ധി അതിനു് അനുവദിച്ചില്ല. പക്ഷെ കോലത്തിരി രാജാക്കന്മാരുടേയും, ടിപ്പുവിൻേറയും തമ്മനാട്ടുള്ള പെരുമാററത്തിൽ അതൃപ്തനായി ഭവിച്ച ശക്തനും പ്രാപ്തനും ആയ കമ്മാരൻനമ്പ്യാർ, രാജ്യരക്ഷാവ്രതം മുടക്കി, സന്യാസിജീവിതം നയിച്ചിരുന്നില്ലെങ്കിൽ മലബാറിന്റെ ചരിത്രത്തിൽ നൂതനമായ ഒരദ്ധ്യായംകൂടി സൃഷ്ടിക്കപ്പെട്ടമായിരുന്നു.

ഈ കഥയിൽ വിവരിച്ചിരിക്കുന്ന സംഗതികൾ വടക്കെ മലബാറിൽ കമ്മാരൻനമ്പ്യാരെക്കുറിച്ചു കേട്ടിട്ടുള്ള ചില ഐതിഹ്യങ്ങൾ, മലബാർ

മാന്വൽ തുടങ്ങിയുള്ള ചില ചരിത്രഗ്രന്ഥങ്ങൾ ഇവയിൽനിന്നും ശേഖരിച്ചിട്ടുള്ളവയാകുന്നു. മലബാറിലെ ജനങ്ങളുടെ അക്കാലത്തെ ജീവിതരീതി, രാജ്യഭരണക്രമം മുതലായവയുടെ ഒരു യഥാർത്ഥചിത്രം ഇതിൽ നല്ലപോലെ രേഖപ്പെടുത്തീട്ടുണ്ട്. നമുക്കും അഭിമാനകരമായ ഒരു ചരിത്രമുണ്ടെന്നും അതോടുകൂടിത്തന്നെ നമ്മുടെ അധഃപതനത്തിനുള്ള ഹേതുക്കൾ ഇന്നതെല്ലാമെന്നും ഈ ചരിത്രകഥയിൽനിന്നും നമുക്ക ഗ്രഹിക്കാവുന്നതാണ്. ഈവിധമുള്ള പൂർവ്വന്മാരുടെ വീരചരിത്രങ്ങൾ കേരളീയയുവജനങ്ങൾ നിത്യപാരായണം ചെയ്യേണ്ടവയാണ്. പരിണാമഗുപ്തി എന്ന കഥാഗുണത്തിനുവേണ്ടി യാതൊരു "ചെപ്പടി"വിദ്യകളും ഇതിൽ പ്രയോഗിച്ചിട്ടില്ലെന്നുള്ളതും ഒരു വിശേഷവിധിയാണ്. മിസ്റ്റർ കുഞ്ഞിരാമമേനോന്റെ ഭാഷാരീതിയും അനുകരണീയമാണ്. സന്ദർഭോചിതമായിച്ചേർത്തിട്ടുള്ള ചിത്രങ്ങളും നന്നായിരിക്കുന്നു. പുസ്തകത്തിന്റെ കെട്ടും മട്ടും മലയാളപുസ്തകങ്ങൾക്ക് ഒരു മാതൃകയായിട്ടുമുണ്ട്. ഗ്രന്ഥകർത്താവിന്റെ ഈ പരിശ്രമത്തിന് ഞങ്ങൾ ഹൃദയപൂർവ്വം സ്വാഗതം പറയുന്നു. പാഠ്യപുസ്തകക്കമ്മറ്റിക്കാരുടെ ശ്രദ്ധ ഈ പുസ്തകത്തിൽക്കൂടി പതിഞ്ഞാൽ അതു വിദ്യാർത്ഥികൾക്കൊരനുഗ്രഹവുമായി.

# കുറിപ്പ്.

## വിദ്യാർത്ഥികളും രാഷ്ട്രീയകാര്യങ്ങളും.

ഈ വിഷയത്തെ കുറിച്ചു മഹാന്മാരുടെ ഇടയിൽ ചില അഭിപ്രായവ്യത്യാസങ്ങൾ കാണുമാറുണ്ട്. അതുകൊണ്ടു ഗൌരവമേറിയ ഈ സംഗതിയെക്കുറിച്ച് ഒരു നവീന അഭിപ്രായം ഇവിടെ പറയാമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. മഹത്തുക്കളായ ചിന്തകന്മാരുടെ ചില അഭിപ്രായങ്ങൾ ഇവിടെ ഉദ്ധരിക്കാമെന്നേ വിചാരിക്കുന്നുള്ളൂ. അഭിപ്രായവ്യത്യാസം സാധാരണവും അതു ക്ഷന്തവ്യവും ആണ്. അവ ഓരോന്നിനും അവ അർഹിക്കുന്നിടത്തോളം പ്രാധാന്യവും വിലയും വെച്ചാൽ മതി. എന്നാൽ ഒരു സംഗതിയിൽ അഭിപ്രായം വ്യത്യാസപ്പെട്ടതായിരുന്നു എന്നു കരുതി ആരായാലും ആ മാന്യനിൽ ഉള്ള ഇതരയോഗ്യതകളെ പഴിക്കുന്നതും, അദ്ദേഹത്തെ ക്രമത്തിലധികം അപഹസിക്കുന്നതും സ്തുത്യർഹമല്ലെന്നും പറയേണ്ടതില്ലല്ലോ.

യുവവിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ മാത്രം പ്രവേശിച്ചുകൂടെന്നു പറയുന്നതു ശരിയാണൊ എന്നു ഞങ്ങൾ സംശയിക്കുന്നു. കാളേജ്കളിലും മററും പഠിക്കുന്ന വിദ്യാർത്ഥികളെ വെറും "പിള്ളർ" ആയി മാത്രം ഗണിക്കുവാനും തരമില്ല. സ്വരാജ്യസ്നേഹം, സ്വരാജ്യാഭിമാനം, സ്വാതന്ത്ര്യബുദ്ധി ഇവയുടെ വിളനിലമായിരിക്കേണ്ട വിദ്യാർത്ഥികൾ അവ പ്രയോഗിക്കാൻ പാടില്ലെന്നു പറയുന്നതു യുക്തിക്കും ന്യായത്തിനും മതിയായിരിക്കുന്നില്ല. എന്നുതന്നെയല്ല, സ്വാതന്ത്ര്യം സ്ഥാപിച്ച രാജ്യക്കാരുടെ ചരിത്രം പരിശോധിച്ചാലും വിദ്യാർത്ഥികൾക്ക് അതിൽ ഒരു വലിയ പങ്കു

ളുതായി കാണുന്നുണ്ട്. അതുകൊണ്ടു ഭാവിപൌരന്മാരായ യുവവിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതു രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ശ്രേയസ്സിനും ഒരു വിഘാതമായിട്ടാണു ഞങ്ങൾക്കു തോന്നുന്നതു്.

ഈ വിഷയത്തെക്കുറിച്ച് എം. രാമവർമ്മതമ്പാൻ അവർകൾ ബി. എ. എൽ. ടി. പറയുന്നതു്:—

“രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ വിദ്യാർത്ഥികളെ കൂട്ടിച്ചേർക്കുന്നതിന്റെ ഔചിത്യം എന്താണെന്നറിയുന്നില്ല. വിദ്യാർത്ഥികൾ കാലം കളയാതെ ജ്ഞാനസമ്പാദനം ചെയ്കയാണു വേണ്ടതു്. അവർ ആ പ്രവൃത്തി വിട്ടു രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ ചേർന്നാൽ അവരുടെ ധർമ്മത്തിനു വിഘാതം വരാനല്ലേ എളുപ്പം. മഹാത്മാഗാന്ധിയുടെ നിസ്സഹകരണപ്രസ്ഥാനത്തിൽ വിദ്യാർത്ഥികൾ, ഗവർമ്മെണ്ടു നടത്തുന്നതൊ സഹായിക്കുന്നതൊ ആയ വിദ്യാലയങ്ങളിൽനിന്നു് ഇറങ്ങിപ്പോരണമെന്നുകൂടി ശാസിച്ചിരുന്നു. അതിന്റെ ഫലമായി ചില വിദ്യാർത്ഥികൾ വിദ്യാലയം വിടുകയും ചെയ്തു. പകരം ദേശീയവിദ്യാലയങ്ങൾ ധാരാളം ഉണ്ടാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുമില്ല. ഇങ്ങിനെ ഇറങ്ങിപ്പോയ വിദ്യാർത്ഥികൾ പലരും കഷ്ടപ്പെട്ടു നശിക്കയോ കുറെക്കാലം കഴിഞ്ഞു വീണ്ടും ആ വിദ്യാലയങ്ങളിൽതന്നെ പോയി പഠിക്കയോ ചെയ്യേണ്ടിവന്നു. ദേശീയവിദ്യാഭ്യാസം എന്താണ് എന്നതിനെപ്പററിപോലും വിദ്യാർത്ഥികൾ ശരിയായി ധരിച്ചിരുന്നൊ എന്നു സംശയമാണ്. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ക്ലേശങ്ങൾ ഒന്നുമില്ലാത്ത ഒരു വിദ്യാഭ്യാസം എന്നുകൂടി ചിലർ ധരിച്ചിരുന്നില്ലേ എന്നു സംശയം. ഇന്നത്തെ വിദ്യാഭ്യാസത്തിൽ ശാസ്ത്രീയമായ ഭാഗത്തെ ദേശീയവിദ്യാഭ്യാസം സ്പർശിക്കുന്നില്ല. ചരിത്രം, സാഹിത്യം ഇവ നമുക്കു് ഇൻഡ്യയെപ്പററി സ്നേഹം വർദ്ധിക്കത്തക്കവണ്ണം പഠിക്കണം എന്നേ ഒരു വ്യത്യസ്തത ദേശീയവിദ്യാഭ്യാസത്തിനുള്ളു. ഈ വിഷയങ്ങൾ പഠിപ്പിക്കുന്നവർ മിക്കവരും ഇൻഡ്യന്മാരാണ്. അവരിൽ അധികംപേർക്കും ദേശീയപക്ഷപാതവുമുണ്ട്. ഇവർക്കു ഗവർമ്മെണ്ടു വിദ്യാലയങ്ങളിൽതന്നെ വിദ്യാഭ്യാസരീതിക്കു് ഈ തിരിവുണ്ടാക്കാമായിരുന്നു; ചിലർ ഉണ്ടാക്കുകയും ചെയ്തു. എന്നാൽ മഹാത്മാഗാന്ധി അതുകൊണ്ടു തൃപ്തിപ്പെടാതെ വിദ്യാലയങ്ങളോടു നിസ്സഹകരണം സിദ്ധാന്തിച്ചു. അദ്ദേഹത്തിന്റെ ത്യാഗവും നിർമ്മത്സരബുദ്ധിയും രാജ്യസ്നേഹവും പരിശുദ്ധജീവിതവും കുട്ടികളെ ആകർഷിച്ചു് അപഥത്തിലാക്കി. അതിനു് അദ്ദേഹം നിരാഹാരവ്രതംകൊണ്ടു സമാധാനം ഉണ്ടാക്കിയിരിക്കാം. എങ്കിലും പല യുവാക്കന്മാരും തങ്ങൾക്കു പ്രാപ്യമായിരുന്ന സ്ഥാനവും ജീവിതവിജയവും സിദ്ധിക്കാതെ കഷ്ടപ്പെട്ടു എന്നു സമ്മതിക്കാതെ തരമില്ല.

* * *

വിദ്യാർത്ഥികൾ ഇന്നത്തെ രാഷ്ട്രീയസ്ഥിതി അറിയേണ്ട എന്നു വാദിക്കുന്നില്ല. അവർ സകലതും അറിയണം. അദ്ധ്യാപകന്മാർ വർത്തമാനപ്പത്രങ്ങൾ വായിക്കാനും അവയിലെ കാര്യങ്ങളുടെ ഗുണദോഷം ചിന്തിച്ചു് അവയ്ക്കു യഥാർത്ഥവില കല്പിക്കാനും അവരെ പഠിപ്പിക്കണം. ആഴ്ചതോറും ഓരോ ന്യൂസ്പേപ്പർക്ലാസ് ഏർപ്പാടുചെയ്താലും തരക്കേടില്ല. എന്നു മാത്രമല്ല, അങ്ങിനെ ചെയ്യേണ്ടതുമാണ്. ഈ ക്ലാസിൽ കാര്യങ്ങളുടെ ഇരുഭാഗങ്ങളും പൂർത്തിയായി കുട്ടികളെ കാണിച്ചുകൊടുത്തു് അവയിൽനിന്നും തങ്ങൾക്കു പ്രാപ്തിയുള്ളതുപോലെ അനുമാനങ്ങൾ ഉണ്ടാക്കാൻ അവരെ ശീലിപ്പിക്കണം.”

“സർചസ്

മഹാത്മജി പറയുന്നു:--

"വിദ്യാഭ്യാസസ്ഥാപനങ്ങൾ ഗവൎമ്മെണ്ടിന്റെ രക്ഷാധികാരത്തിനു കീഴ്പ്പെട്ടിരിക്കുന്നിടത്തോളം കാലം അതിന്റെ നിലനില്പിനുള്ള ഉപകരണങ്ങളാക്കിത്തീൎക്കാതിരിക്കുന്നതല്ല. അപ്രകാരമെ പാടുള്ളുതാനും. അതിനാൽ ഗവൎമ്മെണ്ടിനു വിപരീതമായി പൊതുകാൎയ്യങ്ങളിൽ പ്രസക്തിയുള്ള അദ്ധ്യേതാക്കളൊ അദ്ധ്യാപകന്മാരൊ ഭവിഷ്യൽഫലങ്ങളെ വിഗണിച്ചു ഡിസ്മിസ്സുകൂടി സഹിക്കുവാൻ സദാ സന്നദ്ധരായിരിക്കണം. വിദ്യാൎത്ഥികൾ പൊതുജനങ്ങളോടു് ഒത്തൊരുമിച്ചു രാഷ്ട്രീയപ്രക്ഷോഭണത്തിൽ പങ്കുകൊണ്ടതു് ഒരു ദേശാഭിമാനിയുടെ ദൃഷ്ടിയിൽ ഏററവും അഭിമാനകരവും വീരോചിതവുമായ ശ്രേഷ്ഠകൃത്യമത്രേ. മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യകാഹളധ്വനി കേട്ടുണൎന്നു് ഉന്മേഷപൂൎവ്വം പ്രവൎത്തിക്കാതിരുന്നെങ്കിൽ അവർ ദേശാഭിമാനരഹിതരായ മാതൃഘാതകർ എന്ന ദുഷ്പേരു നേടുമായിരുന്നു. ഒരു പക്ഷെ, അത്ര മാത്രവുമല്ല; നേരെ മറിച്ചു ഭരണകൎത്താക്കളുടെ ദൃഷ്ടിയിൽ തീൎച്ചയായും ഘോരാപരാധം പ്രവൎത്തിച്ച തങ്ങളുടെ കഠിനമായ നീരസത്തിനു പാത്രമായവരാണു വിദ്യാൎത്ഥികൾ. അവർ ഒരിക്കലും പ്രക്ഷുബ്ധരാകരുതു്. ജനാഭിപ്രായത്തെ അവർ ആദരിക്കുകയും അനുകൂലിക്കുകയും ചെയ്യുന്നുവെങ്കിൽ തങ്ങളുടെ വിദ്യാൎത്ഥിജീവിതം പ്രസ്തുത ജനാഭിപ്രായത്തിനു വിധേയമായിത്തന്നെ വൎത്തിക്കണം. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന് എപ്പോഴെങ്കിലും പ്രതിബന്ധമായിത്തീരുന്ന പക്ഷം ആ നിമിഷത്തിൽ അപ്രകാരമുള്ള വിദ്യാൎത്ഥിജീവിതത്തെ സന്തോഷപൂൎവ്വം ബലികഴിപ്പാൻപോലും അവർ സന്നദ്ധരായിരിക്കണം. 1920-ൽ ഈ തത്വം ഏററവും വ്യക്തമായി ഞാൻ കണ്ടറിഞ്ഞു. പിന്നീടുണ്ടായ അനുഭവവും എന്റെ മുന്നഭിപ്രായത്തെ ദൃഢതരമാക്കിയതേ ഉള്ളു.

* * *

മററു ചില രാജ്യങ്ങളിലെന്നപോലെ ഭരണദുഷ്ടത്വത്തോടു മല്ലിടുന്നതിൽ അവർ നേതൃത്വംതന്നെ കയ്യേല്ക്കണം; അതില്ലെങ്കിൽ ഇങ്ങേ അററം നിഷ്കളങ്കന്മാരും നിശ്ചഞ്ചലന്മാരും ആയ അനുയായികളെങ്കിലും ആയിത്തീരണം. എത്രമാത്രം ധൈൎയ്യപരാക്രമങ്ങളോടു കൂടിയാണൊ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യകാഹളധ്വനിയെ അവർ ആദരിച്ചനുസരിച്ചതു്, അതേവിധത്തിൽതന്നെ അനന്തരഫലങ്ങളോടു് എതിരിടുകയും വേണം. ഒരിക്കൽ ഡിസ്മിസ്സുചെയ്താൽ അതേ സ്കൂളിലും കാളേജിലും തന്നെ വീണ്ടും പ്രവേശിച്ചു് ആത്മാഭിമാനം വിററുതിന്നരുതു്; അവമാനം വലിച്ചുവെക്കരുതു്. അവരുടെ രാജ്യാഭിമാനവും ധൈൎയ്യവും പരീക്ഷണത്തിന്റെ പ്രാരംഭഘട്ടത്തിൽതന്നെ പരാജയത്തിലായാൽ അതു കേവലം മൂഢധൈൎയ്യമായി ഗണിക്കപ്പെടുന്നതായിരിക്കും."

(യങ്ങ് ഇന്ത്യയിൽനിന്നു്)